

# നേരത്തേ പൂത്ത കണിക്കൊന്ന

ചൊവ്വല്ലൂർ കൃഷ്ണൻകുട്ടി

## ഉള്ളടക്കം


അവതാരിക
**നേരിൻ വെയിലും നിനവിൻ നിലാവും** 07
രാധാകൃഷ്ണൻ കാക്കശ്ശേരി

**കവിതകൾ**
സാഷ്ടാംഗപ്രണാമം 15
നളചരിതം ഒരൊറ്റ ദിവസം! 18
സഖിയോട് 20
നിളാതീരത്ത് 22
നിളാതീരത്തേക്കു വീണ്ടും 23
വീണ്ടും മലമ്പുഴയിലേക്ക് 26
ഒരു വിലാപം: സെക്കന്റ് എഡിഷൻ 29
ഒരു പാട്ട് പാട് 31
എന്തേ പേമാരി വന്നില്ലേ? 32
സപ്താഹ സുധ 33
തന്നെ, മഴയെപ്പറ്റിത്തന്നെ 37
അക്ഷരഗീത 39
പാളങ്ങൾ പാവങ്ങൾ 42
കയ്ക്കുന്ന ത്രിമധുരം 44
കവിതയിൽ ഒരു 'അന്യോന്യം' 46
എന്റെ ഗോപി (നിന്റേയും) 47
സത്യം മഹാസത്യം 51
സഖീ, ഓർമ്മയുണ്ടോ? 52
പൂക്കാട്ടിരി 53
മട്ടന്നൂർ കൊട്ടുമ്പോൾ 55
പല്ലാവൂർ അപ്പുമാരാർ 58
തായമ്പകയുടെ താരുണ്യം, ലാവണ്യവും 61
അന്ന് – ഇന്ന് – നാളെ 63

പ്രിയേ! അക്ഷരപ്രിയേ... 65
പ്ലാവിലകളുടെ കലാപം അഥവാ വിലാപം 66
മഴക്കവിതകൾ 67
ഒരു പക്ഷി മുൻപേ പറന്നുപോയി! 69
കണ്ണനോട് 70
മുത്തും പവിഴവും 72
കാണേണം കണി കാണേണം 74
കണ്ണനും ചെമ്പൈയും 76
തായമ്പകയിലെ കേശവീയം 77
സർഗ്ഗസംവാദം 80
തിരുനെല്ലി സന്നിധിയിൽ 82
ചെമ്പൈ വേദിയിൽ ഒരു ഉണ്ണി, സദസ്സിലും 84
കൃഷ്ണാർപ്പണം 86
വൈശാഖ വൈഭവം 89
ഭക്തന്റെ ഭാവന; ഭഗവാന്റെ രചന! 91
ഓമനക്കണ്ണനും ഓണപ്പാട്ടും 93
നെയ്യപ്പം നല്ലപ്പം 95
നിധി ഈ സന്നിധി തന്നെ! 97
അമ്പട ഞാനേ! 99
നാരായണ നാമ മഹത്വം 101
നേരത്തേ പൂത്ത കണിക്കൊന്ന 103

അവതാരിക

# നേരിൻ വെയിലും നിനവിൻ നിലാവും

രാധാകൃഷ്ണൻ കാക്കശ്ശേരി

**ക**വിതയും ഗാനവും വേർതിരിയുന്ന ഒരു വിഭാജക രേഖയുണ്ടോ? ഉണ്ടെങ്കിൽ അത് ദർശനീയമാംവണ്ണം വ്യക്തവും വ്യതിരിക്തവുമാണോ? സംഗീതത്തെയും സാഹിത്യത്തെയും കുറിച്ച് പ്രാചീനർ പറഞ്ഞുപോന്ന ഒരു പ്രമാണമുണ്ടല്ലോ. അതിതാണ്:-

സംഗീതമപി സാഹിത്യം
സരസ്വത്യാഃ സ്തനദ്വയം
ഏകമാപാതമധുരം
അന്യതാലോചനാമൃതം

ആപാതമധുരത്വം സംഗീതത്തിനും ആലോചനാമൃതത്വം സാഹിത്യത്തിനും നൽകിയ ആചാര്യൻ സംഗീതത്തെ അംഗീകരിക്കുന്നത് സോപാധികമായാണ്. ചെവിയിൽ വന്നു വീഴുമ്പോഴേക്കും മാധുര്യം തൂളിക്കുന്നു സംഗീതമെങ്കിൽ സാഹിത്യം മനനത്തിലൂടെ രസനീയമായ ഭാവമേഖലയെ ഉണർത്തുന്നു എന്നാണല്ലോ ഇതിന്റെ കേവലാർത്ഥം. “കർണ്ണംഗത, ശുഷ്യതി കർണ്ണ ഏവ, സംഗീതകം സൈകത വാരീരിത്യാ” എന്നു പറഞ്ഞ വിദ്വാൻ, “മണലിൽ വീണ വെള്ളം പോലെ കേട്ടപാടേ ശോഷിച്ച് അപ്രത്യക്ഷമാകുന്നു സംഗീതം” എന്നു വ്യക്തമാക്കുന്നു. ഇതിൽ നിന്നെല്ലാം ഓർത്തെടുക്കേണ്ടത്, ഒന്നാണെന്നു തോന്നുന്നു: സംഗീതത്തിന് ഭാഷയില്ല. മുരളീഗാനത്തിനും വാദനകലകൾക്കും ഒന്നും ഒരു ഭാഷയുമില്ല. ഭാഷ വന്നുചേരുമ്പോൾ അതിന്നർത്ഥം വരുന്നു. അർത്ഥം ഗാനത്തിന്റെ താളലയത്തോടൊപ്പം ആസ്വദിക്കപ്പെടുന്നു. ഇതിൽനിന്ന് ഭാഷയും അർത്ഥവുമെല്ലാം സാഹിത്യത്തിന്റെ വിഷയമാണെന്നു വന്നുകൂടുന്നു. നിരൂപകവര്യനായ ശ്രീ. കുട്ടികൃഷ്ണമാരാര് പറയുന്നു:

“ഉത്തമമായ കല കേവലരൂപത്തിൽ തന്നെ ആസ്വദിക്കപ്പെടേണ്ടതാണ്. സംഗീതസ്പർശമില്ലാത്ത സാഹിത്യാസ്വാദനമാണ് ഏറ്റവും ഉത്തമമായ സാഹിത്യാസ്വാദനം. അതുപോലെ അർത്ഥാവബോധരഹിതമായ സംഗീതാസ്വാദനമാണ് ഏറ്റവും ഉദാത്തമായ സംഗീതാസ്വാദനവും.” ഇതിൽനിന്നു നമുക്ക് അനുമാനിക്കാവുന്നത് ഇതത്രേ. കലകളുടെ യഥോചിതമായ മേളനം പരസ്പരം പുഷ്ടികരങ്ങളാണെന്നും അത്തരം സംഗമവേളകൾ ആസ്വാദനത്തിൽ അഭിരുചിനിർണയത്തിൽ നിയാമകങ്ങളാണെന്നും ഇന്ന് നാം ഗാനമെന്ന് വ്യവഹരിക്കുന്നവയെല്ലാം ഒരേ സമയത്ത് സംഗീതവും സാഹിത്യവും ഇടകലർന്ന ഒരു സൃഷ്ടി വിശേഷത്തെയാണ്. ഗാനത്തിന്റെ രാഗതാളഭാവങ്ങൾ ഉള്ളിൽ കയറുന്നതോടൊപ്പം സാഹിത്യത്തിന്റെ സന്ദർഭോചിതമായ ഒരു ഭാവതലവും കൂടി ആസ്വാദനത്തിൽ അനുഭവപ്പെടുന്നു. അപ്പോൾ, ഗാനങ്ങൾ ഓരോ സമയത്ത് സംഗീതത്തിന്റെയും സാഹിത്യത്തിന്റെയും ധർമ്മങ്ങൾ നിർവഹിക്കുന്നു.

നമ്മുടെ മുതിർന്ന കവികളിൽ പലരും ഗാനരചയിതാക്കളാണ്. പി. ഭാസ്കരൻ, വയലാർ രാമവർമ്മ, ഒ.എൻ.വി., യൂസഫലി മുതൽപേർ നല്ല കവിതകളെഴുതുകയും നല്ല ഗാനങ്ങൾ രചിക്കുകയും ചെയ്തു. അവരുടെ പ്രതിഭാപ്രകർഷം കവിതയെപ്പോലെത്തന്നെ ഗാനമേഖലയേയും അപൂർവ്വ സുന്ദരമാക്കി. നൈമിഷകമായ ഒരു ഭാവത്തെ, സന്ദർഭത്തെ, ആത്മോന്മാഥിയാംവിധം പൊലിപ്പിച്ചു കാണിക്കുവാനാണ് ഗാനരചയിതാവ് ശ്രമിക്കുന്നത്. ഇത്തരം നൈമിഷികമായ അനുഭൂതികൾക്ക് ആസ്വാദകഹൃദയത്തിൽ പെട്ടെന്ന് ചില ഉദ്വേഗങ്ങൾ ഉണർത്താനല്ലാതെ രസനീയമായ ഒരു ഉത്തുംഗതയിലേക്ക് നമ്മെ ഉണർത്താനാവുന്നില്ല. കാല്പനിക ഭാവനയുടെ വിഹായസ്സിൽ പറന്നുനടക്കുന്ന ചിത്രശലഭങ്ങളെപ്പോലെ ഗാനം, ആകർഷകമാണ്. ആനന്ദസുഖകരവുമാണ്. എന്നാൽ കവി നൽകുന്ന അവാച്യമായ ആനന്ദാനുഭൂതി നൽകാൻ ഗാനങ്ങൾക്കു കഴിയില്ല. പലപ്പോഴും കവിതയുടെ മഷിപ്പാത്രത്തിൽ നിന്നിറ്റുവീണ തുള്ളികളാവും ഈ ഗാനങ്ങളുടെ അക്ഷരങ്ങളായി പരക്കുന്നത്.

ഇത്തരമൊരു ചിന്തയിലേക്ക് നയിച്ചത് ചൊവ്വല്ലൂർ കൃഷ്ണൻകുട്ടിയുടെ കവിതകൾ വായിക്കാൻ ഇടയായപ്പോഴാണ്. കവിയും ഗാനരചയിതാവും എന്ന നിലയിൽ പ്രസിദ്ധമായ അദ്ദേഹത്തിൽ പൊന്തിനിൽക്കുന്നത്, (കേസരി മാപ്പു തരട്ടെ) ഏതാവും? പ്രസിദ്ധി ഗാനത്തിനാണെന്ന് ഒരു കൂട്ടർ. അല്ല,

മറിച്ചാണെന്ന് മറ്റൊരു കൂട്ടർ. ഒന്നേ സമാധാനമുള്ളൂ, അദ്ദേഹം ഒരു കൈകൊണ്ടു കവിതയെഴുതുന്നു, മറ്റേ കൈകൊണ്ടു ഗാനവും. രണ്ടിലും ഒരുപോലെ പ്രാവീണ്യം നേടിയ അദ്ദേഹത്തിന്റെ മഹത്ത്വം തേടേണ്ടത് കവിതയിലോ ഗാനത്തിലോ? രണ്ടിലും എന്നു പറയേണ്ടി വരും. പരസ്പര പൂരകങ്ങളാണിവ.

ചൊവ്വല്ലൂർ ജന്മനാ കവിയാണ്. വാസനാനുഗൃഹീതനായ കവി. തൊട്ടതൊക്കെ പൊന്നാക്കുന്ന പ്രതിഭാപ്രകർഷം. ഇതിനെല്ലാം പുറമെ നർമ്മം അദ്ദേഹത്തിന്റെ സർഗകൗതുകത്തെ സമാകർഷകമാക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് "കവിതയുടെ കാര്യത്തിൽ കഷ്ടിക്കാരനല്ലാത്ത അദ്ദേഹത്തിന്റെ സങ്കല്പത്തിൽ നിന്ന്" തെറിച്ചുവീണ ഭാവബിന്ദുക്കളാണ് ഗാനങ്ങളായി പിറവിയെടുത്തത് എന്നു പറയുന്നത്.

'അയത്നസിദ്ധോത്തമ മാധുരിത്തഴപ്പ്' അവ മദധുരി ആഴപ്പ്" എന്നൊരു വള്ളത്തോൾ പ്രയോഗമുണ്ട്. അനായാസമായി ഒഴുകിവരുന്ന ആ മാധുര്യം ചൊവ്വല്ലൂർ കവിതയുടെ മുഖമുദ്രയത്രേ. അദ്ദേഹം കവിതാ വിഷയത്തിൽ ആരേയും അനുകരിക്കുന്നില്ല; ആരാലും അനുകരിക്കപ്പെടുന്നുമില്ല. തന്റേതായ മധുരോദാരമായ ഗാനാത്മകമായ ഒരു ലയം ചൊവ്വല്ലൂരിന്റെ കവിതകൾ ഉൾക്കൊള്ളുന്നതുകൊണ്ട് അവ ഹൃദയത്തിലേക്ക് ഒഴുകിയെത്തുന്നത് വളരെ അനായാസമായാണ്. സ്വരരാഗകന്യകകൾ ഗായത്രി മൂളുന്ന സരസ്വതീയാമത്തിൽ എഴുതപ്പെടുന്ന ഈ കവിതകൾ നാവിലും വിരൽത്തുമ്പിലും നാരായമുനയിലും ഉണർത്തുന്നത് ഏകമായ ഭാവമാണ്. ആദിബീജാക്ഷരം ഉണർത്തിയ ഈ ദിവ്യഭാവം നാഡീവ്യൂഹങ്ങളിൽ ഉണർവ്വും ഉയിരുമായി വിരാജിക്കുന്നു.

ചൊവ്വല്ലൂരിന്റെ എല്ലാ കവിതകളുടെയും അടിച്ചരടായി വർത്തിക്കുന്നത് സ്വതഃസിദ്ധമായി അദ്ദേഹത്തിൽ കുടികൊള്ളുന്ന നർമ്മഭാവമാണ്. ചില കവിതകളിൽ അത് വളരെ പ്രകടമാണെങ്കിൽ, മറ്റു ചിലതിൽ, പരഭാഗശോഭയിയറ്റി ഒരു കോണിൽ ലയിച്ചിരിക്കുന്നതായി കാണാം. "നളചരിതം ഒരൊറ്റ ദിവസം" എന്ന കവിത, ഈ പ്രകടമായ നർമ്മബോധത്തിനു ഉദാഹരണമാണ്. നളചരിതം കഥയെ ഈ കാലഘട്ടത്തിലെ ഒരു സംഭവമായി ചുരുക്കിയെടുക്കുന്ന ഒരു ന്യൂനോക്തിയാണ് ഇതിലെ ആസ്വാദ്യതയ്ക്ക് നിദാനമായി വർത്തിക്കുന്നത്. അതിശയോക്തി പോലെ തന്നെ ന്യൂനോക്തിയും ഹാസ്യരസദായകിയാണല്ലോ.

പലപ്പോഴും ചൊവ്വല്ലൂരിന്റെ കവിതകളിൽ "ഹാസ്യം പദവിന്യസനത്തിൽ" തുടങ്ങും. പിന്നീടത് കവിതയിലാകെ

പടരുന്ന ഒരു വലിയ ചിരിയായി വളരുന്നു. ആ ചിരിക്കിടയിൽ അവസാനം തെളിയുന്നത് ദുഃഖത്തിന്റെ ആർദ്രതയാവും. "സഖിയോട്" എന്ന കവിതയിൽ ഈ ശബ്ദമാന്ത്രികത്വം എങ്ങനെ ഹാസ്യമൂലകമാവുന്നുവെന്ന് ശ്രദ്ധിക്കുക:

"എങ്കിൽ എന്നെ
നിന്നോടടുപ്പിച്ചത്
പിട്ടോ പിരട്ടോ
അതോ എന്റെ വട്ടോ"

ഇവിടെ ഒരു വി.കെ.എൻ. ശൈലിയുടെ മിന്നലാട്ടം കാണാം. ഇവിടെ അനുകരണം ഉദ്ദിഷ്ടമല്ല. സംഭാഷണവേളകളിൽ പോലും ഇത്തരം വികടപ്പേച്ചുകൾ ധാരാളം ഉതിർക്കുന്ന കവിക്കിത് അനായാസം വന്നുചേരുന്ന ഒരു സർഗവൈഭവ മത്രേ.

ചൊവ്വല്ലൂരിന്റെ കവിതകളിൽ ധാരാളം പ്രത്യക്ഷപ്പെടുന്ന തന്റെ സംഭാഷണങ്ങൾ കേട്ട് നിർവൃതി കൊള്ളുന്ന ഒരു സഖിയുണ്ട് – അത് പലപ്പോഴും കേവലമായ ഒരു വ്യക്തിയല്ല. എല്ലാ പ്രകൃതി പ്രതിഭാസത്തിന്റെയും പിന്നിൽ പ്രവർത്തിക്കുന്ന ഋതുചംക്രമണത്തിന് കാരണഭൂതയായ ശാശ്വത ചൈതന്യം തന്നെ. ആ പ്രതിഭാസത്തെ തരളമായ ഭാവഭംഗിയോടു കൂടി ആവിഷ്കരിക്കുന്ന കവി മനസ്സ് തുറക്കുന്നത് അവളോടാണ്. നിത്യവിസ്മയത്തിനോടെന്ന പോലെ!

ആസുരമായ വിടനഖരമഴുമുനയാൽ എല്ലാം തകർക്കുന്ന നിഷാദ സ്വഭാവത്തിനെതിരായി, കവിയുടെ പ്രകൃതി പ്രേമം ഉണരുന്ന കാഴ്ച "വീണ്ടും മലമ്പുഴയിലേക്ക്" എന്ന കവിത നമുക്ക് അനുഭവപ്പെടുത്തുന്നു. മലമ്പുഴയ്ക്ക് കാലങ്ങളിലൂടെ വന്ന ഭാവഭേദം, ഒരു തോഴിയോട് സംവദിക്കുന്നപോലെ ആവിഷ്കരിക്കുന്ന ഈ കവിത അവസാനിക്കുന്നത് ഇങ്ങനെയാണ്.

"വല്ലപ്പോഴും വരികീവഴിക്കേഴ ഞാൻ
വറ്റി വരളുംവരേക്കുമാത്രം"

ഏകാന്തമായ ഒരു വിരഹവേദനയുടെ അശ്രുപൂർണ്ണമായ മുഖം ഈ കവിതയ്ക്ക് നൽകുന്നത് ഈ തോഴീ സങ്കല്പമാണ്. "നിളാതീരത്തേക്ക് വീണ്ടും" എന്ന കവിതയും പ്രകൃതി ധ്വംസനത്തിന്റെ കഥ തന്നെയാണ് വിസ്തരിക്കുന്നത്. ബലിയിടാൻ നാവാമുകുന്ദ ക്ഷേത്രസന്നിധിയിലെ നിളാതീരത്തു ചെന്നപ്പോൾ ഉണ്ടായ അനുഭവമാണ് കവിതയുടെ വിഷയം. അത് അവസാനിപ്പിക്കുന്നതിങ്ങനെയാണ്:

"പിണ്ഡം വലംകൈയിലേന്തിക്കൊണ്ടേ
നെഞ്ചോടു ചേർത്തു ജപിച്ചുകൊണ്ടേ
പഞ്ചാക്ഷരം, പിന്നെ ഞാൻ പറയും
സങ്കല്പമന്ത്രങ്ങളേറ്റുചൊൽക
മൂന്നു പൂവും നീരും വൈദികന്റെ
മുന്നിൽ ഞാനെല്ലാമനുസരിക്കേ,
മുത്തശ്ശിയമ്മേ! പൊറുക്കുകെന്നെൻ
ഹൃത്തടം തേങ്ങിത്തുടിച്ചു നിൽക്കെ,
ദർഭതൻ പീഠത്തിലുൾച്ചൂടോടെ
ഇറ്റിറ്റുവീണതെന്താണ് തോഴി?
എന്റെ കൈക്കുമ്പിളിൽ നീ പകർന്ന
തണ്ണീരോ, നിൻചുടുകണ്ണുനീരോ?"

വറ്റിവരളുന്ന ഭാരതപ്പുഴയുടെ ദൈന്യം മറ്റൊരു കവിതയിലും അദ്ദേഹം സൂചിപ്പിക്കുന്നു. "കിണ്ടത്തംപറ്റി, പോരുമ്പോൾ ഒരു കിണ്ടി വെള്ളം കരുതാമായിരുന്നു. അസാരം മണലും." ഒരു മഹാകാവ്യമാക്കി മാറ്റാൻ പോന്ന ആശയപുഷ്ടി ഈ രണ്ടു വരികൾക്കുണ്ടെന്ന കാര്യം ശ്രദ്ധേയമത്രേ.

സ്വതവേ ആസ്തികനായ ചൊവ്വല്ലൂരിന് കൃഷ്ണൻ തന്റെ അന്തരാത്മാവിലെ സർഗപ്രകിയയുടെ അധിഷ്ഠാന സങ്കല്പ മാണ്. അതുകൊണ്ട് ഏതു വിഷയത്തെക്കുറിച്ചു പറയു മ്പോഴും ഈ പീതാംബരധാരിയുടെ നീലനിലാവല പരക്കാത്ത വാഗർത്ഥങ്ങൾ കവിതയിലുണ്ടാവുക വിഷമമാണ്. മിക്കവാറും എല്ലാ കവിതയിലും കൽത്തുറുങ്കും കൂരിരുളും ഓടക്കുഴലും നറുവെണ്ണയും മംഗലനീലിമയും അറിയാതെ നിഴൽ വീഴ്ത്തി നിൽക്കുന്നതായി കാണാം. അദ്ദേഹത്തിന്റെ ഭാഷയ്ക്കുള്ളിലെ മറ്റൊരു ഭാഷയായി ഈ കൃഷ്ണസങ്കല്പം രൂപപ്പെട്ടു കഴി ഞ്ഞിരിക്കുന്നു.

തിരിച്ചുവരാനാവാത്തവിധം മുൻപേ പറന്നുപോയ പക്ഷികളെ ക്കുറിച്ചുള്ള ഗൃഹാതുരസ്മരണ അദ്ദേഹത്തിന്റെ കവിതയുടെ മറ്റൊരു ഭാവതലമാണ്. ഈ ഓർമ്മയുടെ മൂകവിഷാദം വിഷു ച്ചൂടിലും ഓണച്ചിന്തയിലുമെല്ലാം പ്രകടമാണ്.

മധുരവും സരളവും മൃദുലവുമായ ഈ കവിതകളാകെ ഒറ്റ ക്കൊറ്റയ്ക്ക് പരാമർശം അർഹിക്കുന്നവയാണ്. പക്ഷേ, അതൊരു പരിമിതമായ ആസ്വാദനക്കുറിപ്പിൽ ഉൾക്കൊള്ളി ക്കുക വിഷമം എന്നിരുന്നാലും വിശേഷ പരാമർശമർഹിക്കുന്ന രണ്ടു കവിതകളെക്കൂടി തൊട്ടുഴിഞ്ഞുകൊണ്ട് ഈ പ്രകരണം അവസാനിപ്പിക്കാമെന്നു തോന്നുന്നു. "പൂക്കാട്ടിരി" "എന്റെ

ഗോപി (നിന്റേയും)" എന്നീ കവിതകളാണവ. തായമ്പക എന്ന വാദ്യകലയിൽ തന്റേതായ സവിശേഷ ശൈലി കൊട്ടിക്കയറ്റി ആസ്വാദക ഹൃദയം കവർന്ന പൂക്കാട്ടിരി ദിവാകര പൊതുവാളുടെ കൈയിന്റേയും കോലിന്റേയും മൂപ്പും മുഴക്കവും ദൃശ്യ ചാരുതയോടെ അവതരിപ്പിക്കുന്ന ആ കവിത കവിയുടെ വാദനകലയിലുള്ള നിരീക്ഷണ സാമർത്ഥ്യത്തേയും അത് വാക്കുകളിൽ പകരാനുള്ള കഴിവിനേയും പ്രകടമാക്കുന്നു. ചെണ്ടയും തോളിലിട്ട് കൊട്ടിത്തിമിർക്കുന്ന പൂക്കാട്ടിരി നമ്മുടെ മുന്നിൽ വന്നുനിൽക്കുന്ന പ്രതീതി. കവിതയിലെ വാക്കും തായമ്പകയുടെ കോലും ഒന്നിച്ചുചേർന്നു മുഴക്കുന്ന ഒരു ശബ്ദം. ദൃശ്യപ്രപഞ്ചമുണ്ട്. അത് മേൽപ്പുത്തൂരിന്റെ ഭാഷയിൽ പറഞ്ഞാൽ അനോപമം തന്നെ.

"എന്റെ ഗോപി (നിന്റേയും)" എന്ന കവിത കലാമണ്ഡലം ഗോപിയുടെ അഭിനയചാതുരിയുടെ മുന്നിൽ കളിവിളക്ക് തെളിയിക്കുന്നു. ഗോപിയുടെ മനോധർമ്മവും അംഗചലനഭംഗിയും പുരാണപരിജ്ഞാനവുമെല്ലാം കഥകളിയിലെ ഏതു വേഷത്തേയും അനശ്വരമാക്കുന്ന അനുഭവം, എത്ര മനോഹരമായാണ് ഈ കവിത ആവിഷ്കരിക്കുന്നത്! ഓരോ തവണ കാണുമ്പോഴും ഇതാണ് നല്ല വേഷമെന്ന് ഓർക്കുന്നതുപോലെ, ചൊവ്വല്ലൂരിന്റെ ഓരോ കവിതയും ഇതാണ് നല്ലതെന്ന തോന്നൽ നമുക്കുണ്ടാക്കുംവിധം ശ്രേഷ്ഠമത്രേ.

ഇവിടെ ചൊവ്വല്ലൂർ കവിതകളെക്കുറിച്ച് ഒരു ദിങ്മാത്രദർശനമേ നടത്തിയിട്ടുള്ളൂ. കവിതയുടെ തന്നെ ഭാഗമായ ഗാനങ്ങളെക്കുറിച്ചു ഇവിടെ പരാമർശിക്കുന്നില്ല. ഒട്ടൊരു നർമ്മബോധത്തോടെ ജീവിതത്തെ നോക്കിക്കാണുകയും അതിന്റെ നിമ്നോന്നതങ്ങളിൽ കാലിടറാതെ ഉണർന്നിരിക്കുന്നവനും ജീവിതദുഃഖങ്ങളെ ആഴത്തിൽ അന്വേഷിച്ചറിഞ്ഞവനും കരുണാമയനുമായ ഒരു സംയതാത്മാവിന്റെ ഉൾത്തുടിപ്പുകളാണ് ഈ കവിതകളിൽ സ്പന്ദിക്കുന്നത്. ശരന്നിലാവുപോലെ തെളിമയാർന്ന് ഒഴുകുമ്പോഴും മീനവെയിലിന്റെ ചൂടുകൾ വറ്റിക്കുന്ന നീരുറവകളെക്കുറിച്ച് വേവലാതി കൊള്ളുന്ന ഈ കവി, എല്ലാം ഒരു ചെറുചിരിയിൽ ഒതുക്കിവെയ്ക്കാൻ ഇഷ്ടപ്പെടുന്നു. അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഒതുക്കിവെച്ച ചെറുചിരിയാണ് കവിതയായി പടരുന്നതും വികസിക്കുന്നതും. ഇവിടെ ഒരു സുഖത്തിന്റെ തണലു പരക്കലും ഒരു ദുഃഖത്തിന്റെ വെയിലാറലുമുണ്ട്. എല്ലാറ്റിനും മീതെ തണൽ വിരിച്ചു നിൽക്കുന്ന ആസ്തിക്യബോധം ഈ കവിതകളുടെ ജൈവഭാവമത്രേ. ■

മഹാകവി
അക്കിത്തത്തിന്

# സാഷ്ടാംഗപ്രണാമം

**അ**ക്കിത്തത്തിൻ പ്രിയപ്പെട്ട
ശിഷ്യൻ ഞാ, നെന്നൊരോർമ്മയിൽ
തുടിച്ചാർക്കുന്നിതെൻ മനം

പീലി നീർത്തുകയായ് പ്പിന്നെ,
പിന്നിട്ട പല നാളുകൾ
തിടുക്കം കൂട്ടിയിങ്ങനെ

അപ്രതീക്ഷിത, മെന്നാലും
ആദ്യമായ്ക്കണ്ടൊരാദ്ദിനം
മറക്കാ ഞാ, നൊരിക്കലും!

ഗുരുവായൂരിലാണെന്നാ–
ണോർമ്മ: നേരിട്ടു കണ്ടതും
സാഷ്ടാംഗം ഞാൻ നമിച്ചതും.

"ചൊവ്വല്ലൂരല്ലെ? വാസ്വേവൻ*
കത്തിക്കാറുണ്ടു താങ്കൾ തൻ–
നേരമ്പോക്കിന്റെ പൂത്തിരി..."

ആശ്ചര്യം, പിന്നെയാഹ്ലാദം:
ഞാനപ്പോളമ്പരന്നുവോ?
എന്നെത്തന്നെ മറന്നുവോ?

---

* വാസ്വേവൻ = അക്കിത്തത്തിന്റെ അനുജൻ വാസുദേവൻ നമ്പൂതിരി 'എ.വി.എൻ.' എന്ന ചുരുക്കപ്പേരിൽ മാതൃഭൂമി ആഴ്ചപ്പതിപ്പിലും മറ്റും ധാരാളം എഴുതിയിരുന്നു. അകാലത്തായിരുന്നു അന്ത്യം. തൃശൂരിലെ കേരളവർമ കോളേജിൽ പഠിക്കുന്ന കാലത്ത് ഞങ്ങൾ ഇരുവരും ഒരേ ലോഡ്ജിലായിരുന്നു താമസം. അക്ഷരാർത്ഥത്തിൽ ഒരു പ്രിയപ്പെട്ട അനുജനെപ്പോലെയാണ് എന്നെ അദ്ദേഹം കരുതിയിരുന്നത്.

ആരെന്നെത്തഴുകീടുന്ന–
താരന്നെപ്പുണരുന്നതും:
തെന്നലോ, എന്റെ തോന്നലോ?

എത്രയോ കാലമായ് ത്തമ്മി–
ലറിയാമെന്ന മാതിരി
നീട്ടുന്നു ചിരി തൻ തിരി

മുറുക്കിത്തുപ്പി നീങ്ങുന്നൂ
അക്കിത്തവും വെടിവട്ടവും,
പിന്നിൽ ഞാനെന്ന ശിഷ്യനും

'കുളിച്ചു തൊഴണം, വേഗം
നടക്കാ, മിനി വൈകിയാൽ
തിരക്കും തിക്കുമേറിടും...'

തീർത്ഥക്കുളത്തിൽ മുങ്ങുന്ന
നേരത്തും തോർത്തിടുമ്പൊഴും
തേവാരം തുടരുമ്പൊഴും

അമ്പലത്തിൽ വലം വെച്ചും
ജപിച്ചും സാന്ദ്രഭക്തിയിൽ
ലയിച്ചും നിന്നിടുമ്പൊഴും

മറ്റൊന്നും തന്നെ കേൾക്കാതെ
ഓർക്കാ, തേകാഗ്രചിത്തനായ്
കൈകൾ കൂപ്പിത്തൊഴുമ്പോഴും

അറിയാ, തറിയാതൂർന്നു
വീഴുന്നൂ മിഴിനീർക്കണം:
ഉള്ളു പൊള്ളുന്ന മാതിരി!

(ഇന്നും മറ്റുള്ളവർക്കായി
ട്ടാണല്ലോ കരയുന്നതും
ആ ചിത്തം പിടയുന്നതും!)

* * *

ഓർക്കുന്നേ, നെന്റെ കുഞ്ഞിക്കൈ–
വിരലാദ്യം പിടിച്ചതും
'ഹരിശ്രീ' എഴുതിച്ചതും

എന്റെ തോന്ന്യാക്ഷരങ്ങൾക്കായ്
വർണ്ണച്ചിറകു തന്നതും
ആകാശങ്ങൾ തുറന്നതും

വേറിട്ട വഴിയേ വേണം
പറക്കാനെന്നു ചൊന്നതും
നേർവഴിക്കു നയിച്ചതും

അക്കിത്തം മാത്രമാണെന്ന
സത്യമോർക്കുന്ന മാത്രയിൽ
ഇന്നും തുള്ളുന്നിതെൻ മനം

എപ്പോഴും പറയും: സ്നേഹം
കൊടുക്കുംതോറുമേറിടും
ഇല്ല മറ്റൊന്നുമിങ്ങനെ!

എത്ര കോരിയെടുത്താലും
തീരാത്തോരുറവല്ലയോ-
ഇന്നുമീയാർദ്ര മാനസം?

അകക്കണ്ണു മിഴിപ്പി,ച്ചെ-
ന്നാത്മാവിന്റെ വെളിച്ചമായ്
ഭവാൻ നിൽക്കുന്നിതച്യുതം

സ്നേഹവാൽസല്യ വായ്പിൻ
സമ്പൂർണ്ണ പുണ്യാവതാരമേ,
സാഷ്ടാംഗം പ്രണമിപ്പൂ ഞാൻ... ■

## നളചരിതം ഒരൊറ്റ ദിവസം!

ഉണ്ണായിവാരിയരുണ്ടായതെത്രയും
നന്നായെന്നാമ്മായി ചൊല്ലീടുന്നു
അല്ലെങ്കിലാരറിയുന്നു നളനെയും
ഫുല്ലശ്രീയാം ദമയന്തിയേയും?
ആട്ടക്കഥയ്ക്കന്നകത്തൂട്ടു കാരണോർ*
മാറ്റുകൂട്ടി മുഗ്ദ്ധ കാവ്യമാക്കി
ഒറ്റകൃതിയാലീ വിസ്മയം കാട്ടിയ
സിദ്ധിവേറില്ലല്ലോ പാരിലോർത്താൽ
പാടാനും കൊട്ടാനും മാത്രമല്ലാ നന്നാ-
യാടാനും നല്ലൂ നളചരിതം

ഉണ്ണായിവാരിയരിങ്ങനെ ചെയ്തതും
നന്നായെന്നമ്മായി ചൊല്ലീടുന്നൂ
ധീരനും ശൂരനുമായ നളനേതോ-
പേരുള്ള വാരിയരാണുപോലും
മറ്റൊരു വാരിയം തന്നിൽ ദമയന്തി
ആറ്റുനോറ്റുണ്ടായ കന്യയത്രെ
പുഷ്കരനമ്പലവാസിയാണെങ്കിലും
മുഷ്കരൻ തന്നെ രണ്ടില്ലപക്ഷം
നൽപ്രിയമാനസൻ ഹംസം വിരുതെഴും
നമ്പീശനായിരുന്നെന്നു കേൾപ്പൂ

കണ്ണിണയ്ക്കാനന്ദമേകും ദമയന്തി
കന്യകയായി വളരും കാലം
നടനവും, നമ്പീശനാശാന്റെ കളരിയിൽ
സംഗീതവും പഠിക്കുന്ന കാലം

---

* അനശ്വരനായ ഉണ്ണായി വാര്യർ ഇരിങ്ങാലക്കുട അകത്തൂട്ടുവാരിയത്തെ കാരണവരായിരുന്നുവല്ലോ.

കന്യാകുമാരി തൊട്ടുള്ള വാരിയങ്ങളിൽ
വർണ്ണിക്കാൻ മറ്റൊന്നുമില്ലെന്നായി
ചോരതുടിക്കുന്ന വാരിയന്മാർക്കേതു
നേരത്തും കന്യതൻ ചിന്തമാത്രം...

അക്കാലം ശാന്തിക്കായ് വന്ന നമ്പൂരിമാർ–
ക്കൊക്കെ ദമയന്തി 'കമ്പമായി
(പൂണൂലിനന്ന് ബലം കൂടും വാര്യേത്തെ
തൂണുപോലും മാനിച്ചോച്ഛാനിക്കും)
അമ്മാവൻ ഇക്കണ്ടൻ സമ്മതം മൂളിയാൽ
സമ്മന്തം വേഗം നടക്കുമെന്നായ്

ആയതു കേൾക്കേണ്ട താമസം നളനെന്ന
വാരിയർ ചിന്താവിവശനായി
ഇല്ലകഴക പ്രവൃത്തിക്കൊരുത്സാഹം
വല്ലപ്പോഴും കുളി ഊണെന്നായി*
പാവത്തിനാധി മുഴുത്തു, മനോരാജ്യം
വാഴുന്ന രാജാവായ് തീർന്നുപോലും
സത്യത്തിൽ ഹംസമായ് നമ്പീശനാണത്രെ
രക്ഷിച്ചതെന്നു പറഞ്ഞുകേൾപ്പൂ
പില്ക്കാലത്തുണ്ണായിവാരിയരാണു
പോലിക്കഥയാട്ടക്കഥയായ് മാറ്റി!
അതുകൊണ്ടാണുണ്ണായിയുണ്ടായതെത്രയും
ഉചിതമെന്നമ്മായി ചൊല്ലീടുന്നു. ■

# സഖിയോട്

## ഒന്ന്

സഖീ,
നിന്റെ മനോവാക്കർമ്മങ്ങളിൽ
സാമാന്യം നല്ല നൊസ്സിന്റെ
പുളിരസമുണ്ടായിരുന്നു,
അതാണ് നിന്നെ
എന്നോടടുപ്പിച്ചത്!

എങ്കിൽ
എന്നെ നിന്നോടടുപ്പിച്ചതോ?
പിട്ടോ, പിരട്ടോ,
അതോ എന്റെ വട്ടോ?

## രണ്ട്

സഖീ,
മൂക്കുതലയിൽ നിന്നു വന്ന എന്നെ
മൂക്കുകൊണ്ടാണല്ലോ
നീ ആദ്യം മുകർന്നത്!

ഞാൻ ചെയ്തതും അതുതന്നെ
എരുമപ്പെട്ടിയിൽ നിന്നു വന്ന
നിന്നെ ഞാൻ കണ്ണുകൊണ്ട്
ആവോളം കറന്നു

## മൂന്ന്

സഖീ,
ഒറ്റയ്ക്കിരിക്കുമ്പോൾ ഞാൻ
ഒരാൾക്കൂട്ടത്തിലാകുന്നു
ചുറ്റും ജനം വന്നു നിറഞ്ഞാറെ
ഞാൻ ഒറ്റയാനാവുന്നു!

## നാല്

സഖീ,
നീ പറയുന്നതൊന്നും
ഒരിക്കലും എനിക്കു
തീരെ മനസ്സിലാവുന്നേയില്ല.
അതുകൊണ്ടു തന്നെ
എനിക്കു നിന്നെ
വലിയ ഇഷ്ടമാണ്.
ഇന്നത്തെ പുതുകവിതപോലെ

## അഞ്ച്

സഖീ,
സൂക്ഷിച്ചോളൂണ്ടു:

പോത്താണ്, തനി
നാടൻ പോത്ത്
പറഞ്ഞിട്ടെന്താ?

ഫിലോസഫിയിൽ ട്രിപ്പിൾ എം.എ,
അൾട്രാ മോഡേൺ ലിറ്ററി
ക്രിട്ടിസിസത്തിൽ
ഒന്നൊന്നും ഓണേഴ്സ്
തീർന്നില്ല
അൺടോൾഡ് സ്റ്റോറീസ്
ഓഫ് എ ലാസ്റ്റ് ഗ്രേഡ്
ജാതിക്ക എന്ന വിവാദ ഗ്രന്ഥത്തിന്റെ
ഏക കർത്താവ്
(കർമ്മമില്ല, ക്രിയയില്ല!)
പറഞ്ഞിട്ടെന്താക്കാനാണപ്പാ
ഒരിടത്തും ഒരു ജോലിയും
തരായില്ല തരപ്പെട്ടില്ല
കാരണം?
ജാതി തന്നെ!
അതായത്
ജാതീയമായ
സ്വജാതീയവും വിജാതീയവുമായ
ആഗോളവത്ക്കരണത്തിന്റേയും
കമ്പോടുകമ്പ് പൂത്തുലഞ്ഞ
കമ്പോളവൽക്കരണത്തിന്റേയും
ആത്യന്തിക ദുരന്തമത്രെ
ഈ പോത്ത്, നാടൻ പോത്ത്! ■

# നിളാതീരത്ത്

നല്ല നേരത്ത്, നിളയുടെ തീരത്ത്
മുലക്കച്ച അഴിച്ചുവെച്ച്
നീന്തി നീരാടാനായിക്കൊണ്ട്, നിത്യ
കന്യകയായ കന്നിനിലാവ്
തിടുക്കനെ പുഴയിലേക്കിറങ്ങി
മുട്ടോളം നീണ്ട മുടി വിടർത്തി
കുളിർക്കനെ ഒന്നു മുങ്ങിനിവർന്നു.

അതേ നേരത്ത്, അതേ തീരത്ത്
നീന്തി നീരാടി തോർത്തിക്കയറിയ
ഒറ്റക്കണ്ണൻ നക്ഷത്രം
മറ്റേ ഒളികണ്ണിട്ടു നോക്കി
പറയുക തന്നെ ചെയ്തു:
"കൂടെ ആരുമില്ല, അല്ലേ?
നല്ല താളിയും ആളിമാരും ഇല്ല അല്ലേ?
നന്നായി നേരമ്പോക്കിന്
അതിവിശേഷമാണ് ഈ യാമം..."

"തരാവില്യാന്നർത്ഥം"– നിറമാറ് തുളുമ്പു മാറ്
മേദിനീ വെണ്ണിലാവ് കയർത്തു:
"പുഴയിൽ ഒരിറ്റ് വെള്ളമില്ല,
ഒരു തരി മണലില്ല;
അതിന്റെടേലാ ഒരു നേരമ്പോക്ക്?"
ഏകലോചനൻ താനേ തണുത്തുറഞ്ഞു; പിന്നെ
ആത്മഗതമായി പറഞ്ഞു:
പറ്റി കിണ്ടത്തം പറ്റി. പോരുമ്പോൾ ഒരു കിണ്ടി
വെള്ളം കരുതാമായിരുന്നു; അസാരം മണലും." ■

# നിളാതീരത്തേക്കു വീണ്ടും

**ക**രയായ കരയാകെ വിഴുങ്ങിക്കൊണ്ടേ
മരമായ മരമാകെ പിഴുതുകൊണ്ടേ
മുടിയഴിച്ചാടിയുറഞ്ഞുകൊണ്ടേ
തുറുനാക്കു നീട്ടിയലറിക്കൊണ്ടേ
നിറമാറു തുള്ളിതുളുമ്പിക്കൊണ്ടേ
നീവിയഴിഞ്ഞുമുലഞ്ഞുകൊണ്ടേ
മദജലം പൊട്ടിയ ചൂരുംകൊണ്ടേ
മലരും പെരുംചുഴിത്തുയിരംകൊണ്ടേ
നിളയല്ലി തീരാത്ത ദാഹമോടെ
അഴിമുഖം നോക്കി കുതികുതിപ്പൂ?
പതിവുപോലാ നീലമിഴികളാലെ
പരിചയം ഭാവിക്കുന്നില്ലെന്നാലും
അരികത്തേക്കോടിവരുന്നീ,ലെന്ന-
ല്ലൊരു വാക്കുമുരിയാടുന്നീലെന്നാലും
നിമിഷാർദ്ധംകൊണ്ടേ തിരിച്ചറിഞ്ഞേൻ: ഇവൾ
നിളതന്നെ, സംശയമില്ല തെല്ലും.
അകമിഴിയാലേ ഞാനറിയുമല്ലോ
നിരുപമേ, നീയെത്ര മാറിയാലും!

## രണ്ട്

ആഴിപ്പരപ്പായി,ട്ടമ്പരപ്പായ്
നീളും നിള മുന്നിൽ തിരയടിക്കെ,
ആരെയോ വാരിപ്പുണരാനുള്ളോ-
രാവേശം കണ്ടു തരിച്ചുനിൽക്കെ
ഊറ്റംകൊള്ളും രൗദ്രഭാവരൂപ-
മാറ്റത്തിൽ സ്ഥലകാലം വിസ്മരിക്കെ
കൈകളിൽ വാരിയെടുത്തുകൊണ്ടും
മതിവരുവോളം നുകർന്നുകൊണ്ടും

മാറോടു കുളിർമാറമർത്തിക്കൊണ്ടും
അന്നേരം ചൊല്ലണമെന്നു തോന്നി:
നന്നായ്, നിനക്കിതു നല്ലകാലം.
ആവോളമീ നിറവാസ്വദിക്ക
നാളെയെപ്പറ്റി നീയോർത്തിടായ്ക.
ഉണ്ടെൻ മിഴികളിലിന്നും തോഴീ
പണ്ടൊരുനാൾ നിന്നെ കണ്ട രംഗം,
*നാവാമുകുന്ദന്റെ സന്നിധിയിൽ
നാമിരുപേരും കരഞ്ഞ രംഗം

ആരോ തെളിച്ച വഴിയിലൂടെ,
തീരെത്തെളിയാക്കാൽപ്പാടിലൂടെ
നേരം പുലർന്നിട്ടുമങ്ങുമിങ്ങും
പാറിനടക്കുമിരുട്ടിലൂടെ
ശ്രുതിയറ്റൊരീണവു,മീരടിയും
മുറിവേറ്റു തേങ്ങും നടയിലൂടെ
നേരിയോരാരവംപോലും കേൾക്കും
ആലോചനകളിൽ മൂകനായി
നാട്ടുവിശേഷം മുറുക്കിത്തുപ്പും
കൂട്ടത്തി,ലെങ്കിലും, ഏകനായി
മുത്തശ്ശിയമ്മയെരിഞ്ഞമർന്ന
തീക്കനൽ പേറും മനസ്സുമായി
ഉദകക്രിയയ്ക്കായി വന്നു ഞാനും
(ഉദയത്തിൻ മുൻപേ തുടങ്ങിടേണ്ടേ?)

## മൂന്ന്

ദർഭതൻ പീഠം പവിത്രക്കെട്ടും
അക്ഷതം, പൂവുമൊരുക്കിവച്ചു
**'മുങ്ങിവരികെ'ന്ന വൈദികന്റെ
വ്യംഗ്യത്തിന്നാന്തരമോർത്തിടാതെ
മുന്നോട്ടു നീങ്ങി ഞാൻ സ്തബ്ധനായി
നിന്നുപോയ്; നീയോർക്കുന്നീലേ തോഴീ?
കത്തിയെരിയും മണൽപ്പരപ്പി'ൽ

* തിരുനാവായ – ഭാരതപ്പുഴയുടെ തീരത്ത് പിതൃകർമ്മങ്ങൾ ചെയ്യുക പതിവാണ്.

** മുങ്ങിത്തോർത്താതെ നടത്തേണ്ട ചടങ്ങാണ്. മുങ്ങാനെന്നല്ല, മുഖം കഴുകാൻപോലും വെള്ളമില്ലാതെ മെലിഞ്ഞ നിലയിലായിരുന്നു നിള.

വറ്റിയ കണ്ണുനീർച്ചാലുപോലെ
ചോരയും നീരുമില്ലാക്കഴുത്തിൽ
നിറമറ്റ താലിച്ചരടുപോലെ
ഏകാന്തതയിൽ മുഖമമർത്തും
ഏതോ വിഷാദത്തിൻ നിഴലുപോലെ
നിളയെന്ന പേരുമായ്, ദീനയായി
നീയൊഴുകാതേയൊഴുകിടുന്നൂ
നീയന്നു നിളയേയല്ലായിരുന്നൂ
നിളയുടെ ഗദ്ഗദമായിരുന്നൂ

## നാല്

“പിണ്ഡം വലംകൈയിലേന്തിക്കൊൾക,
നെഞ്ചോടു ചേർത്തു ജപിച്ചുകൊൾക,
പഞ്ചാക്ഷരം, പിന്നെ ഞാൻ പറയും
സങ്കല്പമന്ത്രങ്ങളേറ്റുചൊൽക,
മൂന്നു പൂവും നീരും...” – വൈദികന്റെ
മുന്നിൽ ഞാനെല്ലാമനുസരിക്കേ,
‘മുത്തശ്ശിയമ്മേ! പൊറക്കുകെ’ന്നെൻ
ഹൃത്തടം തേങ്ങിത്തുടിച്ചുനിൽക്കെ
ദർഭതൻ പീഠത്തിലുൾച്ചൂടോടെ
ഇറ്റിറ്റു വീണതെന്താണു തോഴി?
എൻകൈക്കുടന്നയിൽ നീ പകർന്ന
തണ്ണീരോ, നിൻ ചുടുകണ്ണുനീരോ? ■

## വീണ്ടും മലമ്പുഴയിലേക്ക്

രണ്ടു പതിറ്റാണ്ടു പിന്നിട്ടു ഞാനിതാ
വീണ്ടുമെത്തുന്നു മലമ്പുഴയിൽ
കാണേണ്ട താമസം: എന്റെ കല്ലോലിനി
നാണം കുണുങ്ങി, നീയോടിയെത്തി

കണ്ടിട്ടു നാളെത്രയായി? ചിറ്റോളങ്ങൾ
തിണ്ടാടും നീൾക്കണ്ണിൽ ദാഹമേന്തി
'സുന്ദരി തന്നെയോ ഞാൻ ഇന്നും' എന്നൊരു
മന്ദഹാസത്തിൻ നുരയലോടെ
പൂണാൻ കൊതിച്ചു കുതിക്കവെ കൈവള-
യൂരിത്തെറിപ്പതറിഞ്ഞിടാതെ
സൂര്യദാഹത്തിൻ നഖക്ഷതച്ചന്തങ്ങൾ
ചോരുന്ന പൂങ്കവിൾക്കൂമ്പുമായി
കാറ്റൊന്നു കൈവയ്ക്കേക്കുത്തഴിഞ്ഞൂർന്നിടും
കാട്ടിലപ്പച്ചപ്പുതപ്പുമായി
ഏറെത്തുടിക്കും നിറമാറിലിപ്പൊഴും
പേരറിയാത്ത കിതപ്പുദിക്കെ
ഓടിവന്നെന്നെപ്പുണർന്ന മലമ്പുഴേ
ആടിമാസപ്പൂനിലാവുതാൻ നീ!

പിന്നീടു നമ്മളിരുവരും കൈകോർത്തു-
തെന്നി നടന്നൂ വനാന്തരത്തിൽ
ആരാരും കാണാതിരിക്കുവാനായൊരു
പാറയിടുക്കിലൊളിച്ചിരുന്നൂ
കെട്ടിപ്പിടിച്ചുമ്മവെച്ചൂ; പല പല
വർത്തമാനങ്ങൾ പറഞ്ഞുതീർത്തു.

"കാമിനീ, തേടിയതിന്നോളം നിന്നെ ഞാൻ
നാമിനി വേർപിരിയില്ലയെന്നും

കാണാതിരിക്കുവാൻ വയ്യെന്നും നീയെന്റെ
പ്രാണനിൽ പ്രാണനാണെന്നുമൊക്കെ
എത്രയോവട്ടം പറഞ്ഞതാ,ണെന്നിട്ടും..."
പെട്ടെന്നാക്കൺകളിൽ നീർതുളുമ്പി
സാരമില്ലെന്നു ഞാനോതീല: ഗദ്ഗദ
ഭാരത്താൽ ഞാനും തളർന്നിരുന്നു

എന്തൊരു മാറ്റമെന്നോമലാൾക്കാ, മുഗ്ധ-
സൗന്ദര്യമത്രയും ചോർന്നുപോയി
നന്നേ വിളർത്ത കഴുത്തിൽ ചെറുതാലി
മിന്നാമിനുങ്ങായ്ക്കിടന്നിടുന്നു
ചെത്തവും ചൂരമില്ലാത്തോരിരുട്ടിലും
പൊട്ടിച്ചിരിച്ചോരാക്കാലം പോയി
കീർത്തനംപോലെ മുഴങ്ങിയോരാസ്വരം
നേർത്ത നിലവിളിപോലെയായി

ഈണത്തിൽപ്പൂവിളിയെങ്ങും മുഴങ്ങുന്നോ-
രോണപ്പുലരി ചുവക്കലില്ല.
മുത്തണിക്കൈകളാൽ നിന്നെപ്പുണരുവാൻ
നൽത്തുലാവർഷങ്ങളെത്തലില്ല
ഏഴഴകോലും മണിത്താലി ചാർത്തിക്കും
വാർമഴവില്ലു കുലയലില്ല
വാൽക്കണ്ണെഴുതിക്കുറിതൊട്ടണിയിക്കും
വൈശാഖസന്ധ്യ വിരിയലില്ല
ആതിരത്താരം ധനുസ്സിൽത്തൊടുത്തിടു-
മാനന്ദമുഗ്ധ വികാരമില്ല

ആളിമാരോടൊത്തു കേളികളാടുവാൻ
ആതിരപ്പൂനിലാവെങ്ങുപോയി?
'നൂറ്റെട്ടുവെറ്റില' തിന്നാൻ വരും പ്രേമ-
നൂൽപ്പുകാർ താരകളെങ്ങുപോയി?
മണിയറപ്പുകിലുകൾ കാതിൽപ്പൊഴിക്കുന്ന
മകരമാസക്കുളിരെങ്ങുപോയി?
പാടത്തു വിത്തും കൈക്കോട്ടുമിറക്കവെ
പാടും വിഷുപ്പക്ഷിയെങ്ങു പോയി
താലികെട്ടാനൊരാളെത്തുമെന്നോതും നിൻ
നാരായണക്കിളിയെങ്ങുപോയി?
കുട്ടിക്കാലം തൊട്ടേ നൃത്തം പഠിപ്പിച്ച
നട്ടുവൻ കാറ്റും പോയെങ്ങു തോഴി?

"എന്താണു മിണ്ടാത്തതൊന്നും?" വിളറിയ
പുഞ്ചിരിയെന്നെയുണർത്തിടുന്നു
പിന്നെത്തുടർന്നു നീയോമനേ, "സാരമി-
ല്ലെന്നെക്കുറിച്ചോ വിഷാദമേവം?
എല്ലാം പഠിച്ചു ഞാ,നിന്നിപ്പോൾ കാലത്തിൻ
തല്ലും തലോടലും തുല്യസൗഖ്യം
മറ്റൊന്നും ചൊല്ലുവാനി,ല്ലീ മലമ്പുഴ-
യ്ക്കർത്ഥനയിപ്പൊഴുതിത്രമാത്രം
ഓർത്തുപോകും ഞാനിടയ്ക്കിടെ,യന്നേരം
ഒരുനോക്കു കാണണമെന്നും തോന്നും
വല്ലപ്പൊഴും വരികീവഴി,യ്ക്കേഴ ഞാൻ
വറ്റിവരളും വരേയ്ക്കു മാത്രം..." ■

# ഒരു വിലാപം: സെക്കന്റ് എഡിഷൻ

**ക**റുത്തിരുണ്ടു നീണ്ടു ചുരുണ്ട്
അഴിഞ്ഞുലഞ്ഞ വാർമുടിയിൽ
വാടിക്കരിഞ്ഞ നക്ഷത്രപ്പൂക്കൾ

കൂമ്പാളച്ചേലുള്ള
അടിവയറിന്റെ ഭംഗിയും
കണങ്കാലിന്റെ ചന്തവും
ഒളിപ്പിച്ചു പുറത്തുകാട്ടുന്ന
ഊർന്നൂർന്നിറങ്ങുന്ന
പിഞ്ഞിക്കീറിയ മഞ്ഞപ്പൂഞ്ചേല

ആരോ കടിച്ചു മുറിച്ചു വലിച്ചൂറ്റി–
ക്കുടിച്ച ചുടുചോരച്ചുണ്ടിൽ
വരി മുറിഞ്ഞ ‘സുപ്രഭാത’ത്തിന്റെ
സച്ചിദാനന്ദ ഞെരക്കം.

എന്നിട്ടും ഏഴര വെളുപ്പിന്
ചുടുക്കനെ പെറ്റെണീറ്റ്,
മഞ്ഞളു തേച്ചു കുളിച്ചുവരുന്ന
സുന്ദരിപ്പെണ്ണിനെപ്പോലെ
തുടുതുടുത്ത പുലരി
മുറ്റത്തു വന്നു നിന്നു കരഞ്ഞു
“എന്നെ ആരൊക്കെയോ
ചേർന്നു ഇടകലർന്നും
ക്രൂരമായി ഭോഗിക്കുന്നു...”

അവൾ, പിന്നീട്
നഖമുനകളാഴ്ന്നിറങ്ങിയ
തെളുതെഴുത്ത പോർമുലകളും
ഏഴഴകോടെ രണ്ടായ് പിളർന്ന്
തടിച്ചുകൊഴുത്ത നിതംബവും
ആ വിധം പിളരാനുള്ള മോഹം

പാതിവഴിക്കുപേക്ഷിക്കേണ്ടി വന്ന
ഘനജഘനവും
ഇടതൂർന്നു മുഴുത്ത തുടകളും
ഒന്നൊന്നായി കാട്ടിത്തന്ന്
പിന്നെയും കരഞ്ഞു.

"എന്നെ ആരൊക്കെയോ
ചേർന്നും ഇടകലർന്നും
ക്രൂരമായി ഭോഗിക്കുന്നു..."

പറയൂ: ആരാ? ആരാ?
"തിരീണ്ല്യാ
നേരം വെളുക്കാണ്ട്
പറയാനാവൂല...
അറിയാൻ പറ്റൂലാ..."
ലിംഗപരമായി പറയൂ.
സ്ത്രീലിംഗം, പുല്ലിംഗം?
"രണ്ടാമത്തേതു തന്നെ
അതെ, തന്നെ..."

ആട്ടെ, ഒരു സംശയം
എഴുത്തുകുത്തുള്ളവ-
നാരെങ്കിലുമാണോ?

"തന്നെ, തന്നെ, കുത്തിന്റെ
മൂർച്ച സഹിക്കൂലാ...
പൊറുക്കാനാവൂലാർന്നും..."

നേശേ ബലസ്യേതി
ചരേദ്ധർമ്മം
പറയാർന്നില്ലേ നെണക്ക്?

"പറഞ്ഞൂലൊ... ഒരു തരി
സംസ്കൃതം അറിഞ്ഞൂടാന്ന്.
എങ്കിൽ, അറ്റ കൈയിന്
കൊടുങ്ങല്ലൂർ ഭരണിയുടെ
'അടപ്പ് തുറക്കാർന്നില്യേ നെണക്ക്?

"ആവാർന്നൂ, പക്ഷേ
അന്നേരം ഒറ്റമുല
വലിച്ചുപറിച്ചെടുത്ത്
എറിയുന്ന
തിരക്കിലായിപ്പോയീന്നും..." ■

## ഒരു പാട്ട് പാട്

**കാ**ളകളമൊഴുകുന്ന നിളയിൽ നീരാടി,
പുലരികൾ ഞൊറിവച്ച പൂന്തുകിൽ ചൂടി
തുഞ്ചൻപറമ്പിൽ തൊഴുതുവന്നെത്തുന്ന
പൈങ്കിളിപ്പെണ്ണേ, ആരോമലേ
ഇവിടെ, യിക്കലയുടെ വേദിയിൽ വന്നിരു-
ന്നതിമധുരമൊരു പഴമ്പാട്ട് പാട്!

മലയാണ്മ നെഞ്ചോടു ചേർത്തു വളർത്തുന്ന
മലരണിക്കാടിന്റെ പാട്ടു പാട്,
കാടിന്റെ തണലിൽ മയങ്ങും ഇടയന്റെ
പാഴ്മുളം തണ്ടിലെ പാട്ടു പാട്

ഊഞ്ഞാലിൽ നാണം മറന്നുകൊണ്ടാടുന്ന
പെൺകൊടിമാരുടെ പാട്ടു പാട്
ചേലൊത്ത കല്യാണി കളവാണിമാരുടെ
കൈകൊട്ടിക്കളിയുടെ പാട്ടു പാട്

ആർച്ചയും ചന്തുവും ആരോമലും ചേർന്ന
തച്ചോളിപ്പെരുമതൻ പാട്ടു പാട്
ധീരമായ് നാടിനുവേണ്ടി പൊരുതിയ
വീരപഴശ്ശിതൻ തോറ്റം പാട്

അമ്പലപ്പുഴയിൽ, കളിത്തട്ടിലാടിയ
കുഞ്ചൻ പഠിപ്പിച്ച പാട്ടു പാട്
ആദ്യമായ് രാമപുരത്തുനിന്നും കേട്ട
ആ വഞ്ചിപ്പാട്ടിന്റെ പെരുമ പാട്

വിണ്ണോളം ആട്ടക്കഥയെ ഉയർത്തിയ
ഉണ്ണായി തീർത്ത പദങ്ങൾ പാട്,
പൂന്തേനായ് താമരക്കണ്ണന് നേദിച്ച
പൂന്തേനപ്പാന തിമിർത്തു പാട്

ഇവിടെ, യിക്കലയുടെ വേദിയിൽ വന്നിരു-
ന്നിനിയെങ്കിലും ഒരു പാട്ടു പാട്
മഹിമ വഴിയുന്ന മലയാള ഭാഷതൻ
മധുരം പൊഴിയുന്ന പാട്ടു പാട് ■

## എന്തേ പേമാരി വന്നില്ല?

**കു**ന്നായ കുന്നും മലകളും താണ്ടി
ചിന്നം വിളിക്കും കരിങ്കായൽ നീന്തി
ഞങ്ങൾക്കു നുകരുവാൻ ദാഹനീരേന്തി
എന്തേ വന്നീല പേമാരി? കള്ള–
ക്കർക്കിടകത്തിലെ പേമാരി? നാളത്തെ
ദുർഘടം തീർക്കും പേമാരി?

അരയിൽ കച്ച മുറുക്കിയുടുത്തും
കരതാരിൽ വെള്ളിടിപ്പടവാളെടുത്തും
മുടിയഴിച്ചാടീട്ടും അലറിവിളിച്ചിട്ടും
കാവിലെ കോമരം പോലേയുറഞ്ഞിട്ടും
എന്തേ വന്നീല പേമാരി? ചുര
മാന്തുന്ന വേനലിലിത്തിരി കുളിരെഴും
തണ്ണീരുതിർക്കുന്ന പേമാരി?

ആരോ കടന്നുപിടിച്ചോരക്കന്യയാം
കാടിന്റെ ഗദ്ഗദം കേട്ടില്ലേ?
നെടുമംഗല്യച്ചരടറ്റുപോയി! പാവം
നിളയുടെ നിലവിളി കേട്ടില്ലേ?
എന്നിട്ടും ഒരു കുടം തെളിനീരുമായ് ഇന്നും
എന്തേ വന്നില്ല പേമാരി? ഉൾത്താപ–
മെന്തെന്നറിയാത്ത പേമാരി?

മാനത്തും താഴത്തുമൊരുപോലെ കത്തുന്ന
വേനലിൽ തീക്കനലാളീട്ടും
പാടവും കായലും നീർച്ചോലകൾ പോലും
പാടെ വറ്റിവരണ്ടിട്ടും
ഇളമുളങ്കാട് കരിഞ്ഞിട്ടും കിളികുലം
ഇടനെഞ്ഞു പൊട്ടിക്കരഞ്ഞിട്ടും
ഇതുവഴി,ക്കൊരു തുള്ളി ദാഹനീരേന്തി
ഇനിയും വന്നീലല്ലോ പേമാരി? കള്ള–
ക്കർക്കിടകത്തിലെ പേമാരി? ■

# സപ്താഹ സുധ

ഉണർന്നെത്തുമുഷസ്സിന്റെ
തങ്കത്തേരൊലി കേൾക്കവേ
പ്രണവധ്വനിയിൽ ഭൂമി
കന്യ കോരിത്തരിക്കവേ

ആയിരം തിരി നീട്ടുന്നി–
താദിത്യ കിരണാവലി,
സ്വർണ്ണധ്വജത്തിന്നാടുന്നി–
താരോ തൃച്ചന്ദനപ്പൊടി

നാരായണീയം പെയ്യുന്നൂ
ചുറ്റും പൂമഴ പോലവെ,
കുളിരേകുന്നു കളഭം
ഹരിചന്ദന ഗന്ധവും

വിടരുന്ന സഹസ്രാര–
പത്മമാകുന്നിതമ്പലം
അകക്കണ്ണു തുറപ്പിക്കാൻ
ജ്വലിക്കും സൗരമണ്ഡലം

അന്നേരമറിയുന്നൂ ഞാ–
നറിയാപ്പൊരുളിങ്ങനെ
ഇവിടെത്തന്നെയാണിന്നും
കാലചക്ര പരിക്രമം.

ഇവിടെപ്പാട്ടു പാടുന്നു–
ണ്ടിന്നും നാരദ വീണകൾ
എങ്ങുമെന്നും മുഴങ്ങുന്നൂ
ഗോപികാഗീതകങ്ങളും

കണ്ടേൻ മതിലകത്തേതോ
പൈതലിൻ പാദമുദ്രകൾ
മണൽത്തരികളേ, നിങ്ങ–
ളല്ലയോ ഭാഗ്യശാലികൾ?

മഞ്ചാടിക്കുരു വാരിക്കൊ–
ണ്ടാർക്കും പിഞ്ചുകിടാങ്ങൾ തൻ
ശിരസ്സിൽ കണ്ടു ഞാൻ പീലി–
ക്കതിർ!– കണ്ണന്റെ നർമ്മമോ?

കൂത്തമ്പലത്തിൽ മഞ്ജീര–
ശിഞ്ജിതം കേട്ടു ചെന്നു ഞാൻ
അശരീരിയാം ആഞ്ഞത്തിൻ
മടിത്തട്ടിൽ കളിപ്പു നീ

പിന്നെച്ചെല്ലുന്നു ഞാ,നൂട്ടു–
പുരയിൽ തൊഴുകൈയുമായ്
നമസ്കരിച്ചേൻ സാഷ്ടാംഗം
പുണ്യസപ്താഹ വേദിയിൽ

സാന്ദ്രാനന്ദം പൊഴിക്കുന്നൂ
സൗമ്യഭാവത്തിൽ വായന
നീലപ്പീലി വിടർത്തുന്നൂ
മള്ളിയൂരിന്റെ ഭാവന

ഞാനോർത്തു പണ്ടു തിരുനാ–
മാചാര്യൻ* ചൊന്ന വാക്കുകൾ
"മള്ളിയൂരിന്റെ സപ്താഹം
അപ്രമേയ, മനന്വയം

നിത്യനൂതനഭാവാർത്ഥ–
മോലും സൗഗന്ധികങ്ങളെ
കടന്നുകാണുമക്കാവ്യ–
മർമ്മജ്ഞൻ യത്നമെന്നിയേ..."

സ്ഥലകാലം മറന്നുംകൊ–
ണ്ടിരുന്നേൻ വിസ്മയത്തോടെ
കോരിക്കുടിക്കയായ്പ്പേർത്തും
അവതാര കഥാമൃതം

* അനശ്വര യശസ്വിയായ തിരുനാമാചാര്യർ ആഞ്ഞം മാധവൻ നമ്പൂതിരി

“നീശീഥേ തമ ഉൽഭൂതേ...”–
മള്ളിയൂർ ഭാവദീപ്തിയിൽ
കണ്ണടച്ചാലപിക്കുന്നൂ
കണ്ണനാമുണ്ണിതൻ കഥ

താനേ മിഴി തുറക്കുന്നൂ
കമ്രനാളങ്ങൾ വേദിയിൽ
ഭക്തവൃന്ദം മുഴക്കുന്നൂ
നാമസങ്കീർത്തനാരവം.

അന്നേരമോടിയെത്തുന്നൂ
ഹരിചന്ദനസൗരഭം
ഇളംതെന്നലിൽ നീന്തുന്നൂ
കളനൂപുര വൈഖരി

പിന്നെ വർണ്ണിക്കയായ്: വെണ്ണ
മണക്കും ബാലലീലകൾ
മായാമാനുഷനമ്പാടി–
ക്കുട്ടനാടിയ കേളികൾ.

അമ്മയാ,യച്ഛനായ്, ത്തോഴി–
മാരായ്,ഗോപാലബാലരായ്
കണ്ണന്റെകൂടെ നീങ്ങുന്നൂ
ശ്രോതാക്കൾ പുളകത്തോടെ!

ആ വശ്യവാക്കിൻ സൗവ്വർണ്ണ–
ച്ചിറകേറിപ്പറക്കവേ,
കാണുന്നൂ ഞങ്ങൾ ശ്രീ വൃന്ദാ–
വന, മമ്പാടി, ഗോകുലം

അകലെക്കണ്ണനെക്കാൺകെ
പാൽ ചുരത്തുന്നൂ ഗോക്കളും
കൊതി തീരാത്തൊരുണ്ണിക്കായ്
തേനൊരുക്കുന്നൂ പൂക്കളും

വിരൽത്തുമ്പാൽ കണ്ണനൊന്നു–
തൊട്ടു പാടുന്നു പാഴ്മുള,
ഒരൊറ്റ നോട്ടം, മേലാകെ
പൂചൂടി വൃദ്ധമാമരം

നറുനെയ്യിൻ ഗന്ധമോലും
തെരുവും, തൈർക്കലങ്ങളിൽ
കടകോലിളകും താള-
ലയവും ചുടുപാൽക്കുടം-
ഉടയ്ക്കും വിരുതും ദൂരെ-
ത്തെറിക്കുന്ന ശകാരവും
'ഞാനല്ല, ഞാനല്ലെ'ന്നോതി-
പ്പിടയ്ക്കും കള്ളനോട്ടവും

അടിക്കാനോങ്ങി നിൽക്കുന്നോ-
രമ്മതൻ കാൽക്കൽ വീണുടൻ
കെട്ടിപ്പിടിച്ചു കരയാൻ
വെമ്പും കപടനാട്യവും.

കണ്ടും കേട്ടും നടക്കുന്നൂ
ഞങ്ങളാനന്ദചിത്തരായ്
മതിൽക്കകത്താണിപ്പോഴു-
മെന്ന സത്യം മറന്നവർ

പെട്ടെന്നു ചുറ്റിലും കേൾക്കായ്
നാമഘോഷം, ഉണർന്നു ഞാൻ
പകച്ചു നിൽക്കവെക്കേട്ടേൻ
മധുരോദാരമിങ്ങനെ:

'മള്ളിയൂരിന്റെ സപ്താഹം
ഉള്ളിൽത്തള്ളിത്തുളുമ്പവേ
മറ്റൊന്നും ഓർക്കുവാനാവി-
ല്ലാർക്കു,മെന്നറിയാവു നീ...'
■

## തന്നെ, മഴയെപ്പറ്റിത്തന്നെ

**പെ**യ്യാതിരുന്നാൽ ധിക്കാരി
പെയ്താൽ വഴിപിഴച്ചവൾ.
പാവം കുമാരി പേമാരി–
ക്കില്ല തെല്ലും മനഃസുഖം.

മഴയ്ക്കു മഴയേ തോഴി
മാനത്തും പിന്നെ മണ്ണിലും
മറ്റൊരുത്തിയുമുണ്ടായാൽ
തീരില്ലാ ഇടി, മിന്നലും

മഴയ്ക്കു കുളിയേ വേണ്ട
ഭാഗ്യം ചെയ്തവളാണവൾ:
കുളി തെറ്റീയെന്ന ചീത്ത–
പ്പേരുണ്ടാവില്ലൊരിക്കലും.

ഇടവപ്പാതിയാ,ണെന്നാൽ
ഇടവത്തിൽ വരാത്തവൾ
ചിങ്ങത്തിൽ വന്നുപോകുന്ന
കന്നിക്കൊയ്ത്തെന്ന മാതിരി.

മൂക്കറ്റം മോന്തിയാണെന്നോ
വന്നൂ പേമാരി, തേവരേ
ഇടിയും മിന്നലും കാറ്റും
തീർന്നിട്ടില്ലിന്നിതേവരെ.

ആണെന്നും, അല്ല പെണ്ണെന്നും
മഴയ്ക്കുണ്ടോ വിവേചനം?
ഇവരൊന്നിച്ചു ചേർന്നുണ്ടാ–
വുന്നതോ ഞാറ്റുവേലകൾ?

ആർത്തലയ്ക്കുന്നൂ പേമാരി
മാനം ചോരുന്ന മാതിരി
ഈ വിധം ധൂർത്തു കാട്ടാമോ
മഴതൻ തറവാട്ടുകാർ?

പെയ്തിറങ്ങുന്ന പേമാരി
പെൺകിടാവിന്നിടയ്ക്കിടെ
ഭൂമി തൻ നിറമാറൊന്നു-
പുണരാൻ ദാഹമിപ്പൊഴും.

വാഗർഥം പോലെയാണെന്നോ
ഇടിയും മിന്നലും സഖേ?
ആയിരുന്നൂ മുന്ന, മിപ്പോൾ
എല്ലാം തലതിരിഞ്ഞുപോയ്

മഴ പെയ്തില്ല, യെന്നിട്ടും
നിളാനദി നിറഞ്ഞുവോ?
ഇല്ലില്ല, യിതു നാടിന്റെ
കണ്ണുനീർപ്പുഴയാണെടോ

കുളി തെറ്റിയവൾ, പണ്ടേ
മേഘവർഷിണി രാഗിണി,
അമോഘ! നാനാ ഭാവാർഥ-
ഗർഭിണീ, ശ്യാമമോഹിനി

ഇടവപ്പാതിമെയ്യ,മ്പോ
മാരി കൊട്ടിത്തിമിർക്കവേ
ഇടിമിന്നൽ വെളിച്ചത്തിൽ-
ക്കണ്ടപ്പോൾ ഒരു സംശയം:

ഒരുമ്പെട്ടവളേ, യേതു-
പൊതുവാളുടെ ശിഷ്യ നീ?
[1]തൃത്താല, [2]കവളപ്പാറ,
അല്ല, [3]വിലാദ്രിയോ സഖി? ■

1. തൃത്താല കേശവ പൊതുവാൾ
2. കലാമണ്ഡലം കൃഷ്ണൻകുട്ടി പൊതുവാൾ
3. കലാമണ്ഡലം അപ്പുക്കുട്ടി പൊതുവാൾ

## അക്ഷരഗീത

ശിഷ്യൻ:

**പ**ത്രത്തിലെഴുതാൻ മോഹം
സഹിക്കുന്നീല മൈ ഗുരോ
ആയതിൻ സൂത്രമെന്താണെ—
ന്നരുളീടുക സത്വരം

ഗുരു:

പുത്തൻ ലിപികൾ ചാരിത്ര്യം
കവർന്നതിനു ശേഷവും
ഇന്നും ജീവിച്ചിരിക്കുന്നോ—
രമ്പത്തൊന്നക്ഷരങ്ങളെ.

വള്ളിയും പുള്ളിയും തെറ്റാ-
തുള്ളിലാക്കണമാദ്യമായ്
വാക്കിനും വാചകത്തിന്നും
പിന്നെജ്ജന്മം കൊടുക്കുക.

ശിഷ്യൻ:

അമ്പത്തൊന്നക്ഷരം തീർത്തും
മനഃപാഠം പഠിക്കയോ?
ഒട്ടും പ്രാക്ടിക്കലാവി, ല്ലീ—
നിർദ്ദേശം കഷ്ടമല്ലയോ?

ഗുരു:

കണ്ണിമാങ്ങ മുതൽ കർണ്ണാ—
ട്ടിക് മ്യൂസിക് മണ്ഡലം വരെ
എന്തിനെപ്പറ്റിയും പേന—
യുന്തീടേണ്ടവരല്ലയോ?

ഗീർവാണത്തിൽ പൂശിടായ്കിൽ
വായനക്കാർ പൊറുക്കുമോ?
ആയതിന്നക്ഷരജ്ഞാനം
അല്പാല്പം വേണ്ടതല്ലയോ?

ശിഷ്യൻ:

അക്ഷരങ്ങൾ പഠിക്കില്ലെ-
ന്നല്ലല്ലോ വാദ, മെൻഗുരോ!
അമ്പത്തൊന്നെന്തിനാ,ണെട്ടോ
പത്തോ ധാരാളമല്ലയോ?

അത്രയും തന്നെയില്ലാത്തോ-
രെത്രയുമു, ണ്ടുഗ്ര മൂർത്തികൾ:
തുടക്കക്കാ, രൊടുക്കക്കാർ
'തുടരൻ' വച്ചു കാച്ചുവോർ

ഗുരു:

ജേർണലിസ്റ്റുകളിൽ സൂപ്പർ
സ്റ്റാറായ് വെട്ടിത്തിളങ്ങുവാൻ
അക്ഷരം തന്നെയാവശ്യ
മില്ലെന്നോ, ശിഷ്യാ നിൻ മതം?

ശിഷ്യൻ:

ഗുരോ, തോക്കിന്നകത്തേറി
ഫയർ ചെയ്യായ്ക, കേൾക്കുക
അമ്പത്തൊന്നക്ഷരം ധൂർത്താ;-
ണായതിൽ നാസ്തി സംശയം.

ഇംഗ്ലീഷുകാർ നമ്മളേക്കാൾ
ഇന്നും മേൽജാതിയല്ലയോ?
അവർക്കു കൈയിൽ ഇരുപതും
ആറുമക്ഷരമല്ലയോ?

ഗുരു:

അത്രയും നേര് ശിഷ്യാ നിൻ
വാദത്തിന്നെതിർ വാദമായ്
ചോദിക്കയേ ചെയ്‌വു, നീ നിൻ
മാതൃഭാഷ മറക്കയോ?

ശിഷ്യൻ:

മറക്കാൻ മാത്രമില്ലൊന്നു-
മെന്നാലും ഞാൻ മറന്നിടാ
ഓർക്കയും ചെയ്‌വു: നാം ഇന്നും
കാട്ടിക്കൂട്ടുന്ന വൈകൃതം

നിത്യനൂതനമാം നോവൽ
സിനിമാക്കഥ, കാവ്യവും
മണ്ണിന്റെ മണവും വേരും
നെഞ്ചേറ്റും നാടകങ്ങളും

മോഷ്ടിക്കയല്ലോ ചെയ്‌വൂ നാം
ഇംഗ്ലീഷിൽ നിന്നതേപടി?
ഏറെപ്പേരറിയാറില്ലെ-
ന്നാലും എന്തൊരു ട്രാജഡി!

ആകയാൽ, അക്ഷരം ജാസ്തി-
യുണ്ടായാലും ഗുണം വരാ,
വളർന്നിടേണം നാമെല്ലാം
അക്ഷരങ്ങൾക്കതീതരായ്.

ഗുരു:

ആയുധം പിടി! മൈ ശിഷ്യാ
കീഴടങ്ങുകയാണു ഞാൻ?
ഇദ്ദിനം തൊട്ടു നീയാണെൻ
ഗുരു, ഞാൻ നിന്റെ ശിഷ്യനും.

അക്ഷരം തൊട്ടു തീണ്ടാതെ
ഒന്നും വായിച്ചിടാതെയും
അക്ഷരാർത്ഥത്തിലെന്നാളും
നീ, യരങ്ങു തകർക്കുക! ■

## പാളങ്ങൾ പാവങ്ങൾ

**നീ**ളുവാനെന്തെടോ മൂലം
റെയിൽപ്പാളങ്ങളിങ്ങനെ?
ഒന്നിനോടൊന്നു ചേരുന്നീ–
ലൊരിടത്തെങ്കിലും സഖേ!

തൊട്ടടുത്തു കിടന്നാലും
തൊടില്ലെന്നൊരു വാശിയോ?
പകയോ? മുഗ്ദ്ധദാമ്പത്യ–
കലഹത്തിന്റെ ബാക്കിയോ?

അടുത്തടുത്താണെപ്പോഴും
കിടപ്പും, ഊരുചുറ്റലും
എന്നിട്ടും ഹാ! കണ്ട ഭാവം
നടിക്കുന്നീലൊരിക്കലും

മാട്ടോ, മാരണമോ, ആഭി–
ചാരമോ, കർമദോഷമോ?
കഷ്ടം! എങ്ങനെയുണ്ടായി
തമ്മിൽ ചേരാത്ത ജാതകം?

പണ്ടുപണ്ടേ കാരണോന്മാർ
തന്നേച്ചുംപോയ ശാപമോ?
തുറന്നു പറയൂ സത്യം
തറവാടിന്റെ ദോഷമോ?

പാളങ്ങളേ, യടങ്ങാത്ത
പൂർവവൈരാഗ്യമാകിലും
കരുത്തേറും തറവാട്
കുളംതോണ്ടാതിരിക്കെടോ

ശകാരങ്ങളിതേ മട്ടിൽ—
പ്പിന്നെയും നീണ്ടുപോകവേ
പൊട്ടിത്തെറിച്ചു ചൊല്ലുന്നൂ
റെയിൽപ്പാളങ്ങളിങ്ങനെ

“കരിയായ്, ആവിയായ്, ശക്തി
യേറും വിദ്യുത്തരംഗമായ്
എല്ലാം നല്ലതി, നെന്നിട്ടും
ഞങ്ങൾക്കില്ലൊരു മാറ്റവും

മുഖത്തു തുപ്പാൻ,
മടിക്കില്ല മഹാജനം
എത്ര ദുസ്സഹമാണെന്നോ
മുജ്ജന്മസുകൃതക്ഷയം

ഭാരം, നെഞ്ചത്ത് തീ തുപ്പും
ഭാരം! താങ്ങി മടുത്തു പോയ്
ആരാനുമറിയുന്നുണ്ടോ
ചക്രശ്വാസം വലിക്കിലും?

കാമാർത്തിയോടെ ചക്രങ്ങൾ
ബലാൽസംഗം നടത്തിയാൽ
പത്രങ്ങളിൽ, ചാനലിലും
വാർത്തയാവില്ലൊരിക്കലും

കവികൾ – കണ്ണുനീരിന്റെ
കഥ പാടി നടക്കുവോർ
കാണുന്നീ, ലറിയുന്നീലീ
പീഡനത്തിൻ തുടർക്കഥ!... ■

## കയ്ക്കുന്ന ത്രിമധുരം

### ഒന്ന് : ഉണ്ണായി ചരിതം

**ആ**റ്റു നോറ്റ് ആട്ടക്കഥയ്ക്ക്
ഒരു വാരിയർ ഉണ്ടായി
ഉണ്ടായത് ഉണ്ണായി; സാക്ഷാൽ ഉണ്ണായി
അതുകൊണ്ട് എന്തുണ്ടായി?
കഥകളിക്കാർക്ക് ഉണ്ണാറായി!

ഉണ്ടായത് അകത്തൂട്ട്,
ആകയാൽ പുറത്തും ഊട്ട്
ആരുണ്ടായാലും ഉണ്ണാറായി.
ഉടുക്കാറായി; ഉടുത്തുകെട്ടാറായി
അടുത്തുള്ളവരെയും കെട്ടാമെന്നും
കെട്ടിക്കാമെന്നുമായി

### രണ്ട് : നിളയെത്തേടി...

നീളെ നീളെ വഴിനീളെ അലഞ്ഞു,
നിളയെത്തേടി വലഞ്ഞു
ഒരിടത്തും നിളേടുത്തിയെ കണ്ടില്ല
വിളിച്ചു നിലവിളിച്ചു
നിളേടത്തിയുടെ മിണ്ടാട്ടമില്ല
തീരം താണ്ടി ഏറെ ദൂരം നീന്തി
നിളേടത്തിയുടെ തിരനോട്ടമില്ല.
ഒരിടത്തും തണലില്ല, മണലുമില്ല,
കടവുകൾ പലതും തേടി
കടവുള്ളേ, കടവില്ല, കടത്തുവഞ്ചിയുമില്ല
കടത്തുകാരനെവിടെ?
ചോദിച്ചു, അന്നേരം കേട്ട ഉത്തരം

ഒരു പിടി മണലുണ്ടായിരുന്നത്
മറിച്ചു വിൽക്കാൻ പോയതാ
എന്നെങ്കിലും തിരിച്ചുവരുമോ?
വന്നാൽ, എന്തെങ്കിലും തരുമോ?

പറയാൻ ഒക്കത്തില്ല
ഒരു തുള്ളി തണ്ണീര് ബാക്കിയൊണ്ട്
അതും ഊറ്റി വിൽക്കാൻ
വരുവാരിക്കും...

## മൂന്ന് : രുഗ്മാംഗദ ചരിതം; നളചരിതം

അവസാനം, ഉത്സവക്കളി
നിശ്ചയിച്ചൂന്ന് പറയാമോ?
ഒവ്വ്, കഥ രുഗ്മാംഗദ ചരിതം
ആര് ഏതൊക്കെ വേഷങ്ങള്?
ഒക്കെ ഒന്നാം കിടക്കാര്
ഗുരു വേശപ്പൻ നായർ അംഗദൻ
ശിഷ്യൻ ഗോയ്ന്ദൂട്ടി രുഗ്മ!
പിന്നെ നളചരിതം.
നളചരിതം ഏറിയാൽ എത്ര ദിവസം
സ്വതവേ നാലേ നടപ്പുള്ളൂ.
നാലു ദിവസം, അല്ലേ?
അതേയ്.
അതെന്തേ നാലു ദിവസമായത്?
അഞ്ചാം ദിവസമാണല്ലോ
ഉണ്ണായി വാരിയർ മരിച്ചത്?
അതേയോ?
അത തേയ്... ■

# കവിതയിൽ ഒരു 'അന്യോന്യം'

**കീ**ഴ്ക്കടെ ഉണ്ടായിക്കേട്ടിട്ടില്ലാത്തവിധം
ഈയിടെ ഉണ്ടായി ഒരു അന്യോന്യം
ഞാനും ഞാനും തമ്മിൽ
മൂന്നാമതില്ലാരുമേ
(ഭാഗ്യം, കടവല്ലൂരിലല്ല!)
ചോദിക്കാനും പറയാനും മുഖാമുഖത്തിൽ
വേറെ ആണുങ്ങളാരുമില്ലാതിരുന്നതിനാൽ
എന്നോട് ഞാൻ തന്നെ ഏവംവിധം
ചോദിപ്പതും ചെയ്തു;
"വിശ്വ വിശ്രുത വിരാട് പുരുഷ–
സഹസ്രകിരണ സാഹിത്യകാരനായ താങ്കൾ
എന്തുകൊണ്ടാണിങ്ങനെ നിരന്തരം,
നിർല്ലജ്ജം, മലയാളത്തിൽത്തന്നെ, പോരാ
ഈയടുത്തകാലത്ത് ശ്രേഷ്ഠയായ
ഭാഷയിൽത്തന്നെ എഴുതിക്കൂട്ടുന്നത്?"
പറയണമല്ലോ; ഞാൻ പറഞ്ഞു:
"മലയാളം മരിക്കാറായി എന്നും
അതിന് ശ്ശി താമസമുണ്ടാവില്ല എന്നും
ആയതറിഞ്ഞ് അന്യഭാഷകളിലെ
ഘനജഘന നിത്യനിതംബിനിമാർ
കോരിത്തരിക്കാറായി എന്നും
അഭിനവ വിശാഖഭട്ടൻ
കാരാശ്ശേരി മാഷ് പറഞ്ഞതു കേട്ടവാറെ
ഇനി, എഴുതുകയല്ലാതെ വേറെ
വഴി ഏറെയില്ലെന്നു വന്നുവല്ലോ,
അതുകൊണ്ടും കൊടുത്തും എഴുതുന്നു;
യഥാസ്തു: തഥാസ്തു:" ■

## എന്റെ ഗോപി (നിന്റേയും)

ഓരോ അരങ്ങത്തും ഓർക്കും ഞാ,നെൻ പ്രിയ-
ഗോപിക്കു പകരമീ ഗോപി മാത്രം
ആ നോട്ടം, ആ ഭാവം, ആ മന്ദഹാസവും
ആരും മയങ്ങുന്ന മെയ്യഴകും
ഔചിത്യം പൂത്തുലഞ്ഞാടും മനോധർമം
അഭിജാതമായ പുരാണജ്ഞാനം
എന്നുമീയദ്ഭുതം! ഗോപി അരങ്ങത്തു
വന്നാലെൻ മാനസം മന്ത്രിക്കുന്നു:
ആരെന്തുതന്നെ പറഞ്ഞാലും മെൻപ്രിയ
ഗോപിക്കു പകരമീ ഗോപി മാത്രം!

### രണ്ട്

നേരിട്ടു കണ്ടിട്ടേയില്ല നളനെ ഞാ-
നാരെപ്പോലെന്നും അറിഞ്ഞുകൂടാ
സംശയമി,ല്ലെന്നാൽ ഓർമിയിലാക്കള-
ഹംസം വരച്ചോരു ചിത്രം[1] മാത്രം!
കന്ദർപ്പനും കാൽക്കൽ വീണു നമിക്കുന്ന-
ശൃംഗാരമയമായ നോട്ടമോടെ
മൊട്ടിടും തൂമന്ദഹാസത്തോടേ, ചിത്തം
തൊട്ടുണർത്തും പ്രേമഭാവത്തോടെ
'കുവലയ വിലോചനേ...'[2] യെന്ന പദത്തിന്റെ
പുതുമയായ് ഗോപി രംഗത്തു വന്നാൽ
അഴകേറും ശിവരാമനാവട്ടെ,യാ 'മാർഗി'
വിജയനാവട്ടേ മയങ്ങിപ്പോകും

1. നളചരിതം – നളനെപ്പറ്റി ഹംസത്തിന്റെ വർണന
2. നളചരിതം രണ്ടാം ദിവസം – നളന്റെ ശൃംഗാരപദം

ഉണ്ണായിപോലും പറയും: 'മുൻപിത്രയും
നന്നായ് നളനെ ഞാൻ കണ്ടിട്ടില്ല!
വിശ്വസിച്ചാലും: ഇവനാണ് നൈഷധൻ
സാക്ഷാൽ നളന്നിത്ര ഭംഗിയില്ല!'

## മൂന്ന്

ഓരോ അരങ്ങും പുതുമയാൽ പുഷ്കലം
ഓരോന്നായോർത്തു പോകുന്നു ഞാനും

ഒരുനോക്കു കാണാൻ കൊതിച്ചെത്തും തോഴനെ
അരിക,ത്തലിവോടെ കണ്ടനേരം
മാറോടു ചർത്തു പുണർന്നുകൊണ്ടാ മിഴി-
നീരു തുടയ്ക്കുന്ന രംഗംപോലെ[3]

താപവും കോപവും സഹിയാതെ ബ്രാഹ്മണൻ
ശാപവചനങ്ങൾ ചെയ്തുനിൽക്കേ
ഒന്നും പറയുവാനാവാതെ, യാപ്പാർഥൻ
നിന്നു വിയർക്കുന്ന രംഗംപോലെ[4]

കത്തിനിൽക്കും ബലഭദ്രനായ് കൃഷ്ണനെ
നിർത്തിപ്പൊരിക്കുമാരംഗംപോലെ[5]
അതികേമൻ ഭീമൻ! എന്നിട്ടും ഹനുമാനോ-
ടടിയറവു പറയുമാ രംഗംപോലെ[6]
ഓരോ മനസ്സും തുടിക്കുംവിധം സല-
ജ്ജോഹം നിറഞ്ഞാടും രംഗംപോലെ[7]
ഓരോ തവണയും കാൺകെ, നാം കയ്യടി-
ച്ചാർക്കും: ഇതാണേറെ നല്ല വേഷം!

ആരോമലുണ്ണി മടിയിൽ, നിറമിഴി-
നീരോടെ തേങ്ങും പ്രിയതമയും
കത്തുന്ന കണ്ണുമായ് നിൽക്കുന്നു ഹാ! ഭദ്ര-
കാളിയായ് മാറിയ മോഹിനിയും

3. കുചേലവൃത്തം
4. സന്താനഗോപാലം
5. സുഭദ്രാഹരണം
6. കല്യാണസൗഗന്ധികം
7. കാലകേയവധം

'കിം കരണീയ'മെന്നോർത്തു, മഹാരാജൻ
സങ്കടത്തീ തിന്നും രംഗംപോലെ[8]
മറ്റൊരാളില്ല പകർന്നാടുവാ,നെന്ന
സത്യം നാം നുണയുന്നു പേർത്തും പേർത്തും
ഓരോ തവണയും വിസ്മയത്തോടെ നാം
ഓർക്കും: ഇതാണേറെ നല്ല വേഷം.

## നാല്

അച്ഛനാ, രമ്മയാ, രേതും അറിവീല!
നിഷ്ഫലം ജന്മമെന്നോർത്തുകൊണ്ടും
പേരും പെരുമയും എന്തിന്? സ്നേഹിക്കാൻ
ആരുമി,ല്ലെന്നുള്ളിൽ തേങ്ങിക്കൊണ്ടും
ഇന്നും ഒരാളില്ല തന്നെ മനസ്സിലാ-
ക്കുന്നോ,രിച്ചിന്തയിൽ നീറിക്കൊണ്ടും
ആ നദീതീരത്തു പുലരി തൻ വെട്ടത്തിൽ
തേവാരത്തിന്നായ് ഒരുങ്ങും നേരം
അകലെയൊരു താരാട്ടുപാട്ടിന്റെ മൃദുലമാം
അലയൊലി കാതിൽ മുഴങ്ങുംനേരം
ആരാണ് മുന്നിൽ? തൻ മാതാവോ? ഹാ, കർണൻ
ആകെത്തളരുമാ രംഗംപോലെ[9]
ഇത്രയും നന്നായ് പകർന്നാടാൻ മറ്റൊരാ-
ളില്ലെന്നു ചൊല്ലാത്തോരുണ്ടോ പാരിൽ?
ഓരോ തവണയും വിസ്മയത്തോടെ നാം
ഓർക്കും: ഇതാണേറെ നല്ല വേഷം

## അഞ്ച്

ആരും 'ബലേബലേ',[10] യെന്നാർക്കും,
അത്രയ്ക്കുണ്ടാ രൗദ്ര ഭീമന്റെ തന്മയത്വം,
[11]തമ്പിയരങ്ങത്തു കണ്ടാ,ലുടനെ
വന്നൻപോടെ പട്ടും വളയും നൽകും!

---

8. രുഗ്മാംഗദചരിതം
9. കർണശപഥം
10. യശഃശരീരനായ കഥകളി ആസ്വാദകനും ഗോപിയാശാന്റെ ഉറ്റ സുഹൃത്തുമായിരുന്ന 'ബലേവാരിയരെ' ഓർക്കുക.
11. ഇരയിമ്മൻതമ്പിയുടെ കീചകവധം.

കീചകൻപോലും സ്വകാര്യമായ് പറയും;
'ഞാനീവിധമൊന്നും നിരീച്ചതല്ല,
ഒറ്റയ്ക്കു കൺമുന്നി,ലാ മാദകത്തിട-
മെത്തിയപ്പോൾ ഞാൻ സ്വയം മറന്നു
അരുതെന്നും വയ്യെന്നുമവൾ പറഞ്ഞിട്ടു,മെൻ-
വരുതിയിൽ വരുമെന്നു ഞാൻ കൊതിച്ചു
ജാതകദോഷം! ഞാൻ ഓർത്തതേയി,ല്ലിന്നു-
ഗോപി തൻ ഭീമനാണെന്ന സത്യം...
പാവം ഞാൻ ഞെട്ടിപ്പിടഞ്ഞു, അരങ്ങത്തു
ചാവാനാവാം യോഗമെന്നും തോന്നി...'

## ആറ്

നേരാണെൻ തോഴരേ, കളിയരങ്ങത്തെന്റെ
ഗോപിക്കു പകരമീ ഗോപി മാത്രം
പറയുമെൻ ചങ്ങാതി: 'ഗുരുവായൂരപ്പന്റെ
കരുണയാലാണു ഞാൻ ഗോപിയായി
കണ്ണനെപ്പോഴുമെൻ കൂടെയു,ണ്ടല്ലായ്കിൽ
എൻ കലോപാസന 'ഗോപി' തന്നെ.' ■

## സത്യം മഹാസത്യം

ഗുരുവായൂർ ഭക്തന്മാർ തമ്മിൽ കാണുമ്പോൾ
പറയാറു, ണ്ടെന്നു മീ സത്യം

"കണ്ണനാമുണ്ണിയെ തിരുനടയിൽച്ചെന്നു
കണ്ടു പോരാനല്ല വിഷമം
ഒരു നേരം കണ്ടാൽ, തൊഴുതാൽ, ഉടൻ തന്നെ
തിരികെപ്പോരാനാണ് വിഷമം
അത്ര വേഗം നമുക്കാർക്കും മറക്കുവാ-
നാവി, ല്ലതാണേറെ വിഷമം

പോയ് വരട്ടേ -യെന്നു ചോദിച്ചാൽ ആ ലോല-
നീലമിഴികൾ തുളുമ്പും
വന്നതല്ലേയുള്ളു? ഇപ്പൊഴേ പോകണോ?-
എന്നു ചോദിച്ചു വിതുമ്പും
എന്തേ വിശേഷങ്ങളൊന്നും പറയാഞ്ഞ-
തെന്നൊരു പരിഭവം കേൾക്കാം...

നേരിട്ടു കാണുമ്പോൾ പറയാൻ, മനസ്സിൽ നാം
കരുതിയതെല്ലാം മറക്കും
മെല്ലേ വിരിയുമാ മന്ദഹാസത്തിൽ
മറ്റെല്ലാം മറന്നു നാം നിൽക്കും
അങ്ങനെ നിൽക്കുമ്പോൾ, അതിശയം നമ്മുടെ
അരികത്ത് കളഭം മണക്കും

ഒന്നുമേയില്ലല്ലൊ കാണിക്കയർപ്പിക്കാ-
നെന്നു നാം തേങ്ങിക്കരഞ്ഞാൽ
ഒന്നും തരാതിരിക്കാനുമാവില്ലെനി-
ക്കെന്നു നാം മെല്ലെപ്പറഞ്ഞാൽ
കണ്ണൻ ചോദിക്കും: "നിന്നെയെനിക്കു നീ
തന്നില്ലയോ? അതു പോരേ?"

ഗുരുവായൂർ ഭക്തന്മാർ തമ്മിൽ കാണുമ്പോൾ
പറയും, ഇതല്ലയോ സത്യം? ■

## സഖീ, ഓർമ്മയുണ്ടോ?

അറിയാതെ നീയെന്റെ അരികിൽ വന്നൂ, ഒന്നും
പറയാതെ എന്തോ പറഞ്ഞു നിന്നൂ,
കളിചിരി മാറാത്ത പെൺകൊടീ, നീയൊരു
കുളിരിളം തെന്നലായ് തഴുകി നിന്നൂ,
അതുകണ്ട് നാണിച്ച പൂനിലാവന്നേരം
കിളിവാതിൽപ്പഴുതിലൂടൊഴുകിവന്നൂ
ഓർമ്മയുണ്ടോ സഖീ, ഓർമ്മയുണ്ടോ?

അരുതെന്നു പറഞ്ഞിട്ടും കവിളിലെ നുണക്കുഴി
തെരുതെരെ ഞാനൊന്നു നുകർന്ന നേരം
നിറമാറിൽ മൊട്ടിട്ട താരുണ്യ മുകുളങ്ങൾ – എൻ –
വിരിമാറിൽ പാടേ അമർന്ന നേരം
അറിയില്ലെനിക്കൊന്നും... എന്നു ചിരിച്ചു നീ
അടിമയാക്കി, എന്നെ അടിമയാക്കി:
ഓർമ്മയുണ്ടോ സഖീ, ഓർമ്മയുണ്ടോ?

ആ രാത്രി വിണ്ണിലും മണ്ണിലും ഒരുപോലെ
ആരും ഉറങ്ങീട്ടുണ്ടാവില്ലെന്നും
പൗർണ്ണമി ഞൊറിവച്ചുടുത്തോരപ്പൂഞ്ചേല
ഊർന്നൂർന്നു പോയതറിഞ്ഞില്ലെന്നും
ആരോ വിവശയാ, യെന്റെ കാതിൽ ചൊല്ലീ
ആരോമലാളേ നീ തന്നെയല്ലേ
ഓർമ്മയുണ്ടോ സഖീ, ഓർമ്മയുണ്ടോ? ■

## പൂക്കാട്ടിരി

ആരാണു കൊട്ടുന്ന,താരും പറയേണ്ട.
ദൂരത്തുനിന്നേ മനസ്സിലാവും
നേർകോലു വീണാൽ തിരിച്ചറിയാം ആ
നീടുറ്റ വാദന ശൈലി.
കൈയിനാണോ കനം, കോലിനാണോ കനം
വയ്യേ പറയുവാൻ വയ്യ

സംശയം വേണ്ടെന്റെ തോഴാ അരങ്ങത്ത്
സാക്ഷാൽ പൂക്കാട്ടിരി തന്നെ!

വെറ്റിലത്തരിപോലെ ഓരോരോ എണ്ണവും
നൊട്ടിനുണയുന്ന ശീലം
പൂക്കാട്ടിരി തന്റെ ചെണ്ടയിൽ തെരുതെരെ
കൊട്ടി നിറയ്ക്കേണ്ടതില്ല
കൊട്ടിനു മൂപ്പും മുഴക്കവും കൈവരാൻ
ഒട്ടു വിയർക്കയും വേണ്ട
തോർത്തെടു,ത്താശാൻ മുഖം തുടച്ചാൽ മതി
ആർത്തു വിളിക്കയായ് ചെണ്ട
ഓരോ കാലത്തിനും കൊട്ടുന്നോ,രെണ്ണങ്ങൾ
നേരത്തേ ചെണ്ടയ്ക്കറിയാം
കോരിത്തരിക്കും നാം– അത്രമേൽ ഹൃദ്യമ–
ക്കോലിന്റെ ശക്തിസൗന്ദര്യം

പതിരില്ലൊരിടത്തും പൂക്കാട്ടിരിയുടെ
പതികാലം നിരുപമം തന്നെ
കാലം കടുകിട ചോരാതെ കാട്ടുന്ന
വികൃതികൾക്കന്തവുമില്ല
കവിതപോലൊഴുകും പതിഞ്ഞ ചെമ്പക്കൂറും
ഇടതടവില്ലാത്തടന്തക്കൂറും
കൂട്ടത്തിൽ, പൊട്ടിവിടരുംപോലെ,യിടം
കൈയിന്റെ ധിണ്ണാം ധികണ്ണാം
എത്ര കേട്ടാലും മതിയെന്നു തോന്നുകി–
ല്ലത്രമേൽ ഹൃദ്യമാണെല്ലാം!

മാരാത്തുനിന്നിറങ്ങുമ്പോൾ, സ്വകാര്യമായ്
ആരായും ചെണ്ട: ഇന്നെന്താ വേഷം?
പച്ചയാണോ, വെള്ളത്താടിയാണോ, അതോ
ഉച്ചത്തിൽ അലറുന്ന കത്തിയാണോ?

മിണ്ടില്ലൊരക്ഷരം ആശാൻ–അതെല്ലാം നിൻ–
'മണ്ടേലെ വരപോലെ'യെന്ന ഭാവം!
അത്രമേൽ താത്പര്യമുള്ളവർ ചോദിച്ചാൽ
പെട്ടെന്നൊരുത്തരം കേൾക്കാം:

'കൊട്ടിത്തുടങ്ങിയാൽ എന്നുള്ളിലും ചിലത്
പൊട്ടിത്തെറിക്കുകയായി, പിന്നെ ഞാൻ
എന്നെ മറക്കുകയായി...'

സത്യം പറയു, കെന്നാശാനേ, ഇപ്പോഴും
കൊട്ടാൻ ഹരമുള്ള കൂറേതാണ്?
പല്ലാവൂർക്കാരുടെ പഞ്ചാരിക്കൂറാണോ?
തിരുവേഗപ്പുറയുടെ ചമ്പക്കൂറോ?

ഉടനേ വരുന്നു മറുപടി: ആരുടെ
കൂറെന്നതല്ലെടോ മുഖ്യകാര്യം;
പകിരി കണക്ക പൊരിയുന്ന കൂറിന്റെ
ലഹരിയിൽ ശ്രോതാക്കൾ മുങ്ങിടേണം!
അമ്മാമൻ ചൊല്ലാറു, ണ്ടോരോരോ കൂറിനും
അമ്മിഞ്ഞപ്പാലിന്റെ സ്വാദുവേണം!

കൊട്ടിന്നിടയിൽ ഇടംവലം രൂക്ഷമായ്
നോക്കിക്കൊണ്ടുണ്ടൊരു സിംഹനാദം;
കാലം മുറുകിയാൽ കേൾക്കാം ഇടയ്ക്കിടെ
ചേലൊത്തോരുഗ്രമാം അട്ടഹാസം!
'കൂട്ടിപ്പിടിക്കെടോ, താളം തളർത്തല്ലേ...'
കൂട്ടുകാർക്കുള്ളൊരു താക്കീതത്രെ!

തൃപ്രങ്ങോട്ടാവട്ടെ, കോട്ടയ്ക്കലാവട്ടെ,
സാക്ഷാൽ ഗുരുവായൂർ തന്നെയാട്ടെ,
പെരുവന,ത്തൂരക,ത്തെന്നു വേണ്ടാ, പൂരം
പൂക്കുന്ന ഊത്രാളിക്കാവിലാട്ടെ,
'പൂക്കാട്ടിരിയുടെ കൊട്ടൊന്നു വേറെ'–യെ–
ന്നാർത്തു വിളിക്കാത്തോരില്ല പാരിൽ! ■

---

മൂപ്പും മുഴക്കവും തികഞ്ഞ, വേറിട്ട വഴിയിലൂടെ മാത്രം സഞ്ചരിച്ച താരുണ്യവും ലാവണ്യവും നിറഞ്ഞ പുതിയ പുതിയ നടകളും ജതികളും മനോധർമങ്ങളും പൂത്തുലഞ്ഞിരുന്ന തായമ്പകത്തനിമയുടെ ഉടമയായിരുന്നു അക്കാലത്ത് അര ങ്ങൊഴിഞ്ഞ പൂക്കാട്ടിരി ദിവാകരപ്പൊതുവാൾ. മരിച്ചാലും മരിക്കാത്ത ആ താളമേളപ്പെരുക്കത്തിന്റെ മുൻപിൽ ഇതൊരു മിഴിനീരക്ഷര പുഷ്പാഞ്ജലി.

## മട്ടന്നൂർ കൊട്ടുമ്പോൾ

മട്ടന്നൂർ കൊട്ടിത്തിമർക്കേ,യരങ്ങത്തു
മറ്റൊന്നും കേൾക്കുന്നേയില്ല നമ്മൾ,
മറ്റൊന്നും കാണുന്നുമില്ല!

പനിനീർ മഴയായും ആതിരക്കുളിരായും
പതികാലം പെയ്തിറങ്ങുന്നൂ, അപ്പോൾ
പരിസരം നാം മറക്കുന്നൂ

എഴുതിയെടുക്കാനും പാകത്തിൽപ്പുതുമയോ-
ടെണ്ണങ്ങൾ വാർന്നു വീഴുന്നൂ; പിന്നെ-
യൊന്നായ്പ്പടർന്നു കേറുന്നു

ആരെയും ഒറ്റനോട്ടത്തിൽ മയക്കുന്നൂ
അതിരറ്റ പ്രതിഭാവിലാസം സദാ
അഴകാർന്നൊരാ മന്ദഹാസം

കൊട്ടിനു മാത്രമ,ല്ലാരും പറയും:
ആ നില്പിനുമുണ്ടൊരു ചന്തം അതേ
നില തന്നെ തുടരുമാദ്യന്തം

കാണാനും കേൾക്കാനും വന്നവരോ,ടിനി
നാമൊന്നാണെന്നൊരു ഭാവം, പ്രണയ
തുല്യമാം തന്മയീഭാവം

കമ്പക്കാർക്കിമ്പം വളർത്തുന്നു മേൽക്കുമേൽ
അമ്പമ്പോ ചെമ്പടവട്ടം, എന്നും
എതിരറ്റതാം താളവട്ടം

കൂറു തുടങ്ങിയാൽപ്പിന്നെ തെരുതെരെ
ലയമാർന്ന വായന തന്നെ തനിമ
കിനിയുന്ന ഭാവന തന്നെ

ഇടയിൽക്കടന്നുവന്നേക്കാം [1]തൃത്താല-
ക്കേശവീയത്തിൻ പ്രയോഗം പുതിയ ചില
നടകൾ തൻ അഷ്ടാംഗയോഗം!

ഏറെപ്പതിഞ്ഞോരടന്തക്കൂറിൽ നട-
ഭേദങ്ങൾ ലാസ്യമാടുമ്പോൾ കൂടെ
സ്വരജതി ചിറകടിക്കുമ്പോൾ

എല്ലാരുമൊരുപോലെ ഓർക്കും നിറവാർന്ന
[2]പല്ലാവൂർ ശൈലിതൻ സിദ്ധി; മനോ-
ധർമങ്ങൾ തൻ നാദശുദ്ധി

അദ്ഭുതം കൂറുന്നു നാമപ്പോൾ കേൾക്കുന്ന-
തത്രയും തിമിലയിൽ നിന്നോ? അതോ
തകിൽവാദനത്തിൽ നിന്നോ?

ഇടവട്ടം പൊട്ടിവിരിയുമ്പോൾ, താളത്തിൻ
ഇടപ്പാതിക്കാലം പോലെ; കൊട്ടാൻ
വകയുള്ള [3]തിരനോട്ടം പോലെ

ഇടതൂർന്നു പൊഴിയുന്നൂ വായ്ത്താരികൾ, ഇതാ-
ണിടവട്ടത്തിൻ രണ്ടാം കാലം മനം
കുളിരും തുലാവർഷ ജാലം

ഒരു മാത്രപോലും വിടവില്ലാതുതിരുന്ന
ഇടനിലയെന്നുമനവദ്യം, കേട്ടാൽ-
മതിവരില്ലത്രമേൽ ഹൃദ്യം

മലരു പൊരിയുന്നപോലെയല്ലോ പിന്നെ
ഇരികിട: എന്തൊരു മുഴക്കം, കൈയും
കോലും ചേരും കൂറൊതുക്കം

ഓർമിച്ചെടുക്കുന്നു നാം, മുൻപു കേട്ടൊരു
മേളപ്പദത്തിൻ കലാശം (അതോ-
അഷ്ട കലാശ വിശേഷം?)

---

1. യശഃശരീരനായ തൃത്താല കേശവപ്പൊതുവാൾ തായമ്പക എന്ന വാദ്യ കലയിൽ അത്യപൂർവമായ തനിമയുടെ അവതാരമായിരുന്നു.
2. തിമിലയിലും ഇടയ്ക്കയിലും ചെണ്ടയിലും ഒരുപോലെ കൃതഹസ്തനായ പല്ലാവൂർ അപ്പുമാരാരുടെ പതിഞ്ഞ അടന്തക്കൂറ് തായമ്പകയിൽ അന്നും ഇന്നും ഒരു അവിസ്മരണീയമായ അനുഭവമത്രെ.
3. കഥകളിച്ചെണ്ടവാദനത്തിലും മട്ടന്നൂർ മുൻനിരയിൽത്തന്നെ.

നിലനിലയായിപ്പടർന്നു കയറുമ–
ക്കാലം മുറുകുന്നു വേഗം സ്ഥല–
കാലം മറക്കുമുദ്വേഗം

ഇടവും വലവും തിരിഞ്ഞും തൻ കൂട്ടുകാർ–
ക്കിടയിലാവേശം ചൊരിഞ്ഞും, മേളം
കൂർപ്പിച്ചു കൂർപ്പിച്ചുറഞ്ഞും

താനേയുയർന്നും താഴ്ന്നും വീഴുന്നു
ഒരുപോലിടംകൈയും കോലും, ഇല്ല–
വിടവില്ലണുമാത്ര പോലും

ഘനമേഘ ഗർജ്ജന നിർവൃതിയിൽ മയിൽ–
പ്പീലി നീർത്തുന്നൂ മനസ്സ്, പേർത്തും
ആർത്തിരമ്പുന്നൂ സദസ്സ്

മട്ടന്നൂർ കൊട്ടിത്തിമർക്കേ,യരങ്ങത്തു
മറ്റൊന്നും കേൾക്കുന്നേയില്ല, നമ്മൾ
മറ്റൊന്നും കാണുന്നുമില്ല! ■

# പല്ലാവൂർ അപ്പുമാരാർ

**പ**ല്ലാവൂരുണ്ടെന്നറിഞ്ഞാൽ മതി, കേൾക്കാ-
നെല്ലാരും ഓടിവന്നെത്തും
ഏറ്റവും മുന്നിലിരിക്കണം- അതിനിടം
കിട്ടുവാൻ തിക്കിത്തിരക്കും

ആദ്യം മുതൽക്കേ നുകരണം ആപാത
മധുരാർദ്രമാം പതികാലം
കാതുകൊണ്ടെന്നപോൽ കണ്ണുകൊണ്ടും കൊട്ടു-
കേൾപ്പതേ നമ്മുടെ ശീലം

ഓരോന്നായെണ്ണങ്ങൾ ഉണരുന്നു- എങ്കിലും
തീരെയില്ലല്ലോ തിടുക്കം
ശ്രോതാക്കൾക്കെന്നപോ, ലാശാനും പത്ഥ്യമി-
ക്കച്ചേരി മട്ടിൽ തുടക്കം

കൊട്ടുകയല്ലാശാൻ- നടകളാച്ചെണ്ടയിൽ-
മുട്ടുകുത്തിക്കളിക്കുന്നു
ഒട്ടു വളരുമ്പോൾ മുഗ്ദ്ധരാഗാർദ്രമാം
സപ്തസ്വരങ്ങളാവുന്നൂ

പണ്ടേ പിശുക്കില്ല, കൊട്ടി നിറയ്ക്കുവാൻ
എണ്ണങ്ങളേറെയുണ്ടല്ലോ
ഇവയിൽ പലതും പുതുമകൾ തന്നെ, നാം
അതുവരെ കേൾക്കാത്തതല്ലോ

എണ്ണങ്ങളോരോന്നുമപ്പപ്പൊഴേ പൊട്ടി-
വിരിയുന്ന പോലെയാണല്ലോ
മതിമറന്നേയിരിക്കുന്നു നാം; ആ നടക-
ളത്രയ്ക്കനായാസമല്ലോ!

ഇടിവെട്ടിയോ? നാം നടുങ്ങിയോ? തോരാത്ത
മഴയിൽ, നൽക്കുളിരിൽ നനഞ്ഞോ?
തിരുവാതിര ഞാറ്റുവേലയാണോ? കടൽ
ഇളകി വരികയാണെന്നോ?

കാണുന്നു നാമപ്പോൾ: ആശാന്റെ ചുണ്ടിലെ-
ച്ചെറുപുഞ്ചിരിതൻ തിളക്കം
അറിയുന്നു നാമപ്പോൾ: പതികാലം മുറുകുമ്പോൾ
പതിവുള്ളതാണീ മുഴക്കം

ചിലനേരം മർമ്മരം, സുസ്വര സല്ലാപം
ചിലനേരം ഭ്രമര സംഗീതം
അതിനെല്ലാമിടയിലോ, പാദസരമിട്ട
നടകൾ തൻ സ്വൈരസഞ്ചാരം.

ഇനിയല്ലോ ഏറെപ്പതിഞ്ഞോരടന്ത[1] തൻ-
പുതുമയേറും അരങ്ങേറ്റം;
ഓരോ മനസ്സും ത്രസിക്കും വിധം മനോ-
ധർമ്മങ്ങൾ തൻ കളിയാട്ടം.

സ്വന്തം വഴിക്കാശാൻ കൊട്ടിക്കയറുമ്പോൾ
അമ്പലം ഹാ! കുലുങ്ങുന്നു
എന്തൊരാവേശത്തിരയിളക്കം: മേള-
ക്കമ്പക്കാർ നിന്നുറയുന്നൂ!

എല്ലാം മറക്കും നാം:  എണ്ണങ്ങളങ്ങനെ
ഏറ്റിച്ചുരുക്കും മിടുക്കിൽ,
അത്രയ്ക്കയത്നലളിതമാ, യാക്കൈയും
കോലും ഉതിർക്കും കരുത്തിൽ.

കൂറിന്റെ നിറവാണ് പിന്നെ; ച്ചിറകാർക്കും
മൂപ്പും മുഴക്കവും ഏറെ,
തനിമയും വിരുതും പൂത്തുലയുന്നൊരക്കാല-
നിർണ്ണയത്തിൻ ചിതം വേറെ?

ഇടയിൽക്കടന്നു വരുന്നു, മൃദംഗത്തിൻ-
തരളിത നാദതരംഗം
അതിലാണ്ടു മുങ്ങുന്ന നേരത്തു കേൾപ്പു നാം
തകിലിൻ പ്രയോഗമഭംഗം

1. തായമ്പകയിലെ ശ്രവണമധുരമായ പതിഞ്ഞ അടന്തക്കൂറിന്റെ പരിപൂർണ്ണ സാഫല്യമാണ് പല്ലാവൂർ അപ്പുമാരാരുടെ അനന്വയമായ പ്രയോഗവൈഭവം.

പലവട്ടം കേട്ടാലും, മതിയെന്നു നാമാരും
പറയാത്തതാണിടവട്ടം[2]
ആനന്ദലഹരിയിലാറാടും നാം, അത്ര
ഹൃദ്യമത്രേ ചിട്ടവട്ടം

വെടുവെടുപ്പല്ലോയിടനില[3] തോരാതെ-
യുതിരുന്ന പുതുമാരി പോലെ
സ്വരരാഗ വിസ്താരത്തോടെ തടം തല്ലി-
യൊഴുകുന്ന കാട്ടാറുപോലെ

ഇടനിലയെത്തിയാൽ ശ്രോതാക്കൾക്കേവർക്കും
നിലതെറ്റും ഉന്മാദഭാവം
ചെണ്ടയും ആശാനും തമ്മിലുണ്ടന്നേരം
താളത്തിൽ ദീർഘസംവാദം

ഇരികിടയായാലോ[4] പറയേണ്ട: പെയ്യുന്നു
ഇടതടവില്ലാത്ത മേളം
അളവറ്റൊരാത്മഹർഷത്തിൻ കുളിരിൽ നാം
മുഴുകുന്നു മതിവരുവോളം

എല്ലാം കഴിഞ്ഞു മടങ്ങുമ്പോൾ പറയും നാം:
പല്ലാവൂരപ്പാ ശരണം
അനഘമാം സുകൃതമാണാശാൻ; മൃത്യുഞ്ജയാ
ആയുരാരോഗ്യം തരണം! ■

---

2. ഇടവട്ടം ഒന്നും രണ്ടും കാലം – അത്രമാത്രം പ്രസിദ്ധമാണ് പല്ലാവൂരാശാന്റെ പ്രയോഗം.
3. ഇടനില – തായമ്പകയുടെ സമാപന നിലകളിലൊന്ന്.
4. ഇരികിട – തായമ്പക കൊട്ടിക്കൂർപ്പിച്ചു സമാപിക്കുന്ന നില: ഒരു കൂട്ട പ്പൊരിച്ചിലിന്റെ അനുഭവം.

# തായമ്പകയുടെ താരുണ്യം, ലാവണ്യവും

ആരും നടുങ്ങും കനത്തിൽ വീഴുന്നൊരാ-
നേർകോലിനേറും മുഴക്കം.
ഇടിവെട്ടുമ്പോലെ തുടക്കം - ഇതാണല്ലോ
കുഞ്ഞിക്കുട്ടന്റെ വഴക്കം

പലനാൾ കഴിഞ്ഞാലും മാറ്റൊലി തീരാത്ത
മണിനാദംപോലെ 'ണ'കാരം;
അത്രമേലെതിരറ്റതല്ലോ ഇടംകൈയിൻ-
സിദ്ധി - അപൂർവ്വം, ഗഭീരം

ഇന്നലെക്കൊട്ടിത്തിമിർത്തതാം എണ്ണങ്ങൾ
ഇന്നു കൊട്ടുന്ന പതിവുമില്ല,
എന്താണിതിന്റെ രഹസ്യം? ചോദിച്ചാൽ-
ചിരി മാത്രം - മറുപടിയില്ല.

ആരാധകർക്കൊക്കെയറിയാം: ഇക്കൊട്ടി-
നാദ്യം മുതൽക്കേ അലർച്ച
കാലം കയറാ,മിറങ്ങാം - അതൊന്നുമേ
അറിയുന്നേയില്ല തുടർച്ച

കൂട്ടത്തിൽ [1]കല്ലൂരുമുണ്ടെങ്കിൽ കൊട്ടിന്റെ
മട്ടുമാറും കനമേറും
എണ്ണങ്ങളേറ്റിച്ചുരുക്കുന്നതുപോലും
കൂട്ടപ്പൊരിച്ചിലായ്ത്തീരും

പങ്കാളി [2]മട്ടന്നൂരാണെങ്കിലോ, ചില-
സംഗീതനടകൾ പിറക്കും
[3]തീർമാനമായും മുത്തായിപ്പായും മനോ-
ധർമ്മങ്ങൾ പാറിപ്പറക്കും

---

1. തായമ്പകയിൽ കരുത്തിന്റെ പര്യായമായ കല്ലൂർ രാമൻകുട്ടി
2. തായമ്പകയിലെ നിത്യയൗവനമായ മട്ടന്നൂർ ശങ്കരൻകുട്ടി
3. തീർമാനം, മുത്തായിപ്പ്: കർണ്ണാടകസംഗീതരംഗത്തെ സവിശേഷ നടകൾ

മട്ടന്നൂരായാലും കല്ലൂരായാലും
തോളൊപ്പത്തിനൊപ്പം നിൽക്കും
കൊട്ടിക്കൊടുക്കുന്നതത്രയും പാകത്തി–
ലിരുവരും കൊട്ടിനിറയ്ക്കും

തിമിലയി,ലിടയ്ക്കയിൽപ്പോലുമാശാനൊരു
ഏകാന്തപഥികനാണല്ലോ.
അളവറ്റ സാധകം ഇരുകൈയിനും – പുതിയൊ–
രവതാരംതന്നെയാണല്ലോ.

പഞ്ചവാദ്യത്തിലെ താളങ്ങൾക്കും വന്നു–
ചേരും സ്വയംവരയോഗം;
തായമ്പകയിലും കേൾക്കാറുണ്ടല്ലോ നാം
[4]'ത്രിപുട' തൻ ലാസ്യ പ്രയോഗം

ഒറ്റയ്ക്കു കൊട്ടുന്നതാണിഷ്ടം: അന്നേരം
മറ്റൊന്നും ശ്രദ്ധിക്കേണ്ടല്ലോ
താനായി, തന്റെ വഴിയായി – അതേകുന്ന
സ്വാതന്ത്ര്യം ഏറെയാണല്ലോ

വട്ടംപിടിക്കാനിടംവലം നിൽക്കുന്നോർ–
ക്കിത്തിരിയശ്രദ്ധ വന്നാൽ,
മറ്റാർക്കുമില്ലാത്ത സാധകം ഉതിരുന്ന
കൊട്ടിൽ ലയിച്ചൊട്ടു നിന്നാൽ

തീർന്നൂ പണി, പിന്നെയേവർക്കും തൽക്ഷണം
താളം പിഴയ്ക്കുകയായി
ഒട്ടുപിഴച്ചൊരത്താളത്തിലും ആശാൻ
കൊട്ടിക്കയറുകയായി

നേരിയ പുഞ്ചിരിയോടെയാണെങ്കിലും
നേർക്കുനേർക്കുണ്ടൊരു നോട്ടം
പിന്നെത്തിടുക്കത്തിൽക്കത്തിക്കയറുന്നു
ഒന്നും രണ്ടും [5]ഇടവട്ടം.

അദ്ഭുതമെന്നല്ലാതെന്തോതും: ആശാന്റെ
കൊട്ടിനിന്നും നിത്യതാരുണ്യം;
കാരണം ചോദിച്ചാൽ തൊഴുതുചൊല്ലും: എല്ലാം
പല്ലാവൂരപ്പന്റെ കാരുണ്യം! ■

4. പഞ്ചവാദ്യത്തിൽ ത്രിപുടതാളത്തിൽ കുഞ്ഞുകുട്ടൻമാരാരുടെ പ്രയോഗ വൈഭവം ഏറെ പ്രസിദ്ധമാണ്.
5. തായമ്പകയിൽ ഏറെ ഹരം പകരുന്ന ഇടവട്ടം ഒന്നാം കാലവും രണ്ടാം കാലവും.

## അന്ന് – ഇന്ന് – നാളെ

**അ**ന്ന്,
മനുഷ്യൻ– എത്ര മനോഹരമായ പദം.
മതജാതി മൈത്രി തൻ മരാള കന്യകമാർ
മനസ്സരസ്സിൽ നീന്തിക്കളിക്കും
ഋതുഭേദമില്ലാതെ നിർമ്മല സൗഹൃദത്തിൻ–
സഹസ്രദളപത്മങ്ങൾ വിടർത്തും.
പരസ്പര സ്നേഹാദരങ്ങൾ പുലരി തൻ–
കതിരൊളി നാളങ്ങൾ ഉണർത്തും
അന്ന്
മനുഷ്യൻ– എത്ര മനോഹരമായ പദം!

അന്നുതന്നെ:
നേരെന്തന്നറിയാൻ കാലത്തിൻ വീഥികളിൽ
തോളോടു തോൾ ചേർന്നു നടക്കും
പകയില്ലാതെ, കാലുഷ്യമില്ലാതെ, ഉൾ–
പ്പൊരുളും തേടി വിയർക്കും
നാം ഒന്നാണെന്ന നേരറിയുമ്പോൾ
നാടിന് ആ സത്യം പകരും
അന്ന്,
മനുഷ്യൻ– എത്ര മനോഹരമായ പദം

ഇന്ന്:
മനുഷ്യൻ– എത്ര ഭയങ്കരമായ പദം
മനസ്സിനും മനസ്സിനും ഇടയിൽ പകയുടെ
മതിലുകൾ കെട്ടിയുയർത്തും
കൂരിരുളകറ്റും സ്നേഹാർദ്ര ഭാവത്തിൻ
നാളങ്ങൾ തല്ലിക്കെടുത്തും.
ഉദയം മാടിവിളിക്കുന്ന വീഥികളിൽ
ചുടുചോരപ്പാടുകൾ തീർക്കും
ഇന്ന്:
മനുഷ്യൻ– എത്ര ഭയങ്കരമായ പദം

മർത്ത്യമഹത്ത്വം ഘോഷിക്കും മതങ്ങളെ
കുത്തിമലർത്താൻ തിടുക്കം
താരാട്ടുപാട്ടില്ല, കളി ചിരിയി,ല്ലെങ്ങും
ഘോരാട്ടഹാസത്തിൻ മുഴക്കം
ഇത്തിരി വെളിച്ചമി,ല്ലെവിടേയും
കൂരിരുളിന്റെ താണ്ഡവനൃത്തം
ഇന്ന്:
മനുഷ്യൻ– എത്ര ഭയങ്കരമായ പദം

നാളെ:
എന്നെന്ന പോ, ലിന്നും കേഴുന്നിതെൻ മനം
എന്നാണിതിനൊരു മാറ്റം?
ഇടയന്റെ പാട്ടിൽ തുളുമ്പുന്നതെന്നാണ്
നവയുഗശാന്തി തൻ തോറ്റം?
കാണ്മതെന്നാണിനി നമ്മൾ, മാറുന്ന
കാലമേ! നിൻ അരങ്ങേറ്റം? ■

## പ്രിയേ! അക്ഷരപ്രിയേ...

**അ**ക്ഷരശ്ലോകമേ, നിന്നെ
കണ്ട കാലം മറന്നുപോയ്
നാടുവിട്ടെങ്ങു പോയി നീ?

ചുണ്ടോടുചുണ്ടു നാം കൊണ്ടും
കൊടുത്തും നിന്ന നാളുകൾ
മറക്കാ ഞാൻ പദപ്രിയേ

അക്ഷരാർത്ഥത്തിൽ നീയെന്നെ
ആശ്ലേഷിക്കാത്തതെന്തെടോ?
കൈവശം ശ്ലേഷമില്ലയോ?

സദ്വൃത്തേ നീ, യെൻ മനസ്സിൻ
ചില്ലയിൽ, ശിഖരങ്ങളിൽ
നില കാണാത്തലങ്ങളിൽ

മൂളിപ്പറന്നതോർക്കുന്നേൻ
മുഗ്ദ്ധരാഗാർദ്ര ചിത്തയായ്
ആദ്യകാമുകിയെന്നപോൽ?

അക്ഷരച്ചിറകിൽ കാവ്യ-
സൗന്ദര്യം പുള്ളി കത്തവേ,
അലങ്കാരങ്ങളേറവേ,

ഉരുക്കഴിച്ചേനാദ്യന്തം
ഋക്കുപോൽ നിന്റെ വൈഭവം
നീ പുണ്യശ്ലോകയല്ലയോ
മാറിപ്പോയ്കാലമിന്നാർക്കും
ശ്ലോകം വേണ്ടെന്ന മട്ടുമായ്
ഛന്ദസ്സെങ്ങോ മറഞ്ഞുപോയ്

ഭാവാർത്ഥധ്വനികൾ ചത്ത
വാക്കെറിഞ്ഞു കളിപ്പൂ, നാം
അധുനാധുനരല്ലയോ!

എങ്കിലും ഭാഗ്യമെൻ ചുണ്ടിൽ
ഇന്നും നൃത്തമുതിർപ്പൂ നീ
അനാരതമനാരതം! ■

# പ്ലാവിലകളുടെ കലാപം
# അഥവാ വിലാപം

**അ**കാലവാർദ്ധക്യത്തിന്നടിപ്പെട്ട്
പച്ചപ്ലാവിലകൾ
ഒന്നൊന്നായി
അടർന്നടർന്നു വീഴുന്നതു
കണ്ടും കേട്ടും
പഴുക്കപ്ലാവിലകൾ മഞ്ഞച്ചിരി ചിരിച്ചു.
എടുത്തുപിടിച്ച ഞരമ്പുകളിൽ
പതുക്കെ തലോടി
ഒന്നാം പ്ലാവില തത്ത്വജ്ഞാനം തേടി
അഥവാ ഇങ്ങനെ പാടി (തനി
സംസ്കൃതത്തിൽ)
“ദൈവഗതിക്കഥവാ ഭുവനേസ്മിൻ
നൈവ കവാടനിഷേധമൊരേടം...”
കാലത്തിന്റെ പൂഴിക്കടകൻ അടിയേറ്റ്
താഴെ പൂഴിയിൽ മലർന്നടിച്ചു വീണ
ഒന്നാം പ്ലാവില ശരിക്കും കരഞ്ഞു
അന്നേരം രണ്ടാം പ്ലാവില
ഈറൻ ചിരിയോടെ ചോദിച്ചു
അഥവാ ഒരു ഈരടി ചമച്ചു
(തനി മലയാളത്തിൽ)
“കണ്ണീരെന്തിനു തോഴീ? ഈ നമ്മൾ
പെണ്ണായ് പിറന്നവരല്ലേ?”
അന്നേരം, മേലെ കൊമ്പത്ത്
ഒരു പഴുക്കപ്ലാവില
സമസ്യാപൂരണത്തിനായിക്കൊണ്ട്
ഇങ്ങനെ ചൊല്ലി നിർത്തി:
“ആകപ്പാടെ പരമസുഖ,മി-
ജ്ജീവിതം ശോചനീയം...” ■

## മഴക്കവിതകൾ

### മേഘമല്ലാർ രാഗസൗഭഗം

**മേ**ഘമല്ലാർ രാഗസൗഭഗം,
അമോഘ രാഗ സൗരഭം
മേഘമല്ലാർ രാഗ സൗഭഗം

അകലെ മലനിരകളിൽ
മലർമാരി പോലവേ
മഴനീർക്കണങ്ങൾ പൊഴിയുന്നു
കുളിരാർന്ന കാറ്റിന്റെ തോറ്റം
തരുനിരകൾ മുടിയഴി-
ച്ചാടിയുലയുന്നൂ!

സന്ധ്യകൾ, ഉഷസ്സുകൾ
സുമംഗലികൾ നെറ്റിയിൽ-
ക്കാശ്മീര സിന്ദൂര ഭംഗി
കുറുകി വരുമിരുളിന്റെ
മിഴികളിൽ, വഴികളിൽ
ആയിരം നക്ഷത്ര കാന്തി

അണയാത്ത കനലാളു-
മാരണ്യകങ്ങളിൽ
കാരുണ്യപിയൂഷ വർഷം
മയിലാടിടുന്നു, കുയിൽ-
പാടുന്നു: താഴ്‌വരയിൽ
പൊഴിയുന്നു ഹാ! കാലവർഷം

### ഇടവപ്പാതി മെയ്യിനോട്

**കു**ളിരേ വരൂ വരൂ പുതുമഴക്കുളിരേ
ഇതുവഴി, ഇതുവഴി വരൂ നീ
ഇടവത്തിൻ പാതിമെയ്യായ്, ഇടമഴയായ് വേഗം
ഇതുവഴി വീണ്ടും വരൂ നീ

വഴിനീളെ തേൻ തേടും
ഇളംകാറ്റിൽ ചിറകേറി
ഇല്ലിമുളങ്കാടുകളിൽ
ഇതൾ നീർത്തും സ്വപ്നവുമായ്
വരികരികേ വൈകാതെ
കരിമുകിലിൻ നൽക്കതിരേ

പൊൻവെയിൽ നെയ്തുതരും
പുളിയീർക്കരപ്പുടവയുമായ്
ഇടയന്റെ മുളന്തണ്ടിൽ
വിടരുന്നോരീണവുമായ്
വരികരികേ വൈകാതേ
ഉൾക്കുളിരിൻ നൽക്കതിരേ!

കളിവിളക്കിൻ നാളത്തിൽ
നിള വിടർത്തും ലാസ്യത്തിൻ-
അഴകൊഴുകും ചുവടുകളിൽ
മനമൂന്നി, മിഴിയൂന്നി
വരികരികേ വൈകാതേ
കഴിവോലും നീർക്കതിരേ!

## ഘനശ്യാമമേഘമേ, വരൂ

**മേ**ഘമേ, ശ്യാമമേഘമേ,
ഘനശ്യാമമേഘമേ,
പകരൂ പകരൂ ഇത്തിരി
തെളിനീരു പകരൂ ഇളയുടെ-
തൊഴുകൈക്കുമ്പിളിൽ പകരൂ!

നീരവം തേങ്ങുന്നു നിളയുടെ തീരം
നീയറിയുന്നീലീദ്ദാഹമപാരം
അലിവായ് പൊഴിയാവൂ അമൃതമുദാരം
മേഘമേ ഘനശ്യാമമേഘമേ...

ഇടതടവില്ലാതെ വേനൽ എരിഞ്ഞൂ
ഇടയന്റെ പാട്ടിലെ ഈണം മുറിഞ്ഞൂ
ഇടവപ്പാതിയെങ്ങോ പോയ്മറഞ്ഞൂ, വരൂ
മേഘമേ, സഹതാപാർദ്രമേഘമേ

കാടും മേടും കാതോർത്തിരിക്കുന്നു
മാരിക്കിടാവിന്റെ കളനൂപുരസ്വരം
തളവളകിലുക്കം ഒരാരവം അരികത്തു
വരികയവിളംബം ഘനശ്യാമമേഘമേ. ■

# ഒരു പക്ഷി മുൻപേ പറന്നുപോയി!

**ഒ**രു സത്യം മാത്രം മനസ്സിലായി
ഒരു പക്ഷി മുൻപേ പറന്നുപോയി
തിരികേ, വരാ,നെത്ര മോഹിച്ചാലും
കഴിയാത്ത മട്ടിൽ അകന്നുപോയി

പെട്ടെന്നു പുലർവെട്ടം കെട്ടതെന്തേ?
ചുറ്റിലും കൂരിരുൾ വീണതെന്തേ?
മലർവാടി നിശ്ചലം നിന്നതെന്തേ?
കിളികുലം തേങ്ങിക്കരഞ്ഞതെന്തേ?
ഒരു സത്യം മാത്രം മനസ്സിലായി
ഒരു പക്ഷി മുൻപേ പറന്നുപോയി

അരികത്തു പലരുമുണ്ടായിരുന്നു,
അവരാരും അറിയാതെ തനിയേ പോയി
വിടപറയാൻ പോലുമൊരു നിമിഷം
ഇടകിട്ടീ, ലെങ്ങോ മറഞ്ഞുപോയി

നിൻമുന്നി, ലോടിക്കൊ,ണ്ടാരോ നിന്നെ
അന്നേരം മാടിവിളിച്ചുവെന്നോ?
മൃത്യുവാണെന്നറിയാതെ, നീയാ–
നിത്യമൗനത്തെ പുണർന്നുവെന്നോ?

കൂടുവി,ട്ടെങ്ങും, നീ പോവില്ലെന്നും
കൂടണയാൻ തിരിച്ചെത്തുമെന്നും
ഇപ്പോഴും മോഹിച്ചു നിന്റെയുറ്റ
കൂട്ടുകാർ കാത്തിരിപ്പുണ്ടെന്നാലും

ഒരു സത്യം മാത്രം മനസ്സിലായി
ഒരു പക്ഷി മുൻപേ പറന്നുപോയി
തിരികേ വരാ,നെത്ര മോഹിച്ചാലും
കഴിയാത്ത മട്ടിൽ അകന്നുപോയി! ■

## കണ്ണനോട്

ഗുരുവായൂരോമന മുത്തേ, ചോദിച്ചാൽ
പറയുമോ നീ പരമാർത്ഥം

മറ്റാരും കേൾക്കേണ്ട, വേറെ
ആരാരും അറിയേണ്ടാ!
പറയൂ പറയൂ പരമാർത്ഥം

കള്ളക്കണ്ണാ നിന്റെ നുണക്കുഴിപ്പൂമൊട്ട്
കിള്ളി വിടർത്തിയതാരാണ്? മെല്ലെ
നുള്ളിയെടുത്തതും ആരാണ്?

ഗോപികമാരാണോ?
ഗോപാല ബാലരാണോ?
അവരൊന്നുമല്ല, നിൻ പ്രിയസഖി രാധ
ആരും അറിയാതെ ചെയ്തതാണോ?
(ഗുരുവായൂരോമന...)

ശീലക്കേടുകൾ കാട്ടും നിനക്കൊരു
കോലക്കുഴൽ തന്നതാരാണ്?
പൊന്നോടക്കുഴൽ തന്നതാരാണ്?

ഇളമുളങ്കാടാണോ?
കളമൊഴി കിളിയാണോ?
പുലരിത്തെന്നലാണോ?

അവരൊന്നുമല്ല, നിൻ അകതാരിൽ ശ്രുതിമീട്ടും
ആദിനാദ ബ്രഹ്മം തന്നെയാണോ?
(ഗുരുവായൂരോമന...)

നാണം കുണുങ്ങി, ക്കിണുങ്ങി നിൽക്കാതെ
നേരു പറയുകെൻ കണ്ണാ

കണ്ണാടിക്കവിളത്തും
ചൊടിയിലും മുടിയിലും
എങ്ങനെ വന്നൂ ഈ സിന്ദൂരം? അമ്പാടി-
പ്പെൺകൊടിമാരണിയും സിന്ദൂരം

കാറ്റിന്റെ പണിയാണോ? കളി-
ക്കൂട്ടുകാരൊപ്പിച്ച കെണിയാണോ?
അല്ലല്ല, മറ്റാരും കാണാതെ നിൻ രാധ
കെട്ടിപ്പിടിച്ചുമ്മ വച്ചതാണോ?
(ഗുരുവായൂരോമന...)

ചായുറങ്ങാൻ വേണം ചൂടുപാല്,
ഉണർന്നാലുടൻ വേണം നറുംപാല്,
ഒരു മുന്നാഴി നാനാഴി പൈമ്പാല്!

ശീലിച്ചുപോയതാണോ? ഇതു നിന്റെ
ശീലക്കേടായതാണോ?

അല്ലല്ല, എപ്പോഴും പാൽക്കടലിൽത്തന്നെ
പള്ളികൊള്ളുന്നത് കൊണ്ടാണോ?
(ഗുരുവായൂരോമന...) ■

## മുത്തും പവിഴവും

### മുത്ത്

**ഒ**ളി ചിതറും ഈ തിരുനടയിൽ
ഒരു നേരം വന്നില്ലെങ്കിൽ
ഒരു നോക്കു കണ്ടില്ലെങ്കിൽ
ഒരു വാക്കു മിണ്ടീലെങ്കിൽ
ഗുരുവായൂരപ്പാ! ഈ ഞാൻ
തകർന്നു പോകും, ആകെ
തളർന്നു പോകും!

തിരുമുമ്പിൽ കണ്ണീരോടെ
കൈനീട്ടി നിൽക്കുന്നേരം
ഹരിചന്ദന ഗന്ധം ചൂഴും
ഓർമ്മകൾക്കോമനിക്കാൻ
ഒരു പീലി തന്നില്ലെങ്കിൽ
ഗുരുവായൂരുണ്ണിക്കണ്ണാ
കരഞ്ഞു പോകും, ഈ ഞാൻ
കരഞ്ഞു പോകും

അകതാരിൽ നിനക്കായ് ഇന്നും
ഒരുക്കിയ നറുനവനീതം
കവരുവാൻ വന്നില്ലെങ്കിൽ
നുകരുവാൻ നീയില്ലെങ്കിൽ
കളിയാടി ഓടിവരും നിൻ
കാലൊച്ച കേട്ടില്ലെങ്കിൽ
ഗുരുവായൂരോമന മുത്തേ
കുഴഞ്ഞു പോകും
ഈ ഞാൻ വലഞ്ഞു പോകും!

## പവിഴം

ഗുരുവായൂരുണ്ടൊരു ഉണ്ണി കണ്ടാൽ
ആരും മയങ്ങുന്നോരുണ്ണി
അലിവിന്റെ നിറവായോരുണ്ണി എന്നും
ആയിരം അഴകുള്ളോരുണ്ണി
ഒരു നാമം മാത്രം ജപിക്കുന്നോരെപ്പോലും
ഒരിക്കലും മറക്കാത്തോരുണ്ണി

ഓരോ മനസ്സിലെ മതിലകത്തങ്ങനെ
ഓടിക്കളിക്കുന്നോരുണ്ണി
മറ്റുള്ള പൈതങ്ങളോടൊപ്പം ചിരിതൂകി
മഞ്ചാടിക്കുരു വാരും ഉണ്ണി
കൊമ്പന്റെ തുമ്പിയിൽ തൂങ്ങിയും ആടിയും
വമ്പത്തം കാട്ടുന്നോരുണ്ണി

ഒരു നുള്ളു വെണ്ണയ്ക്കും കള്ളച്ചിരിയോടെ
കൈനീട്ടിക്കാട്ടുന്നോരുണ്ണി
കാണിക്കായർപ്പിക്കാനൊന്നുമില്ലെങ്കിലും
കാരുണ്യം ചൊരിയുന്നോരുണ്ണി,
അൻപോടെ ഭക്തരെക്കാത്തരുളീടുന്ന
അമ്പാടിക്കണ്ണനാമുണ്ണി!

ഉള്ളുരുകി പ്രാർത്ഥിച്ചു വിളിച്ചാൽ വിളി കേൾക്കും
ഉടനേയടുത്തെത്തും ഉണ്ണി
"അരികെ ഞാനില്ലയോ? സങ്കടം വേണ്ടെ"ന്നു-
മൊഴിയുന്നോരാരോമലുണ്ണി
മിഴിനീർ തുടയ്ക്കുന്നു, വാരിപ്പുണരുന്നു
തഴുകിത്തലോടുന്നു ഉണ്ണി ■

## കാണേണം കണി കാണേണം

**അ**ഞ്ജനശ്രീധരാ ചാരുമൂർത്തേ
അമ്പാടിക്കണ്ണാ അപാരകീർത്തേ
കണ്ണിണയ്ക്കാനന്ദമേകും നിൻ കമനീയ–
രൂപമെപ്പോഴും കാണാകേണം കണി
കാണാകേണം

നെറുകയിൽ പീലിക്കിരീടമോടെ
നെറ്റിയിൽ ഗോപിക്കുറികളോടെ
കുളിരിളം തെന്നലിൽ ഇളകിക്കളിക്കുന്ന
അളകങ്ങളോടെ കാണാകേണം, കണി
കാണാകേണം

കാരുണ്യം വഴിയുന്ന മിഴികളോടെ
താരുണ്യം പൂത്തുലയും മേനിയോടെ
കളിചിരി മാറാത്ത, കതിരൊളി മായാത്ത
കരിമുകിൽ വർണ്ണനെ കാണാകേണം, കണി
കാണാകേണം

പുഞ്ചിരി മൊട്ടിടും ചെഞ്ചൊടിയും
ചെഞ്ചൊടി ചുംബിക്കും മുരളികയും
ആരു കണ്ടാലും മയങ്ങുന്നൊരാ കള്ള–
നാട്യവും നോട്ടവും കാണാകേണം, കണി
കാണാകേണം

മന്ദാരം, ചേമന്തി, തുളസി, തെച്ചി–
പ്പൂമാല മാറിലണിഞ്ഞുകൊണ്ടും
മഞ്ഞപ്പട്ടാടയുടുത്തുകൊണ്ടും കളി–
യാടുന്ന കണ്ണനെ കാണാകേണം കണി
കാണാകേണം

പൈക്കളെ അമ്മ കറക്കുമ്പോഴും
താളത്തിൽ തൈര് കടയുമ്പോഴും
കൊതിയോടെ കൈനീട്ടി, പിന്നിൽ നിന്നും കള്ള–
ച്ചിരി തൂകും കണ്ണനെ കാണാകേണം കണി
കാണാകേണം

വെണ്ണയും പാലും കവർന്നതാര്?
തയിർക്കലം തല്ലിത്തകർത്തതാര്?
ചോദിച്ചാൽ കള്ളക്കണ്ണീരോടെ കരയുന്ന
തിരുമാലിയെ എന്നും കാണാകേണം, കണി
കാണാകേണം ■

## കണ്ണനും ചെമ്പൈയും

"**വാ**താപി ഗണപതിം..." എന്നൊരു കീർത്തനം
ആരുപാടുന്നതാണിഷ്ടം? കണ്ണാ, നിന-
ക്കാരുപാടുന്നതാണേറെയിഷ്ടം?

ചോദിച്ചാൽ ഗുരുവായൂരമ്പാടുണ്ണി പറയും
"ചെമ്പൈ പാടുന്നതാണെനിക്കിഷ്ടം, ആ ഘന-
ഗംഭീര ശൈലിയാണെനിക്കിഷ്ടം!"

"തായേ യശോദൈ..." എന്നു കേൾക്കേണ്ട താമസം നീ
ശ്രീലകത്തുനിന്നും ഓടി വന്നതെന്താണ്? കണ്ണാ പറയൂ
ആരും അറിയാതെ വന്നതെന്താണ്?

"ഓടിവന്നതെന്തെന്നോ, തോടിയിൽ എന്റെ ചെമ്പൈ
പാടിതുടങ്ങിയപ്പോൾ എന്നെ മറന്നുപോയ്,
ഞാനാടി, നടനമാടി, താളം പിടിച്ചുപോയ് ഞാൻ..."

"ക്ഷീരസാഗര..." എന്നു ചെമ്പൈ ആലപിക്കും
നേരത്തും കണ്ണാ നിന്നെ കണ്ടല്ലോ ഞങ്ങൾ ചാരെ
നേരു നീ പറഞ്ഞാലും മടിയാതെ ശ്രീഹരേ!

"അനുപമം, അനന്വയം ആ നാദബ്രഹ്മമൊരു
പാലാഴിയായി അലയടിച്ചുയർന്നില്ലേ, ആ
ആലാപനത്തിലാരും സ്വയം മറന്നു പോവില്ലേ..."

പ്രാർത്ഥനാനിരതനായ് നിറമിഴിയോടെ ചെമ്പൈ
"അഗ്രേ പശ്യാമി..." പാടി വിതുമ്പിയപ്പോൾ, അന്നേരം
എന്തേ കണ്ണാ നിന്റെ മിഴികളും തുളുമ്പീ?

"മറ്റൊന്നും കൊണ്ടല്ല, അന്നേരം ഞാനെന്റെ
മേൽപ്പുത്തൂരിനെ ഓർത്തുപോയി, അപ്പോൾ
സത്യത്തിൽ ഞാനും, കരഞ്ഞുപോയി,
തേങ്ങിത്തേങ്ങിക്കരഞ്ഞുപോയി..." ■

# തായമ്പകയിലെ കേശവീയം

**നി**ശ്ചലം, മൂകം, വിജനമീയമ്പലം
ഉത്സവപ്പിറ്റേന്നെനിക്കു തോന്നി!
കത്തിയമർന്ന കരിന്തിരി തൻ മണം
വറ്റിക്കുറുകും വിളക്കുമാടം.
ഇന്നലെയെന്നപോലാനച്ചൂരിപ്പൊഴും
നിന്നു കാതാട്ടും നടപ്പുരയിൽ
പത്തുനാൾ രാവും പകലും മുഴങ്ങിയ
പഞ്ചാരിമേളത്തിൻ മാറ്റൊലികൾ...
ഏതോ കിനാവിലെന്നോണമെൻ ബോധോ-
പബോധം മതിലകം ധന്യമാക്കേ,
എന്തിനേ വന്നതും പോയതുമുത്സവം?-
എന്മനം തേങ്ങുന്നപോലെ തോന്നി!

* * *

ഏറെക്കുറുകിയോരമ്പലപ്രാവുകൾ
ഏകാന്തതയിൽ തളർന്നിരിക്കെ
വട്ടശ്രീകോവിലു, മമ്പലവട്ടവും
നട്ടുച്ചച്ചൂടിൽ തിളച്ചു നിൽക്കെ
ആരാരുമില്ലീ മതിലകത്തിപ്പൊഴെ-
ന്നേതുമറിയാതെ ഞാനിരിക്കെ
വായിൽത്തേൻതുള്ളിപോൽ കാതിൽ പൊഴിയുന്നു
തായമ്പകയിലെ കേശവീയം
എട്ടാംവിളക്കാണ് തൃത്താല കേശവൻ
എത്തിയിട്ടുണ്ടെന്ന വാർത്ത കേൾക്കെ
ഈ മതിൽക്കെട്ടിനകത്തു പൊടുന്നനേ
രോമാഞ്ചവർഷം കുളിരുകോരി.

ഏറെച്ചുരുണ്ട മുടിയിലാമേൽശാന്തി
നേരിട്ടു നൽകിയ പൂക്കൾ ചൂടി

ഭസ്മക്കുറി, നൽക്കളഭം, മണമോലും
ചന്ദനം, കുങ്കുമപ്പൊട്ടുമായി.
കട്ടിക്കസവണിമുണ്ടും, പതിവുപോൽ
ചിറ്റിട്ട കൈയും ചിരിയുമായി
എത്തീ വടക്കേനടയിൽ വിളക്കത്തു
തൃത്താല കേശവൻ, നാളമാളി
വർത്തമാനം പറയുന്നൊരച്ചെണ്ടയി-
ലാദ്യത്തെ നേർകോലുയർന്നുവീണൂ
വട്ടം പിടിക്കാ, നിലത്താളത്തിന്നുമു-
ണ്ടൊട്ടേറെപ്പേരടുത്തെങ്കിൽക്കൂടി
ഓർത്തുപോകുന്നൂ ജനങ്ങൾ, ഇക്കേശവൻ
മാത്രമേയുള്ളൂ ജഗത്തിലിപ്പോൾ!
ദൃഷ്ടികൾ മേലോട്ടുയർത്തി, യൊരജ്ഞാത
ശക്തി തൻ സ്ഫോടനമെന്നപോലെ
മേളക്കൊഴുപ്പിനായ് തമ്മിലിടയുന്ന
താളത്തിൽ കേശവൻ കൊട്ടിടുമ്പോൾ
സഞ്ചിതസിദ്ധിതൻ വൈഭവമത്രയും
പഞ്ചാരിക്കൂറിൽ തെഴുത്തിടുന്നു

ആദിമധ്യാന്തപ്പൊരുത്തം ലയമേകു-
മാ[1]മലമേൽക്കാവിന്നുച്ചസ്ഥായി
ഉദ്ഗളിപ്പൂ[2] തിരുവേഗപ്പുറയുള്ള
മുഗ്ദ്ധമേളത്തിന്റെ സായുജ്യത്തിൽ
പാലക്കാടൻ [3]മൃദംഗത്തിന്റെയുത്തുംഗ-
നാദതരംഗമുണർന്നിടുന്നൂ
തിമിലയിലെതിരില്ലാപിതാംബരന്റെ കൈ-
വിരുതുകൾ പൊട്ടി വിടർന്നിടുന്നു;
പല്ലാവൂരിന്റെ ഇടയ്ക്ക ചുരത്തിടും
ഫുല്ലസംഗീതമൊഴുകിടുന്നൂ
[4]മൂത്തമനയുടെയോമനക്കുട്ടന്റെ
മൂപ്പും മുഴക്കവും മുറ്റിടുന്നൂ

* * *

---

1. തായമ്പകയുടെ ജാതകം തിരുത്തിയ ആചാര്യൻ. മലക്കോവിൽകേശവ പ്പൊതുവാൾ – തൃത്താല കേശവന്റെ മുത്തച്ഛൻ.
2. വാദ്യകലാനിധി തിരുവേഗപ്പുറ രാമപ്പൊതുവാൾ – തൃത്താല കേശവന്റെ അച്ഛൻ.
3. മൃദംഗചക്രവർത്തി പാലക്കാട് മണി അയ്യർ.
4. മൂത്തമനയുടെ പ്രണതശിഷ്യനായിരുന്ന കോട്ടയ്ക്കൽ കുട്ടൻ മാരാർ – കഥകളി ചെണ്ടയിൽ കേശവന്റെ ഗുരുനാഥൻ.

ഗന്ധർവ്വനോയിവൻ? നിശ്ചലമാനവ-
ഗംഗാ പ്രവാഹം തിരയടിക്കെ,
വിഷ്ടപത്തെത്തന്നെ വിസ്മരിച്ചന്നു നീ
കൊട്ടിക്കയറുകയായിരുന്നു.
നേർകോലിന്നൂക്കു, മിടംകൈയുണർത്തുന്നൊ-
രാമണികാ്വാണവും നിർവൃതിയും
അന്നോളമാരുമേ കേൾക്കാത്തതാം മനോ-
ധർമങ്ങൾ തൻ ലയവിന്യാസവും
കാലം നമിച്ചു നിൻ കൈകളിലർപ്പിച്ച
താളസ്ഥിതിയുമ,സ്സാധകവും
കർണ്ണപീയൂഷമാമെണ്ണങ്ങളായ്പ്പേർത്തും
ഞങ്ങൾ തൻ മുന്നിലുതിർന്നിടുന്നൂ.

പിന്നെയുമേറെയപൂർവതാളങ്ങൾ തൻ
സംഗമം, കാലം മുറുകിടുന്നൂ.
മേളം കനക്കുന്നു; കൽവിളക്കിൻ തുടു-
നാളവും താളം പിടിച്ചിടുന്നൂ
ആസുരമായൊരു ചെണ്ടയിൽ നീയേവ-
മാവിഷ്കരിച്ചിടും നാദബ്രഹ്മം
ആസ്വദി, ച്ചാനന്ദനിർവൃതിയിൽ നിന്നെ-
യാലിംഗനം ചെയ്തനുഗ്രഹിപ്പൂ.
'റൊമ്പം പ്രമാദ'മെന്നുച്ചം മൊഴിയുന്നു,
ചെമ്പൈ യമൃതസംഗീതഹർഷം

നിശ്ചലം, മൂകം വിജനമെന്നമ്പലം
സത്യമായ്ത്തോന്നുന്നതിത്രമാത്രം
വായിൽത്തേൻപോൽ കാതിലിപ്പൊഴും പെയ്യുന്നു
തായമ്പകയിലെ കേശവീയം! ■

## സർഗ്ഗസംവാദം

**അ**രികെ വന്നാലുമെ,ന്നുണ്ണീ ജപിക്കുക
നാരായണ എന്ന നാമം, ശ്രീഹരി
നാരായണ എന്ന നാമം
നിത്യം നിരാമയം സത്യം അനോപമം
നാരായണ എന്ന നാമം.

നാമം ജപിക്കുവാൻ എന്തുവേണ്ടു ഗുരോ?
നാമം ജപിക്കുവാൻ മോഹം വേണം
ആ മോഹമുണ്ടാവാനെന്തുവേണം ഗുരോ?
ആ മോഹമുണ്ടാവാൻ യോഗം വേണം
യോഗമുണ്ടാകുവാനെന്തുവേണം ഗുരോ?
ജന്മജന്മാർജ്ജിത ഭക്തി വേണം

ഭക്തിയുണ്ടാകുവാനെന്തുവേണം ഗുരോ?
അത്രമേൽ ചിത്തവിശുദ്ധി വേണം
ചിത്തവിശുദ്ധിക്കായ് എന്തുവേണം ഗുരോ?
നിത്യകർമ്മത്രയം നന്നാവേണം
കർമ്മങ്ങൾ നന്നാവാനെന്തുവേണ്ടൂ ഗുരോ?
കർമ്മങ്ങൾ നന്നാവാൻ സുകൃതം വേണം

സുകൃതമുണ്ടാകുവാനെന്തുവേണം ഗുരോ?
അകൃതങ്ങൾ ചെയ്യാതിരിക്കവേണം
അത്രയും അറിയുവാനെന്തുവേണം ഗുരോ?
സജ്ജനസംസർഗ്ഗം തന്നെ വേണം
സജ്ജനം ആരെന്നറിയുവതെങ്ങനെ?
സൽക്കർമ്മം ചെയ്യുവോർ സജ്ജനങ്ങൾ

സൽക്കർമ്മമേതെന്നറിയുവതെങ്ങനെ?
സൽഫലം തരുവതേ സൽക്കർമ്മങ്ങൾ
ആ കർമ്മനിരതനായിത്തീരുവതെങ്ങനെ?
അതിനു ഹരിയുടെ കരുണ വേണം,

കരുണ കൈവന്നീടാനെന്തുവേണം ഗുരോ?
ഹരി മാത്രം ശരണമെന്നോർമ്മവേണം

ഓർമ്മയിൽ ഹരി മാത്രം! അതിനെന്തുവേണം ഗുരോ?
നിർമ്മലമായ മനസ്സുവേണം
ആ നൈർമ്മല്യം കൈവരാനെന്തുവേണ്ടൂ ഗുരോ?
അതി-നാത്മസമർപ്പണം തന്നെ വേണം
അത്രയും സാധിക്കാനെന്തുവേണ്ടൂ ഗുരോ?
ഭക്തനും ഭഗവാനുമൊന്നാവേണം

അരികെവന്നാലുമെ,ന്നുണ്ണീ ജപിക്കുക
നാരായണ എന്ന നാമം, ശ്രീഹരി
നാരായണ എന്ന നാമം,
നിത്യം നിരാമയം സത്യം അനോപമം
നാരായണ എന്ന നാമം! ■

## തിരുനെല്ലി സന്നിധിയിൽ

**ആ**നന്ദചിത്തനാം തിരുനെല്ലി പെരുമാളിൻ
കാരുണ്യം പെരുകുമീ മാമലയിൽ, പൂർണ്ണ–
ലാവണ്യം വഴിയുമീ പൂമലയിൽ
ഓടക്കുഴൽ വിളി കേൾക്കുന്നൂ
പീലിത്തിരുമുടി തെളിയുന്നൂ
ആയിരം ഗോക്കളും ഗോപികമാരും പാടി–
യാടുന്നു, വെണ്ണ മണക്കുന്നൂ ഇത്
ഗോകുലമാണെന്നേ തോന്നുന്നൂ...

കൈവല്യമേകുന്ന തിരുനെല്ലി പെരുമാളിൻ
ചൈതന്യം വിടരുമീ മാമലയിൽ
ഹരിചന്ദനം പൂക്കുമീ പൂമലയിൽ
ആനയിറങ്ങി കളിക്കുന്നൂ,
ആരോ ശരണം വിളിക്കുന്നൂ,
കരിമേഘജാലങ്ങൾ ഇരുമുടിക്കെട്ടുമായ്
വരിയായ് മലകേറി നീങ്ങുന്നു–ഇത്
ശബരിമലയായ് തോന്നുന്നൂ–

അർക്കചന്ദ്രന്മാർ സഹസ്രനാമാർച്ചന–
യ്ക്കെത്തുമീ തിരുനെല്ലി മാമലയിൽ,
ഗൗരീശങ്കരം പോലെഴും പൂമലയിൽ
തങ്കത്തേരൊലി കേൾക്കുന്നൂ
നാഗസ്വരങ്ങൾ മുഴങ്ങുന്നൂ
സ്വർണ്ണമയിൽപ്പീലിക്കാവടിയാടി
വന്നിടുന്നൂ നീല മേഘങ്ങൾ– ഇത്
പഴനിതന്നെയെന്നു തോന്നുന്നൂ...

### രണ്ട്

പാർവ്വണശശിലേഖ തൃശ്ശിലേരി തിരുവരങ്ങിൽ
നൽപ്രദോഷനൃത്തമാടും സന്ധ്യകളിൽ

തിരുനെല്ലിഭഗവാന്റെ പൂവും പ്രസാദവുമായ്
മലയിറങ്ങിയോടിയെത്തും പൂനിലാവേ
പറയൂ നീ പാടുന്നതു പെരുമാളിൻ കഥകളോ?
നിൻ ദർശന നിർവൃതി തൻ ഗാഥകളോ?

പഞ്ചതീർത്ഥങ്ങളിൽ നീ സ്നാനം ചെയ്തുവോ?
പഞ്ചാക്ഷരം ജപിച്ചു വലം വെച്ചുവോ?
ശ്രീമഹാദേവനും ദേവിയും ചൊരിയുന്ന
കാരുണ്യഗംഗയിൽ ആറാടിയോ?

ലാസ്യവും താണ്ഡവവും അരങ്ങുണർത്തും നൃത്ത-
ലഹരിയിൽ നീ നിന്നെ മറന്നുവോ?
അതിരറ്റോരാനന്ദമൂർച്ഛയിൽ തിരുനെല്ലി
പെരുമാളും നൃത്തമാടി, നീ കണ്ടുവോ?

## മൂന്ന്

പുലരൊളിയിലിന്നലെ നിറമിഴികളോടെ ഞാൻ
തിരുനെല്ലിയിൽ തൊഴുതു നിൽക്കെ,
ആ തിരുനടയിൽ ഞാൻ തേങ്ങി നിൽക്കേ,
കുളിരണിത്തെന്നൽ പോലാരോ തഴുകുന്നു,
മൊഴിയുന്നു ഞാനില്ലേ ചാരേ?
അരികിൽ നീ മാത്രമാണന്നേരമെന്ന
പൊരുളറിയുന്നൂ ഞാൻ പെരുമാളേ...

പെരുകുന്നൊരഴലിന്റെയെരിതീയിലനുദിനം
കരിയുന്നൂ മോഹ ശലഭങ്ങൾ
ഇരുൾ വീണു കുറുകുന്നൂ വഴികളിൽ കാതിൽ
വന്നടിയുന്നു ഘോരാരവങ്ങൾ
അഭയമിവനെപ്പൊഴും നീ മാത്രമെന്ന
പൊരുളറിയുന്നൂ ഞാൻ പെരുമാളെ...

ഇനിയുമൊരു ജന്മമുണ്ടെങ്കിൽ അതും ബ്രഹ്മ-
ഗിരി നിരയിലാകുവാൻ മോഹം
അവിടെയൊരു പാഴ്മുളന്തണ്ടായ് പിറന്നു നിൻ-
വനമുരളിയാകുവാൻ മോഹം
മുരളിയായ് നിന്നെപ്പിരിയാതെ നിൻ ഗാന-
മകരന്ദമാകുവാൻ മോഹം. ■

## ചെമ്പൈ വേദിയിൽ
## ഒരു ഉണ്ണി, സദസ്സിലും

**ആ**നന്ദക്കണ്ണുനീരോടേ പിന്നെയും
ആരോമലുണ്ണി പറഞ്ഞാനേവം

നേരം പുലർന്നി, ല്ലതിന്നു മുൻപെത്രയോ
നേരത്തെ അമ്മ വിളിച്ചുണർത്തി,
നന്നായ്ക്കുളിപ്പിച്ചണിയിച്ചൊരുക്കീട്ട്
മഞ്ഞപ്പട്ടാട ഞൊറിഞ്ഞു ചാർത്തി.
കണ്ണെഴുതീട്ടെന്റെ നെറ്റിയിൽ ചന്തത്തിൽ
ചന്ദനത്തിൻ ഗോപിക്കുറി വരച്ചു
കവിളത്തൊരുമ്മ തന്നിട്ടമ്മ പറയുന്നു:
കണ്മണീ, വേഗമെൻ കൂടെ വായോ
പാവനമാം ചെമ്പൈ വേദിയിലിന്നു നീ
പാടേണ്ടതാണെന്നറിഞ്ഞുകൂടേ?
പെട്ടെന്നൊരുങ്ങി ഞാ,നന്നേരം ചുറ്റിലും
പാട്ടിന്റെ പാലാഴിയായിരുന്നൂ

ഉണ്ണി തുടരുന്നു വീണ്ടും, എൻ വിസ്മയം
വർണ്ണിക്കുവാനെനിക്കാവില്ലല്ലൊ!
ചേതോഹരമായ് വിളങ്ങീടുമാചെമ്പൈ
വേദിക്കരികെ ഞാൻ ചെന്നു നിൽക്കേ,
കേൾക്കുന്നതത്രയും സപ്തസ്വര രാഗ-
വിസ്താര വൈഭവമായിരുന്നൂ
പാഴ്മുളന്തണ്ടിൽ നിന്നുതിരുന്നതും കീർത്ത-
നാലാപനം മാത്രമായിരുന്നൂ
ആ സദസ്സാവട്ടെ,യലയടിച്ചുയരുന്ന
പാരാവാരം പോലെയായിരുന്നൂ

ഓരോ മനസ്സുമന്നേരം പാട്ടിന്റെ
തേൻകുടിച്ചാർക്കുകയായിരുന്നൂ

ചുറ്റിലും കുളിരിളം കാറ്റിലും മധുവൂറും
പാട്ടിന്റെ പെരുമഴയായിരുന്നൂ

ഒരു നോക്കു കണ്ടാലുടനേയടുത്തു
ചെന്നോമനിക്കാൻ തോന്നും നല്ലോരുണ്ണീ,
ചാരത്തുവന്നെന്നെത്തൊട്ടും തലോടിയും
ചോദിക്കുന്നൂ: പാടാൻ വന്നതാണോ?

ആണെന്നും അല്ലെന്നും പറയുവാനാവാതെ
നാണം കുണുങ്ങി ഞാൻ നോക്കി നിൽക്കേ
ആ മിടുക്കൻ വീണ്ടും ചോദിച്ചു. "ചങ്ങാതീ,
നീ ഇന്നു പാടുന്നതേതു പാട്ട്?

പാട്ടല്ല, നാരായണീയത്തിലെച്ചില-
പദ്യമാണെന്നേറെത്താഴ്മയോടെ
പറയേണ്ട താമസ, മെന്റെ തോഴൻ കാതിൽ
ചൊരിയുന്നു തേൻമൊഴിത്തുള്ളിപോലെ:

"കാളിയമർദ്ദനം പാടൂ, ഞാനതു-
കേൾക്കാൻ കൊതിക്കാറുണ്ടെല്ലായ്പോഴും!
തോട്ടത്തിൻ വായന കേട്ടിട്ടില്ലേ? എത്ര
കേട്ടാലും മതിയെന്നു തോന്നാറില്ല...!
സത്യം പറഞ്ഞാ,ലതു കേൾക്കെ പണ്ടത്തെ
നൃത്തരംഗങ്ങൾ ഞാൻ ഓർത്തുപോകും...!"

കാലേ നിരീച്ചതല്ലെങ്കിലും ഞാനന്ന്
കാളിയമർദ്ദനം പാടിയപ്പോൾ
ഒരു നോക്കു കണ്ടുഞാ, നാ സദസ്സിൽ എന്റെ
ഓമനത്തോഴനുണ്ടായിരുന്നു!
ആൾത്തിരക്കിൽ അവനെല്ലാം മറന്നുകൊ-
ണ്ടാർത്തു ചിരിക്കുന്നുണ്ടായിരുന്നൂ
മുടിയിലൊരു പീലിയുണ്ടായിരുന്നു, കൈയി-
ലോടക്കുഴലുമുണ്ടായിരുന്നൂ
കൂട്ടത്തിൽ താളം പിടിച്ചുകൊണ്ടെന്നുണ്ണി-
ക്കുട്ടനും പാടുന്നുണ്ടായിരുന്നൂ
പാമ്പിന്റെ പത്തിയിലെന്നപോലെ, അവൻ
ചന്തത്തിൽ നൃത്തമുതിർത്തിരുന്നൂ
നന്നായി, നന്നായിയെന്നവനിടയ്ക്കിടെ
എന്നെയും നോക്കി ചിരിച്ചിരുന്നു...! ■

# കൃഷ്ണാർപ്പണം

**എ**ല്ലാം കഴിഞ്ഞു; കഴിഞ്ഞെന്ന ഗദ്ഗദം
എന്നുള്ളിൽ മുങ്ങിത്താഴുന്നൂ
കുറുകുന്ന സന്ധ്യയിൽ തുളസിത്തറയിലെ-
ത്തിരിനാളം മൂകം വിതുമ്പുന്നൂ
ഇനിയൊന്നുമി, ല്ലാരുമില്ലെന്ന തേങ്ങലെ-
ന്നകമേ കിടന്നുരുകീടുന്നൂ
കെട്ടുപോയ് എന്നുൾക്കുളിരമ്പിളിയെന്ന-
ഞെട്ടലെന്നുള്ളിൽ പിടയ്ക്കുന്നൂ
അകലെ കനക്കുന്ന, നീളുന്ന നിഴലിലെൻ
മിഴികളറിയാതുടക്കുന്നൂ
കണ്ണീരു വറ്റാത്തൊരെന്നെയും കൂട്ടി ഞാ-
നെന്നിലെക്കാരാൽ മടങ്ങുന്നൂ
കുളിരാർന്നോരോണനിലാവൊളിപോൽ, മന്ദ്ര-
മധുരമാം താരാട്ടിന്നീണം പോൽ
തേവാരക്കെട്ടിൽ മുഴങ്ങുന്ന സാമത്തിൻ
ഓംകാരസാന്ദ്രമാം ശ്രുതിപോലെ
ഒരു വട്ടംകൂടിയെന്നാരും കൊതിക്കുന്നോ-
രരുമച്ചിരിയെന്നെ പുണരുന്നൂ
അവിചാരിതമാമീ ഗന്ധർവ സ്പർശത്തിൽ
അടിമുടി കോരിത്തരിക്കുന്നൂ
വഴിയുമാപ്പുഞ്ചിരി തിരുവുള്ളക്കാവിലെ
തിരുമധുരം പോൽ ഞാൻ നുണയുന്നൂ
തൽക്ഷണമെന്നെ മറന്നേൻ, എനിക്കെല്ലാം
കൃഷ്ണാർപ്പണമായിത്തോന്നുന്നൂ

* * *

ഓർമതൻ നീലക്കടമ്പുകൾ പൂക്കുന്ന
തീരത്തെപ്പഞ്ചാരപ്പൂഴി മണ്ണിൽ,

ഓരോ വിചാരവു, മോരോ വികാരവും
ഓടി നടന്നു കളിക്കുന്നൂ

നിൻവിരൽത്തുമ്പിൽ പിടിച്ചു നടന്നു ഞാൻ
മുന്നിലും പിന്നിലും നോക്കാതെ,
മറ്റൊരു കാലടി കാണാവഴിയിലും
തട്ടിത്തടഞ്ഞെങ്ങും വീഴാതെ
മുള്ളും മുരടുമുണ്ടെങ്കിലുമെൻ മേനി
മുട്ടിയും തട്ടിയും നോവാതെ
നിൻ നിഴൽ നോക്കി നടന്നേ, നെനിക്കോതി-
ത്തന്നൊരാ മന്ത്ര*വചസ്സോടെ!

* * *

മുന്നോട്ടു മുന്നോട്ടു പോകുന്നു പിന്നെയും
എങ്ങോ ചെന്നെത്തി ഞാൻ നിൽക്കുന്നൂ
നോക്കുന്ന നേരം പകയ്ക്കുന്നു; കൺമുന്നിൽ
നാൽക്കവലക്കൈ വിടരുന്നൂ
വഴിനാലും മാടി വിളിക്കുന്നു, നിഴൽ വീഴും
മിഴിയിലിരുട്ടു പരക്കുന്നൂ
പൂമഴപോലെ പൊഴിയുന്നു വർണങ്ങൾ,
രോമഹർഷപ്രദ നാദങ്ങൾ
കാണാത്ത വേഷങ്ങ, ളാട്ടങ്ങൾ, നോട്ടങ്ങൾ
ബോധേന്ദ്രിയങ്ങളിൽ മൂളുന്നൂ
പൈദാഹമേറുന്നു, ഞാനെന്നെത്തേടുന്നു,
മെയ് വിറയ്ക്കുന്നൂ, വിയർക്കുന്നൂ

* * *

അദ്ഭുതം: നീയോരിളം കാറ്റുപോലെ
വന്നെത്തുന്നിതെന്മുന്നിലന്നേരം!
നിഷ്കളങ്കത്വം തുളുമ്പും ചിരിയാലെ-
ന്നക്ഷരപ്പൂട്ടു തുറക്കുന്നൂ
അക്കൃഷ്ണമണിയിലെ വാത്സല്യവായ്പിന്റെ
നക്ഷത്രദീപങ്ങൾ തെളിയുന്നൂ

---

* അജ്ഞാനതിമിരാന്ധസ്യ
ജ്ഞാനാഞ്ജനശലാകയാ
ചക്ഷുരുന്മീലിതം യേന
തസ്മൈ ശ്രീ ഗുരവേ നമഃ

ചുറ്റും പരന്നൊഴുകീടുന്നൊരാ വെളി-
ച്ചത്തിൽ ഞാനെന്നെത്തിരയുന്നൂ
എൻ മനസ്സാകും സരസ്സിൽ സഹസ്രാര
പത്മദളങ്ങൾ വിടരുന്നൂ
ഗോകുലം താനെന്റെ ഭാവന; പീലിക്ക-
ണ്ണാലോലമാടിക്കളിക്കുന്നൂ
അന്നോളം കേൾക്കാത്ത രാഗങ്ങൾ പോലുമെൻ-
പൊന്മുളം തണ്ടിൽ തുളുമ്പുന്നു!

എന്നിട്ടു മേതു മറിയാത്ത മട്ടിൽ
നീയെന്മുന്നിൽനിന്നു ചിരിക്കുന്നൂ
'നന്നായ് വരട്ടെ'യെന്നോതും മിഴികളോ-
ടെൻ മുന്നിൽനിന്നു രസിക്കുന്നൂ
നശ്വരം ത്വദ്രൂപമെന്നെനിക്കിപ്പൊഴും
വിശ്വസിക്കാൻ കഴിവില്ലല്ലോ! ■

# വൈശാഖ വൈഭവം

ഏഴരവെളുപ്പിനു നിളയിൽ നീരാടി
അഴകെഴും മുടിയിൽ ദശപുഷ്പം ചൂടി
മണി വർണ്ണനാമെൻ ഓമനക്കണ്ണനെ
കണികാണാനെത്തുന്ന പുലരികളേ
കമനീയ വൈശാഖ പുലരികളേ
എന്നോടു ചൊല്ലാമോ? നിങ്ങൾ വരുന്നത്
എവിടെ നി,ന്നെവിടെ നിന്നാണ്?

ചന്ദനക്കാവിൽ നിന്നാണോ സാക്ഷാൽ
തുഞ്ചൻ പറമ്പിൽനിന്നാണോ?

ചെമ്പട്ടുടയാട ഞൊറിഞ്ഞും, സീമന്ത-
രേഖയിൽ സിന്ദൂരക്കുറി വരച്ചും
വാൽക്കണ്ണെഴുതിയും നെറ്റിയിൽ മംഗല്യ-
പ്പൊട്ടുതൊട്ടും വരും സന്ധ്യകളേ
അഴകേറും വൈശാഖ സന്ധ്യകളേ
എന്നോടു ചൊല്ലാമോ? കണ്ണനെ ഭജിക്കാൻ
ആരേ പഠിപ്പിച്ചു തന്നൂ?

കൂടല്ലൂർ തമ്പുരാനാണോ? സാക്ഷാൽ
വാഴകുന്നം തന്നെയാണോ?

നാരായണീയം ആലപിച്ചും സദാ
ഹരിനാമകീർത്തനത്തിൽ ലയിച്ചും
മണൽത്തരികൾ പോലും നാമം ജപിക്കുമീ-
മതിലകത്തിങ്ങനെ കൂടാൻ, മതി-
മറക്കും നിർവൃതി നേടാൻ
മറ്റൊരു ഇടമില്ലയെന്ന സനാതന-
സത്യം പറഞ്ഞതാരാണ്?

മഞ്ജുളയാണോ, കുറൂരമ്മയാണോ,
അമ്പലപ്രാവുകളാണോ?

മുൻപൊരു നാളിവിടെ വന്നതിൽപ്പിന്നെ
എന്തേ തിരിച്ചു പോകാഞ്ഞൂ?
ഇതുപോ, ലിതുപോലൊരു സുകൃതം വേറെ-
യില്ലെന്നെങ്ങനെ അറിഞ്ഞു? നിൻ-
അകമിഴിയെങ്ങനെ തുറന്നൂ?
എന്നോടു ചൊല്ലാമോ? ഈ പരമാർത്ഥം നീ
ആദ്യമായ് അറിഞ്ഞതെന്നാണ്?

കണ്ണനെ കണ്ടപ്പോഴാണോ, ഒരു നേരം
കാണാതിരുന്നപ്പോഴാണോ? ■

## ഭക്തന്റെ ഭാവന; ഭഗവാന്റെ രചന!

**മൂ**ത്തു പഴുത്ത പഴമ്പാട്ടു പോലെന്റെ
മുത്തശ്ശി പാടിത്തരാറുണ്ടല്ലോ
ഭക്തപ്രിയനാം ഗുരുവായൂരമ്പാടി-
ക്കുട്ടന്റെ കുസൃതിത്തരങ്ങളേവം.

പണ്ടൊരു ഭക്തൻ, മതിലകത്തൊറ്റയ്ക്കു-
കണ്ട നേരത്തു ചോദിച്ചുവത്രെ.
സത്യം പറയുകെൻ കണ്ണാ, നിനക്കേറെ-
യിഷ്ടം കുറൂരമ്മയോടാണോ?
ആൽത്തറയിലാരാത്രി, മിഴിനീർപ്പൂമാല
ചാർത്തിയ മഞ്ജുളയോടാണോ?
ഉള്ളു തുറന്നില്ല കണ്ണ, നതിനുത്തരം
കള്ളച്ചിരിമാത്രമായിരുന്നു!

നീന്തി നീരാടിക്കളിച്ചതു പോരെന്നു-
തോന്നിയതു കാളിന്ദിയാറ്റിലാണോ?
അല്ലല്ലനുരാഗവതിയായ യമുനാ-
കല്യാണി തൻ നിറമാറിലാണോ?
പ്രണയവിവശനായ് നിന്നതല്ലാതൊരു
പ്രത്യുത്തരം പറഞ്ഞില്ല കണ്ണൻ!

എന്നോടു സത്യം പറയുന്ന പതിവില്ല-
യെങ്കിലും ഞാനൊന്നു ചോദിച്ചോട്ടെ?
രാഗവിലോലനാം നിൻസഖി ഇന്നുമാ-
രാധയാണോ സത്യഭാമയാണോ?
നന്ദകുമാരന്റെ മറുപടിയതിന്നൊരു-
മന്ദസ്മിതം മാത്രമായിരുന്നു!

ആരെയാണെപ്പോഴുമോർമിച്ചിടുന്നു നീ
പാവം കുചേലനെയാണോ കണ്ണാ?
ഉത്തമനുദ്ധവനെയാണോ, നിൻ നിത്യ-
ഭക്തനാം അക്രൂരനെയാണോ?

ഒരു നിമിഷം: ആ മിഴി നിറഞ്ഞതല്ലാതൊരു
മറുപടിയതിന്നുമില്ലായിരുന്നു!

ഏതാണു കൂടുതൽ ഹൃദ്യം ജയദേവ-
ഗീതഗോവിന്ദമരന്ദമാണോ?
ആട്ടക്കഥയായി മാനവേദൻ നടയി-
ലർപ്പിച്ച കാവ്യനിവേദ്യമാണോ?
അതിനുള്ള മറുപടി വാക്കുകളില്ലാത്ത
ഒരു നറും പുഞ്ചിരിയായിരുന്നു!

ഭാഗവതത്തിൽ സ്വയം സമർപ്പിച്ചൊരാ-
വാഴകുന്നത്തിന്റെ വായനയോ
ഒരു കിളിപ്പാട്ടുകൊണ്ടമരനായ് മാറിയ
പുറയന്നൂരിൻ മുഗ്ദ്ധഭാവനയോ
ഏറെ പ്രിയങ്കരമെന്ന ചോദ്യത്തിന്റെ
നേരെയും കണ്ണൻ ചിരിച്ചേയുള്ളൂ

അതുപോലെയമ്പാടിയിൽപ്പണ്ടു തോഴിമാർ
അണിയിച്ചൊരുക്കിയ വേഷമാണോ,
കളഭത്താൽ മേൽശാന്തിമാരിപ്പോൾ ചാർത്തുന്ന
പല പല വേഷമോ ഏറെയിഷ്ടം?
ഒന്നും പറയാതെ,യിക്കിളിയായ പോൽ
കണ്ണനാമുണ്ണി ചിരിച്ചേയുള്ളൂ!

ഒരു സംശയം കൂടി: പൂന്താനപ്പാനയോ
നാരായണീയമോ ഏറെയിഷ്ടം?
ഉരിയാടിയില്ലൊരു വാക്കും! മറുപടി
ഒരു കള്ളപ്പുഞ്ചിരിയായിരുന്നു!
അഴകാർന്ന കവിളിൽ നുണക്കുഴിപ്പൂവുകൾ
വിരിയുന്നു; കണ്ണൻ ചിരിച്ചുകൊണ്ടേ-
പറയുന്നു മറ്റാരും അറിയേണ്ട, ഞാനൊരു
പരമാർത്ഥം ചൊല്ലാം സ്വകാര്യമായി-
നാരായണീയം കേൾക്കാതേയുണരുവാ-
നാവില്ലതെൻ നിത്യശീലമായി!
ഓരോ ദശകവും കേൾക്കുന്ന മാത്രയിൽ
ഓർക്കും ഞാൻ പണ്ടത്തെയാരംഗങ്ങൾ,
പാവ,മെൻ പട്ടേരിയാകുലചിത്തനായ്
അവശനായ് വാതിൽമാടത്തിലെത്തി
എന്നെ വായിച്ചു കേൾപ്പിക്കുന്ന മാതിരി
എന്നും എഴുതുകയായിരുന്നൂ!

ഇന്നതോർക്കുമ്പോൾ, പലപ്പോഴുമറിയാതെൻ-
കണ്ണുനിറഞ്ഞു തുളുമ്പിടുന്നൂ
പറയട്ടെ കാരണം: അന്നാക്കൃതി ഞങ്ങൾ
ഒരുമിച്ചെഴുതുകയായിരുന്നൂ ■

# ഓമനക്കണ്ണനും ഓണപ്പാട്ടും

മൂന്നും കൂട്ടി മുറുക്കിക്കൊ,ണ്ടുമ്മറ-
ത്തൂണും ചാരിയിരുന്നുകൊണ്ടും
മറ്റാരും കേൾക്കാനില്ലെങ്കിലും, ഈണത്തിൽ
'മുക്കുറ്റീ തിരുതാളി' മൂളിക്കൊണ്ടും
പൊയ്പ്പോയ നാളുകൾ മുറ്റത്തൊരുക്കിയ
പൂക്കളം ഓർത്തു രസിച്ചുകൊണ്ടും
പാവമെൻ മുത്തശ്ശിയാരോടെന്നില്ലാതെ
പറയാറുള്ളത് നേരാണ്:
"തിരുവോണം കൊണ്ടാടുന്നുണ്ടെങ്കിലെന്നുടെ
ഗുരുവായൂരപ്പന്റെ കൂടെ വേണം."
പാവമീമുത്തശ്ശി പണ്ടു പലപ്പോഴും
പാടാറുണ്ടൊരു ഓണപ്പാട്ട്.
പെപ്പേ പെപ്പരപ്പേയെന്നു കർക്കിട-
പ്പേമാരി പെയ്തുപെയ്തകലുമ്പോൾ
പുനിലാക്കതിരൊളി തേച്ചുമിനുക്കിയ
പൂമാനം മെല്ലെ തെളിയുമ്പോൾ
ഒക്കത്തു പാൽക്കുടമേന്തിയ തുമ്പകൾ
പൊട്ടിച്ചിരിക്കാൻ തുടങ്ങുമ്പോൾ,
മുക്കിലും മൂലേലും മുക്കുറ്റിപ്പെൺകൊടി
മുത്തുക്കുടചൂടിയെത്തുമ്പോൾ,
വാലിട്ടു കണ്ണെഴുതി കണ്ണാന്തളിപ്പൂക്കൾ
വേലിപ്പടർപ്പിൽ നിരക്കുമ്പോൾ
ഓണം തിരുവോണം പടികടന്നെത്തിയെ-
ന്നോരോ മനസ്സും ചിരിക്കുന്നൂ
അന്നേരം തോന്നും നമുക്കെല്ലാം ഗുരുവായൂർ-
ക്കിന്നേ പോകണമെന്നുണ്ണീ!
പാവമെൻ മുത്തശ്ശിയാരോടെന്നില്ലാതെ
പാടാറുണ്ടല്ലോ പഴമ്പാട്ട്:
ഗുരുവായൂരിൽച്ചെന്നു നോക്കിയാലറിയാം
തിരുവോണക്കാലം വരവായി;

ഉത്രാടപ്പുലരികൾ കുലവയ്ക്കാൻ കാട്ടുന്നോ-
രുത്സാഹം മറ്റെങ്ങും കാണില്ല
കാഴ്ചക്കുലകൾക്കിടയിൽ കളിക്കുന്ന
കണ്ണനെ കണ്ടാൽ മതിവരില്ല
അരികത്തു ചെന്നും തഴുകിത്തലോടിയും
ഓരോ വിശേഷം ചോദിച്ചും
ഓരോരോ ആനയ്ക്കും മൂത്ത പഴക്കുല
നേരിട്ടു കണ്ണൻകൊടുക്കൂലോ
നൽക്കുലയർപ്പിക്കും ഭക്തന്മാരിൽ കണ്ണൻ
വാത്സല്യം വാരിച്ചൊരിയുമല്ലോ
പിന്നെയും പാടും പഴങ്കണ്ണിലിപ്പൊഴും
മിന്നി മറയുന്ന രംഗങ്ങൾ
കണ്ണനു ചാർത്തുവാൻ തിരുവോണപ്പുലരികൾ
സ്വർണ്ണത്തിരുടാട നെയ്യൂലോ
തരുണാരുണ കിരണാവലി വനമാലിക്കഴകോടെ
തളവള കിങ്ങിണി ചാർത്തൂലോ
ഉണ്ണിക്കൊന്നാടാനും പാടാനും തേൻമാവൊ-
രൂഞ്ഞാലിട്ടുകൊടുക്കൂലോ
ഓരോന്നും കാണുമ്പോൾ കണ്ണന്റെ ഗോപികാ-
ഗോപന്മാരായ് നമ്മൾ മാറൂലോ
അന്നേരം 'ഇത്രയും പോരേ"-യെന്നോതി
അമ്പാട്ടുണ്ണി ചിരിക്കൂലോ...!
ആൾത്തിരക്കേറുമ്പോൾ, ദൂരത്തുനിന്നൊന്നു-
തൊഴുതുമടങ്ങാൻ തുടങ്ങുമ്പോൾ
"അരുതേ, പോകരു,തരികേ വരികെ"ന്നു-
ചിരിതൂകി കണ്ണൻ വിളിക്കൂലോ
ഒരു കള്ള നോട്ടത്താൽ നമ്മുടെ കൈകളിൽ
ഓണപ്പുടവകൾ നൽകൂലോ
അന്നേരം ഓടിച്ചെന്നോമനക്കണ്ണനൊ-
രുമ്മ കൊടുക്കാൻ തോന്നൂലോ! ■

# നെയ്യപ്പം നല്ലപ്പം

**കോ**ടക്കാർവർണ്ണനൊരു ദിനം തൻ കളി-
ത്തോഴന്മാരെക്കൂടെ കൂട്ടിക്കൊണ്ടും
കൊതിയേറും കൂട്ടുകാർക്കൊക്കെയും നറുനെയ്യി-
ലുരുളയുരുട്ടിക്കൊടുത്തുകൊണ്ടും
പാഴ്മുളന്തണ്ടാണു കണ്ടാ, ലെന്നാലതിൽ
പാട്ടിന്റെ പാലാഴി തീർത്തുകൊണ്ടും
ആളുന്ന പൊരിവെയിൽ പൂനിലാവാണെന്ന
പോലെ കേളികളാടിടുമ്പോൾ
നാണം കുണുങ്ങിപ്പറയുന്നു: "തോഴരേ
നാളെയാണെന്റെ പിറന്നാള്
ഗുരുവായൂരമ്പല മതിലകം നാമൊരു
ഗോകുലമാക്കി മാറ്റുന്ന നാള്,
കുന്നോളം നെയ്യപ്പം കാണണമെങ്കിൽലെൻ-
കൂട്ടരേ വന്നോളൂ ഗുരുവായൂരിൽ!
അപ്പുറ, മിപ്പുറം, വാതിൽ മാടത്തിലും
അപ്പം വാർക്കുന്ന തിരക്കു കാണാം
ആളുന്ന തീയിൽ എരിയും നറുനെയ്യിൽ
അപ്പം വേവുന്ന മണം നുകരാം
അത്രമേ,ലിഷ്ടമെനിക്കാ മണം, പേർത്തു-
മെത്ര നുകർന്നാലും മതിവരില്ല!
അത്താഴപ്പൂജ കഴിഞ്ഞാലുടൻ നിങ്ങൾ-
ക്കപ്പം തരാം ഞാൻ മതിയാവോളം!
വായിൽത്തരാം, പിന്നെ കൈയിൽത്തരാം, കുറെ
വാരിവാരിത്തരാം മൺകലത്തിൽ!
എൻ കളിത്തോഴിമാർ,ക്കാരും അറിയാതെ
കൊണ്ടുപോകാൻ തരാം വേണ്ടുവോളം

ഒപ്പം കളിക്കുന്ന തോഴരോടിങ്ങനെ
അപ്പത്തിൻ മാഹാത്മ്യം പാടിടുമ്പോൾ,

ഗുരുവായൂരോമനക്കണ്ണനാമുണ്ണിയോ-
ടൊരു നാൾ യശോദമ്മ ചോദിച്ചു:
“നാളെയാണഷ്ടമിരോഹിണി, നിൻ പിറ-
ന്നാളാണ്, ഘോഷമാണെന്നാലും
എന്നുണ്ണിക്കുട്ടാ നിൻ കുമ്പ നിറയ്ക്കുവാൻ
എന്തിനാണിത്രയും നെയ്യപ്പം?
കൺമുന്നിൽ നെയ്യപ്പക്കൂമ്പാരം കണ്ടാലെൻ
ഉണ്ണി നീ നിന്നെ മറക്കുമല്ലോ!
മറ്റുള്ളോർ കാണുന്നുണ്ടെന്നൊന്നും നോക്കാതെ
ഓർക്കാതെ വാരിയെടുക്കുമല്ലോ!
ഇമ്മട്ടിലപ്പം കഴിക്കയാലേ വല്ല
ദെണ്ണവും വന്നാൽ ഞാനെന്തുചെയ്യും?”

പാവമാണെന്നമ്മ പേടിച്ചു പോയെന്ന
ഭാവത്തിൽ കണ്ണൻ ചിരിച്ചു,ചൊല്ലി:
“അമ്മേ, യെനിക്കു മടുത്തു നെയ്യപ്പമെ-
ന്നെന്നെങ്കിലും ഞാൻ പറഞ്ഞിട്ടുണ്ടോ?
ഉണ്ണിക്കു നെയ്യപ്പം തന്നിട്ടും തന്നിട്ടും
അമ്മയ്ക്കു മതിയെന്നു തോന്നീട്ടുണ്ടോ?
ചാരത്തും ദൂരത്തും നിൽക്കുന്നവർക്കപ്പം
വാരിക്കൊടുക്കലാണെന്റെ ശീലം,
നേദിച്ചോരപ്പമേ വേണ്ടൂയെനിക്കെന്നു-
മോഹിക്കും ഭക്തർക്കും നൽകിടേണ്ടേ?
ആരോമലുണ്ണീ, യെനിക്കപ്പം കിട്ടീലെ-
ന്നാരും പറയുവാൻ പാടില്ലമ്മേ...!” ■

## നിധി ഈ സന്നിധി തന്നെ!

“മക്കളേ, ശ്രദ്ധിച്ചു കേട്ടോളിൻ...” എന്നോതി
മുത്തശ്ശി പിന്നെയും പാടുന്നു:

“അൻപെഴും അമ്പാടിക്കണ്ണനാമുണ്ണിതൻ–
മുൻപിൽ കൈകൂപ്പി നിൽക്കുമ്പോൾ
മറ്റൊരു ചിന്തയും പാടില്ല, ചിത്തത്തിൽ
പ്രാർത്ഥന മാത്രമേയാകാവൂ!
പ്രാർത്ഥിച്ചു നിന്നാലും പോരാ, ഒട്ടും
പതറാത്ത ശ്രദ്ധയുണ്ടാവേണം
ആ ശ്രദ്ധയുണ്ടാവാൻ വേണ്ടതെന്താണെന്നോ
അകതാരിൽ കതിരിടും ഭക്തി തന്നെ...”

ഒന്നൊന്നായ് മുത്തശ്ശി ചൊല്ലിക്കൊടുക്കുമ്പോൾ
ഉണ്ണിക്കിടാങ്ങൾക്കും ഉത്സാഹം!
എന്നും പഴങ്കഥ നുണയാൻ ഏതൊരു
കുഞ്ഞിനുമുണ്ടാവുമല്ലോ മോഹം.

തൊണ്ണുകാട്ടി, ചിരി തൂകിക്കൊണ്ടങ്ങനെ
മുത്തശ്ശി വീണ്ടും പാടുന്നു:

“അതു വേണം, ഇതു വേണം എന്നൊന്നും നമ്മളാ–
നടയിൽ തൊഴുമ്പോൾ പറയേണ്ട,
ആധികൾ, വ്യാധികൾ മാറ്റിത്തരേണമെ–
ന്നാരും തേങ്ങിക്കരയേണ്ട!
പൊന്നില്ല പണമില്ല, ഉറ്റോരി,ല്ലുടയോരി–
ല്ലെന്നും കണ്ണീരൊഴുക്കേണ്ട.

“അരുമക്കിടാങ്ങളേ, മുത്തശ്ശിയിങ്ങനെ
പറയുവാൻ കാരണമെന്തെന്നോ?

എല്ലാ,മെല്ലാം അറിയും പരംപൊരു–
ളല്ലോ നമ്മുടെ കണ്ണനുണ്ണി!”

വെണ്ണമണക്കുമാ വാക്കുകൾ കേട്ടപ്പോൾ
ഉണ്ണികൾക്കുള്ളിലൊരാനന്ദം!
"പ്രാർത്ഥനയെങ്ങനെ വേണം? അതുകൂടി
മുത്തശ്ശി തന്നെ പറഞ്ഞാട്ടെ."

"നിത്യവും ആ വനമാലിയോടെൻ മക്കൾ
ഇത്രയും പ്രാർത്ഥിച്ചാൽ മതിയല്ലോ:
എന്നുണ്ണിക്കണ്ണാ നീ മാറ്റിത്തരേണമേ
എന്റെ മനസ്സിലെ മാലിന്യം.
എന്നുള്ളിലെപ്പോഴും മിന്നിത്തിളങ്ങണം
നിന്നുടെയനുപമ ചൈതന്യം,
ഒരു മാത്രപോലും വൈകാതെ,യെന്നിലേ-
ക്കൊഴുകണം മുത്തേ! നിൻ കാരുണ്യം!
അവിടുത്തെ സന്നിധിയുള്ളപ്പോൾ എന്തിനാ-
ണടിയങ്ങൾക്കൊരു നിധി വേറെ?" ■

## അമ്പട ഞാനേ!

**എ**നിക്കൊരൊറ്റക്കണ്ണേയുള്ളൂ
എന്നാലും ഞാൻ ഇടയ്ക്കിടയ്ക്ക്
കണ്ണും പിടിയും കാട്ടി, മറ്റുള്ളവരെ വിരട്ടി
കണ്ടതു കണ്ടില്ലെന്നു നടിച്ച് കടന്നുപോകുന്നൂ
കാണാത്തതു കണ്ടെന്നു നിനച്ച് നടന്നുപോകുന്നൂ

അതെന്തിനെന്നോ? ചുറ്റും നിൽക്കും
അന്ധന്മാരുടെ കാക്കക്കണ്ണെ-
നിക്കു പറ്റാതിരിക്കുവാനും ഏറെ-
ക്കണ്ണുള്ളവരെ പറ്റിക്കുവാനും!

എനിക്കൊരൊറ്റപ്പല്ലേയുള്ളൂ
എന്നിട്ടും ഞാൻ ഇടയ്ക്കിടയ്ക്ക് കടിപിടി കൂടുന്നു,
പലരെ കടിച്ചുകീറുന്നൂ
ചിലരെ കടിച്ചു തിന്നുന്നൂ

അതെന്തിനെന്നോ? മറ്റെല്ലാർക്കും
വായിൽ നിറയെ, നിരപ്പെ രാവീട്ടറ്റം കൂർപ്പി-
ച്ചൊരുക്കിനിർത്തിയ പല്ലുകളല്ലോ, അവരെന്നെ
കാണും മുൻപേ ഞാനവരെ
കടിച്ചു കീറണമല്ലോ!

എനിക്കൊരൊറ്റക്കൈയേയുള്ളൂ
എന്നാലും ഞാൻ ഇടയ്ക്കിടയ്ക്ക് കൂട്ടാളികളുടെ
കളരികളിൽച്ചെന്നെത്തും, പലതര-
മടവുകൾ കാട്ടും കൈയാങ്കളിയിൽ മികവുകൾ നീട്ടും

അതെന്തിനെന്നോ? എന്നുടെ ചുറ്റും
നിരന്നുനിൽപ്പവർ മാനത്തോളം കൈകളുയർത്തി
പലപല ഘോരകഠോര പദങ്ങൾ നിരത്തി
കലമ്പിടുമ്പോൾ എൻ കൈ ഇടതെന്നോ,
വലതെന്നോ മറ്റാരും അറിയരുതല്ലോ!

എനിക്കൊരൊറ്റക്കാലേയുള്ളൂ
എന്നാലും ഞാൻ കൂട്ടാളികളോടൊപ്പം ഓടുന്നൂ
നാലക്ഷരമോതിത്തന്ന ഗുരുക്കന്മാരെ-
കാലുമടക്കിത്തൊഴിച്ചിടുന്നൂ, തഞ്ചം നോക്കി കാലു മാറുന്നൂ

അതെന്തിനെന്നോ? എന്നുടെ ചുറ്റും
നിരന്നുനിൽപ്പോർക്കൊക്കെയുമുണ്ടൊരു
അഡീഷണൽ കാൽ! അതുകൊണ്ടാണവർ

അഹർന്നിശം കളി നയിച്ചിടുന്നൂ ധർമ്മാധർമ്മവിചാരം
ഒരുപിടി ചാരം
ഞാനും അവരിലൊരാളാകണമല്ലോ! ■

## നാരായണ നാമ മഹത്വം

**നാ**രായണ ഹരി നാരായണ ജയ
നാരായണ എന്ന നാമം
സത്യം സനാതനം നൂനം അനുപമം
നിത്യവും ഭക്ത്യാ ജപിക്ക നമ്മൾ!
പാപവിനാശനം പാവനം ശ്രീഹരി-
നാരായണയെന്ന നാമം
ഭവഭയ ദുഃഖവിമോചനം മോഹനം
നാരായണയെന്ന നാമം!
ചിത്തത്തിനാനന്ദ മകരന്ദമീ നാമം
എപ്പോഴും നാവിൽ തുളുമ്പിടേണം
മതിയെന്നൊരിക്കലും തോന്നാത്ത മട്ടിലെൻ-
കാതിലെപ്പോഴും മുഴങ്ങിടേണം.
നവകിശോര, തവ നാമങ്ങളായിരം
നന്നായ് ജപിക്കുവാൻ ത്രാണിവേണം
ഒട്ടും പിഴയ്ക്കാതെ, വിട്ടുപോകാതെയും
ഒന്നൊന്നായങ്ങനെ തോന്നീടേണം!
മതിമറന്നങ്ങനെ നാമം ജപിക്കുമ്പോൾ
അരികത്തു നീ വന്നു നിന്നിടേണം
ഓരോ മനസ്സുമൊരു തിരുവരങ്ങാക്കി നീ
ഓടിക്കളിച്ചാടിപ്പാടിടേണം!
ഓടക്കുഴൽ വിളി കേൾക്ക വേണം
അതുമാത്രം പോരാ ഓമനിക്കാൻ ഞങ്ങൾ-
ക്കൊരു മയിൽപ്പീലി നീ തന്നിടേണം!
തിരുവാകച്ചാർത്തിന്റെ തീർത്ഥവും അഴകോടെ
മണിമാറിൽച്ചാർത്തിയ ചന്ദനവും
പരിമളം വഴിയുന്ന കളഭവും, ചൂടിയ
തിരുമുടി മാലയും തന്നിടേണം
സന്താപമേറുമ്പോൾ കണ്ണാ നിൻ പുഞ്ചിരി
അമ്പിളിക്കുളിരായി തോന്നീടേണം

ദുരിതത്തിന്നെരിതീയിൽ പിടയുമ്പോൾ നിൻ കൃപ
പുതുമഴപോലുടൻ പെയ്തീടേണം
കേശവപ്പൈതലിൻ അഴകേറും ശ്യാമള-
കോമള വിഗ്രഹം കാണാകേണം
കേശാദിപാദവും കാണാകേണം
തൃപ്പാദാദി കേശവും കാണാകേണം! ■

## നേരത്തേ പൂത്ത കണിക്കൊന്ന

**പാ**ടവരമ്പത്ത് ആദ്യമായ് പൂവിട്ട
പാവം കണിക്കൊന്ന നാണിക്കുന്നൂ
ഒട്ടും കാണാനില്ല ചില്ലകൾ, ഇലകളും
അത്രമേൽ അടിമുടി പൂക്കൾ തന്നെ!

പ്രായവുമായി,ല്ലതിനുമുൻപാരിത്ര
മെയ്യലങ്കാരങ്ങൾ വാരിത്തൂകി?
കാറ്റിന്റെ കൈകളിൽ ഇക്കിളി കൊള്ളുന്ന
കന്യയെപ്പോലെയുണ്ടായിരുന്നൂ
കണ്ടവർ കണ്ടവർ നോക്കി നിന്നൂ ചിലർ
രണ്ടാലൊന്നറിയുവാൻ കാത്തുനിന്നൂ

അന്നേരമതുവഴി വന്നവരാ കണി–
ക്കൊന്നയോടിങ്ങനെ ചോദിക്കുന്നൂ
മേടം പിറന്നില്ലതിന് മുമ്പിത്രയാർ–
ഭാടം – ഇതെന്താണിതിൻ രഹസ്യം?

ഇത്രയും നേരത്തെ പൂത്തുലഞ്ഞാൽ വിഷു
വെത്തുമ്പോൾ തോഴീ നീ എന്തുചെയ്യും?
പുതുമയിൽ കണിയൊരുക്കീടും മുൻപേ നിന്റെ
പൂവായ പൂവ്വൊക്കെ തീരുകില്ലേ?

ഒട്ടും കരുതിവെക്കാതെ നിൻ സൗഭാഗ്യം
ധൂർത്തടിച്ചെന്ന് പഴിക്കുകില്ലേ?
കണികാണാൻ കൺമുന്നിൽ കണ്ടില്ലെങ്കിൽ നിന്റെ
കാറൊളിവർണ്ണൻ പിണങ്ങുകില്ലേ?

ചോദ്യങ്ങൾ മേലാകെ കുത്തിത്തറച്ചിട്ടും
ഒട്ടും ചൊടിച്ചില്ല കൊന്നത്തയ്യ്!
മാത്രമ,ല്ലൊട്ടൊരു മലർമന്ദഹാസത്തോ–
ടുത്തരം പോലെ പറഞ്ഞാളേവം...

സത്യം മനസ്സിലാക്കാതെയിന്നീവിധം
കുറ്റം പറകയോ കഷ്ടമല്ലേ?
എത്രയോ നാളായ് തപസ്സിരിക്കുന്നു ഞാൻ
ഉറ്റവ,രുടയവരാരുമെന്യേ?
നാല്പത്തിയൊന്ന് ദിവസമെൻ കണ്ണന്
നൽക്കണി കാണാൻ വിടർന്നിടുന്നൂ
ആളുകളെന്തുപറഞ്ഞാലുമായതൻ –
അമ്മതൻ പ്രാർത്ഥനയായിരുന്നൂ
ഇന്നും മണിവർണ്ണൻ എന്നരികത്തെത്തി
നിന്നു കവിളിൽ തഴുകിയല്ലോ?
എത്ര നേരത്തേയുണർന്നു വിടർന്നാലും
രാപകൽ കാറ്റിൽ കുളിച്ചുനിന്നാലുമി-
ല്ലാലസ്യം! എന്നുണ്ണി കണ്ണനാമുണ്ണിക്ക്
കൺനിറയെ കാണുവാൻ വേണ്ടിയല്ലോ!
ഒരുപിടി പൊന്നണി പൂക്കളാൽ കൊന്നയ്ക്ക്
മാറുമറയ്ക്കാനും പാടില്ലെന്നോ?
ഏതോ വിഷുപ്പക്ഷി ഇത്തിരിനേരത്തേ-
പാടിയാലായതും തെറ്റാണെന്നോ?
മീനച്ചൂടിന്റെ കാഠിന്യത്തിലും കൊന്ന
മൊട്ടിടാൻ പാടി,ല്ലിതെന്ത് ഞായം?

കാലം മറന്ന കളിയാണോ ധൂർത്താണോ?
കേവലം എന്നഹങ്കാരമാണോ?
ഇന്ന് ഞാൻ സത്യം അറിയുന്നു; മറ്റൊരു
കൊന്നയ്ക്കുമുണ്ടായിട്ടില്ലീ ഭാഗ്യം! ■